# *ആധുനികത സാഹിത്യത്തിൽ

*പി. വി. ഹമീദ്', I-B.A.*

ചലനാത്മകമായ ജീവിതത്തിന്റെ ഊടും പാവുമായിണങ്ങിച്ചേർന്ന സാഹിത്യവും നിശ്ചലമല്ല. കാലഘട്ടത്തിന്റെ അനിരുദ്ധമായ ഒഴുക്ക് സൃഷ്ടിക്കുന്ന അലയടികൾ പ്രതിധ്വനിക്കുന്നത് സമകാലീനസാഹിത്യത്തിൽത്തന്നെ. വിരുദ്ധചിന്താഗതിയെ പ്രതിനിധാനംചെയ്യുന്ന ലിഖിതകാരൻ ചിത്രീകരിക്കുന്നത് ജീവിതത്തിന്റെ സ്പന്ദിക്കുന്ന മൂർത്തഭാവങ്ങളെയാണ്. സ്വഭാവത്തിന്റെകൂടി പ്രതിഫലനമായ വീക്ഷണത്തിലെ മൗലികമായ വൈജാത്യം തന്റെ കൃതികളിൽ നിഴലിക്കുന്നു. അപ്പോൾ സ്വാഭാവികമായും അസാംഗത്യം സൃഷ്ടിയുടെ ഐക്യരൂപ്യത്തിലത്രെ. പുത്തൻ ഗ്രന്ഥങ്ങൾ "ഖസാക്കിന്റെ ഇതിഹാസം"വരെ വളർന്ന് നില്ക്കുന്ന മലയാള സാഹിത്യ"ത്തിലും കണ്ടുതുടങ്ങിയിരിക്കുന്നു. സമൂഹത്തിന്റെ മനോഭാവത്തിൽനിന്നും വ്യതിരിക്തനല്ലാത്ത വ്യക്തിയുടെ ജീവിതവീക്ഷണമാണല്ലോ സാമൂഹ്യപശ്ചാത്തലത്തിലേക്ക് [illegible] പ്രതിഫലിക്കുന്നത്.

സാഹിത്യം ജീവിതത്തിന്റെ മുകൾത്തട്ടിൽ 'ഡൺലപ്പ്'' ബെഡ്ഡുകളിൽ കിടക്കുന്നവർക്ക് മാത്രമായിരുന്ന ഒരു കാലമുണ്ടായിരുന്നു. (ആത്മാർത്ഥതയും–ഉദ്ദേശശുദ്ധിയും ചോദ്യംചെയ്യപ്പെട്ടെങ്കിലും.) ഒരിക്കൽ മാർക്സിയൻതത്വശാസ്ത്രം എഴുത്തുകാരനെ സ്വാധീനിച്ചു. ഒരുവേള ജന്മി–മുതലാളിത്വത്തിന്റെ വൈതാളികരെ അപഹസിക്കാൻ, ബൂർഷ്വാപ്രത്യയശാസ്ത്രത്തിന്റെ പതാകാവാഹകരെ അപവദിക്കാൻ സമയം കണ്ടെത്തിയപ്പോൾ സാഹിത്യമൂല്യം കണ്ടില്ലായിരിക്കാം. പിന്നീട് അസ്വസ്ഥജനതയുടെ ശബ്ദം ബഹിർഗമിച്ചത് "പുരോഗമനസാഹിത്യപ്രസ്ഥാന"ത്തിന്റെ വക്താക്കളിലൂടെയായിരുന്നു. ചങ്ങമ്പുഴ മുതൽ തുടങ്ങി മോഹഭംഗസാഹിത്യത്തിന്റെ ആവിർഭാവം പുറപ്പാടിന്റെ നൈരാശ്യത്തിലും ഉൾക്കൊണ്ട് തന്റെതന്നെ മാളത്തിൽ പതിതാഴ്ന്ന ആധുനികപ്രവണത ചങ്ങമ്പുഴക്കുമുണ്ടായിരുന്നു. ഇന്നദ്ദേഹം ഉണ്ടായിരുന്നുവെങ്കിൽ

അത്യാധുനികതത്തിന്റെ ശക്തനായ വക്താവാകമായിരുന്നു. മോഹഭംഗവും അന്തർമുഖത്വവും അത്യാധുനികതത്തിന്റെ മുഖമുദ്രകളാണെങ്കിലും ഇന്നലെകളുടെ ചുമരെഴുത്തുകൾ തിരുത്തിയെഴുതുമ്പോൾ എതിർപ്പുകളുയരുന്നു. ആവർത്തനസ്വഭാവമുള്ള ചരിത്രത്തിന്റെ സവിശേഷതയാവാം.

സമൂഹത്തെക്കുറിച്ച് ബോധവാനായ എഴുത്തുകാരന്റെ കൃതികളിൽ ആശാഭംഗങ്ങളുടെ, ലക്ഷ്യശൂന്യതയുടെ, വിശ്വാസരാഹിത്യത്തിന്റെ, വൈരാഗ്യബോധത്തിന്റെ നിഴലുകൾ വീഴും. കാരണം സാഹിത്യത്തിന്റെ വിഷയം ജീവിതമാണ്; സമൂഹമാണ്. പൊതുജീവിതത്തിന്റെ മൂല്യത്തകർച്ച ശക്തമായും, തീക്ഷ്ണമായും അനുഭവിക്കേണ്ടിവരുന്ന [illegible], വ്യവസ്ഥിതിയെ തെറ്റിയ കവികളെപ്പോലെ ശബ്ദമയമായ ജനജീവിതത്തിന്റെ തെരുവിലൂടെ മനസ്സിലാക്കേണ്ടതുണ്ട്. ആധുനിക മലയാള [illegible] ഒ. വി. [illegible] ഉണ്ണിയെ പരിചയപ്പെടുത്തുന്നു. "ചിരകാലമായി മനുഷ്യാത്മാവിന് കുളിർമയേകിയ മതവിശ്വാസങ്ങളുടെ മറയാത്ത [illegible] ഇല്ലാത്ത ഒരു ലോകത്തിലാണവൻ ജീവിക്കുന്നത്. സംസ്കാരവും സാഹോദര്യവും സ്വപ്നം കണ്ടുകൊണ്ട് ചക്രവാളത്തെ ലക്ഷ്യമാക്കി നടക്കുന്നതിനിടയിൽ രണ്ട് ലോകമഹായുദ്ധങ്ങളുടെ പൈശാചികമായ ഭീകരതകൾ തൊട്ടുകൂടി അവന് കാണേണ്ടിവന്നു. ആത്യന്തികമായിതന്നെ പരിരക്ഷിക്കുമെന്ന് വിശ്വസിച്ച് താലോലിച്ച് വളർത്തിയ പല പ്രതീക്ഷകളും ദയനീയമായി തകർന്നൊഴിഞ്ഞു വീഴുന്നത് അവന് കാണേണ്ടിവന്നു. ചുരുക്കത്തിൽ ആധുനികജീവിതമെന്ന് പറയുന്നത് ഒരു ധർമ്മസങ്കടമാണ്. വിശ്വാസത്തകർച്ചയും, ലക്ഷ്യശൂന്യതയും, മോഹഭംഗങ്ങളും കെട്ടുപിണഞ്ഞുകിടക്കുന്ന ഈ ധർമ്മസങ്കടം ആഗോളവ്യാപിയാണ്." നിരാശയും, വിലാസിനിയും ജീവിതത്തിന്റെ അസ്വാതന്ത്ര്യബോധകമായ ഒരു സമൂഹത്തിൽ ആവിഷ്കൃതമായ ദുഷ്ഫലങ്ങൾ കാണുന്നുവെങ്കിൽ കുററം വ്യക്തിയുടേതല്ല; സമൂഹത്തിന്റേതാണ്. പശ്ചാത്തലമാണല്ലോ ചിത്രത്തിന് മിഴിവ് നല്കുന്നത്. അപ്പത്തിനുവേണ്ടി അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായി ചാരിത്ര്യംപോലും വിൽക്കാൻ തയ്യാറുള്ള ഒരു ജനത നെട്ടോട്ടമിടുമ്പോൾ, പൊതുകമ്പോളത്തിൽ വിലയിടിവ് നേരിടുമെന്ന് കരുതി ഭക്ഷ്യധാന്യങ്ങൾ സമുദ്രത്തിന്റെ വിരിമാറിലൊഴുക്കുകയാണ് സമ്പന്നരാഷ്ട്രത്തിലെ 'ബിസിനസ്സ്ടിക്' അംഗീകൃത സർക്കാർ. ഇവിടെ നാം കാലഘട്ടത്തിന്റെ മൂല്യത്തകർച്ചകാണുന്നു. സങ്കുചിതത്വത്തിന്റെ വേലിക്കെട്ടുകളിൽ കുടുങ്ങിയിരിക്കുന്ന ആധുനിക മനുഷ്യൻ തന്റെ സഹജീവിയോട് അനുവർത്തിക്കുന്നതും ഈ നയംതന്നെ. ഈ സ്നേഹശൂന്യത എഴുത്തുകാരനെ വേദനിപ്പിക്കുന്നു. അവനും ഈ സമൂഹത്തിലെ വ്യക്തിയാണ്. "എന്തോട്ട് സത്യം പറയാൻ പറയുന്നത്—എന്നെ ചൂഷണം ചെയ്യാനാകുമ്പോൾ സത്യത്തിന്റെ വിലയിടിയുന്നു." ആധുനികസാഹിത്യകാരൻ ഈ ചുറ്റുപാടുകൾ തികച്ചും മനസ്സിലാക്കിയിരിക്കുന്നു.

സങ്കീർണ്ണതയും ദുർഗ്രാഹ്യതയും ആധുനികസാഹിത്യത്തിന്റെ ശാപങ്ങളെന്ന് പറഞ്ഞ് ആക്ഷേപിക്കപ്പെടുന്നു. പുതിയ സങ്കേതങ്ങളെക്കുറിച്ചുള്ള അപക്വമായ അറിവ് ദുർഗ്രഹതക്ക് ആഴം കൂട്ടുന്നു. ദുർഗ്രഹതക്ക്‌വേണ്ടിയുള്ള ദുർഗ്രഹത ആക്ഷേപാർഹംതന്നെ. പുതുമക്കുവേണ്ടിയുള്ള അടങ്ങാത്ത, ഒടുങ്ങാത്ത, ബോധപൂർവ്വമായ ശ്രമത്തിന്റെ സന്തതിയല്ല അത്യാധുനികസാഹിത്യം. പടിഞ്ഞാറിനെ അനുകരിക്കാനുള്ള വ്യഗ്രതയുടെ സൃഷ്ടിയുമല്ല. സാഹിത്യത്തറവാട്ടിലെ ഇളമുറക്കാരുടെ ആരോപണംപോലെ കേവലരതിവൈകൃതങ്ങളുടെ നഗ്നമായ ചിത്രീകരണവുമല്ല. അശ്ലീലത്തിന്റെ അതിപ്രസരം ആധുനികതയുടെ നോവലുകളിൽ രോഷം സൃഷ്ടിക്കുംവിധം അധികരിച്ചിരിക്കുന്നുവെന്ന് പറയപ്പെടുന്നു. സഭ്യേതരതയുടെ വിശാലമായ നിർവ്വചനത്തിന്റെ പരിധിയിൽനിന്ന് പഴയ തലമുറയുടെ വക്താക്കളുടെ കൃതികളും പൂർണ്ണമായും സ്വതന്ത്രമല്ല. സർഗ്ഗപ്രതിഭയുള്ള പലരും 'സുഖിക്കാൻവേണ്ടി' "മാംസപുഷ്പങ്ങ"ളുടെ കഥ പറയാനാണ് ഇവിടെ സമയം കണ്ടെത്തിയത്. മനഃശാസ്ത്രത്തിന്റെ എത്രതന്നെ നീതീകരണമുണ്ടായാലും "ധർമ്മനീതിയോ അല്ല ജീവിതം" എന്നു ചോദിക്കാൻ സദാചാരത്തിന്റെ അതിർത്തിവരമ്പുകൾ തകർക്കേണ്ടിവന്നു. ആധുനികതത്തിനെതിരിൽ പടവാളെടുക്കുമ്പോൾതന്നെ എഴുതിയതാണ് "പങ്കലാക്ഷിയുടെ കണ്ണുകൾ". കള്ളും പെണ്ണും ജീവിതശാസ്ത്രമായി അംഗീകരിച്ച അഭിനവ ഖൈയ്യാംമാർ അത്യാധുനികന്റെ പേനത്തുമ്പിൽ മാത്രമല്ല, ആകാശത്തിന് ചുവട്ടിൽതന്നെയുണ്ട്. നിലവിലുള്ള സമുദായഘടനയുടെ നിഘണ്ടുവിൽ സഭ്യേത

രമെന്ന് വ്യവഹരിക്കപ്പെടുന്നതിന്റെ ചിത്രീകരണം ആശാസ്യമെന്നഭിപ്രായമില്ല. പക്ഷെ, ഒന്നുണ്ട്, പാപം ചെയ്യാത്തവൻതന്നെ കല്ലെറിയണം.

വായനക്കാരന്റെ അഭിരുചിയുടെ സ്വാധീനമാണ് ഇന്ന് പോപ്പുലർ സാഹിത്യരചയിതാക്കളിൽ. ശുഷ്കിച്ച മൂല്യങ്ങളുമായാണ് സിംഹഭാഗം കൃതികളും വെളിച്ചം കാണുന്നത്. വായനക്കാരന്റെ "ഡിമാൻഡും" മറ്റൊന്നിനല്ല. പ്രസിദ്ധനായ ഒരു നിരൂപകൻ ഇയ്യിടെ എഴുതി, മാർഗ്ഗഭ്രംശം സംഭവിച്ചത് നോവലിസ്റ്റിനല്ല സഹൃദയനാണെന്ന്. മുകുന്ദൻ പറഞ്ഞപോലെ ലേഖനത്തിനാണ് ഡ്രാഫ്റ്റ്. പഴമയുടെ പ്രയോക്താക്കളെന്ന അഭിമാനപൂർവ്വം അവകാശപ്പെടുന്നവർപോലും സ്വാഭാവികമായും മാർഗ്ഗവ്യതിചലനത്തിന് നിർബ്ബന്ധിതരായി. "ചെമ്മീനി"ന്റെയും "ഏണിപ്പടി"കളുടേയും കർത്താവ് കാല്പനികസ്വാധീനത്തിൽ നിന്നകന്ന് ഫ്രോയിഡിന്റെ പിന്നാലെ പോയത് മറ്റൊന്നിനുമായിരുന്നില്ല. "രക്തമില്ലാത്ത മനുഷ്യ"നെ സൃഷ്ടിച്ചത് വായനക്കാരനുവേണ്ടി മാത്രം. "ഓടപ്പുഴ"ത്തിനു് അഴുക്കുചാലിനെ പിന്നിലാക്കാൻ കഴിഞ്ഞു. ഇടെന്ന് പുറത്തുവന്നത് "താളം പിഴച്ച നൃത്ത"വും "ദുർഭഗ"യുമാണ്.

സദാചാരവും കൂടെ അശ്ലീലതയുടെ നിർവ്വചനവും കാലദേശങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. "ബൈബിൾപോലും അശ്ലീലത്തിന്റെപേരിൽ പല പാശ്ചാത്യ രാജ്യങ്ങളിലും നിരോധിക്കപ്പെട്ട കാലമുണ്ടാ"യിരുന്നുവെന്ന് സി. പി. ശ്രീധരൻ ഇയ്യിടെ എഴുതി. കലാലയത്തിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന "ജോർജ്ജ്" എലിയട്ടിന്റെ ആഡംബീഡ് (Adam Bede) 1859-ൽ ഇംഗ്ലണ്ടിലെ ലൈബ്രറികളിൽനിന്ന് പിൻവലിക്കപ്പെട്ടിരുന്ന"വത്രെ. ഷായുടെ നാടകങ്ങൾ (പിൽക്കാലത്തു പ്രശസ്തങ്ങളായെങ്കിലും) നിലവിലുള്ള സദാചാരത്തെ വെല്ലുവിളിച്ചതുകൊണ്ട് ഒരു കാലത്ത് പ്രസിദ്ധീകരിക്കാൻ പ്രസാധകർ വിമുഖരായി. "ചാറ്റർലിപ്രഭ്വിയുടെ കാമുകൻ" ഇന്ത്യയിൽ ഇന്നും അനഭിമതനാണ്. അതുണ്ടായല്ലോ കേരളത്തിലും ഒരു പ്രഹസനം. നിരോധിത പുസ്തകങ്ങളിൽ ഞങ്ങളുടേതുകൂടി ഉൾപ്പെട്ടപ്പോൾ (വേദങ്ങളേയും ഇതിഹാസങ്ങളേയും പ്രതിക്കൂട്ടിൽ കയറ്റി) ഞാതിരെന്നതിരിൽ അട്ടഹാസമെടുത്തവർ സാഹിത്യത്തിലെ നൂതനപ്രവണതകളെ അശ്ലീലതയുടെ വൈക്കോൽത്തുറുവുംപിടിച്ച് എതിർക്കുമ്പോൾ ആദ്യം തോന്നുന്നത് സഹതാപമാണ്. എവിടെയും കാണുന്നത് പുതുമക്കെതിരിൽ അസഹിഷ്ണുതയുടെ അഗ്നിസ്ഫുലിംഗങ്ങളാണല്ലോ?

അത്യാധുനികരുടെ കഥാപാത്രങ്ങൾ ആധുനികജീവിതത്തിന്റെ പ്രതീകങ്ങളാണ്. കാക്കനാടന്റെ നാരായണൻകുട്ടിയും, മുകുന്ദന്റെ ദിനേശനും അരവിന്ദനും ഇവിടെ ഉള്ളവർ തന്നെ. അവരെ തിരയാൻ ഡൽഹിയിലും ഗോവാ കടൽപ്പുറത്തും......ഡയോജിനസ്സിന്റെ വിളക്കാവശ്യമില്ല. ദിനേശൻ പ്രതിനിധാനം ചെയ്യുന്നത് ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യനനുഭവിക്കുന്ന വ്യർത്ഥതാബോധത്തെയാണ്. എക്സിസ്റ്റൻഷ്യലിസത്തിന്റെ സ്വാധീനത്തിൽ മൂല്യശോഷണവും ഇല്ലാതില്ല. അതിന്റെ ആത്മാവ് അനാസ്തിക്യവാദമാണല്ലോ? ഫ്രോയിഡിന്റെയും എല്ലിസ്സിന്റെയും മനഃശാസ്ത്രസിദ്ധാന്തങ്ങളുടെ സാക്ഷിപത്രം ആധുനികർക്ക് കൂട്ടിനുണ്ട്. സാർത്രെയും, റൊബേഗ്രിയയും, കാഫ്കയും, കാമുവും അവരെ ആകർഷിക്കുന്നു. മൊപ്പസാങ്ങിന്റെ കാല്പാടുകൾ പിന്തുടരുന്നതിൽ അവർക്ക് സന്തോഷമേയുള്ളൂ. പക്ഷെ ഒന്ന് മറന്നുപോകുന്നത് ഏതായാലും അഭിലഷണീയമല്ല. എഴുത്തുകാരന്റെ ലക്ഷ്യം സമൂഹപരിഷ്കരണമാണെന്ന്. ചിത്രമെഴുതാൻ ചുമർ ഇനിയും ആവശ്യമുണ്ടല്ലോ? പൊതുജീവിതത്തിലെ ഈജിയൻ തൊഴുത്ത് ശുദ്ധമാക്കാൻ, കാനായിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ ക്രിസ്തുവിന്റെ മാന്ത്രികശക്തി എഴുത്തുകാരനില്ലായിരിക്കാം. ഇരുട്ടിനെ അകറ്റാൻ സൂര്യപ്രകാശം ആവശ്യം തന്നെ. നീണ്ട കാത്തിരിപ്പിനു പകരം തൽക്കാലം മെഴുകുതിരി ഉപയോഗിച്ചുകൂടെ? "ഇസ"ങ്ങളുടെ സ്വാധീനം സാഹിത്യത്തിൽ കാലഹരണപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, പുതുയുഗത്തിന്റെ ചിന്താഗതിയുടെ പ്രതിഫലനത്തിന് പുതിയ സങ്കേതങ്ങൾ അഭികാമ്യം തന്നെ. പുതിയ മേച്ചിൽസ്ഥലങ്ങൾ സഹൃദയഹൃദ്യമാവാം. എങ്കിൽ ആധുനികർ പരിധിവരെ സ്വാഗതാർഹംതന്നെ.

# Ceteris Paribus

Moosa A. Baker

Our experience has made us realise that development is really a painful process. There are a score of things that have gone wrong in this country. But in no country has the struggle for economic and social freedom been won at one single stroke. India is not a no man's land between an irretrievable past and an unapproachable future. If at one time a country felt that it was approaching a millennium, yet at another it found itself thrust into the anterior. Every country has had its advances and retreats.

We will face a vast collection of irrational, inert, unresponsive but tenacious obstacles to change. New technology, population growth and greater geographic mobility have combined to produce a new society. There was a 'model', but it is now outworn and the 'one' is not yet constructed! The increased complexities of modern society and the earlier obsolescence of knowledge and skills will have a profound impact upon human character.

## Ambitions

We opted for a pattern of development which was perhaps too ambitious to be successfully carried out under a democratic frame work. First, we decided to be free and independent in the sense that we have the freedom to pursue our own enlightened national interests. A very bold political decision indeed! Second, we have also decided to implement a particular pattern of development according to our own notion of social justice and welfare. A national governments' policies are to be guided by national interests. The national interests in turn are what the majority tend to think 'they are'!

We are a country where eight people out of ten live on less than one rupee a day and 10,000 young men enter the employment market daily in search of jobs which are simply not there. National averages are known to hide more than what they reveal. The very world of numbers is awry to us. Meaningful aggregates are almost impossible to calculate.

## Poverty

We are poor, because we have little capital per head; because we are poor, we can devote only limited resources for creating new capital rather than producing goods for immediate

consumption; because little new capital can be produced, the capital per head is low; and because our capital per head is low, we continue to be poor.

So if capital is to be created at home by the country's own efforts, it is necessary to divert resources from the production of goods for current consumption. This requires a cut in present living standards. Since living standards are already virtually at the starvation level, such a diversion will be difficult and at best only a small proportion of resources can be re-allocated to production of capital goods. This situation is the vicious circle of poverty, which is holding the country in its grip even today.

## The other side

But we shall not fail to understand the basic trends which alone are the basic signs of our progress and pitfalls. It is one thing to blame everything, the rising prices, taxes and so on. Our peasants who constitute 70 per cent of the population are, in one way or another, also the beneficiaries of rising prices and rising productivity. When we go on complaining about the unemployment, we must also remember that rising productivity and rapidly increasing employment are contradictory aims. The newly resilient business class in cities and towns constitute only 10 per cent of our population. Yet it is they who are the beneficiaries of the maldistribution of income in this country. The remaining is only 20 per cent but their plight and sufferings are the worst.

We often cite the example of other countries to prove that all our ills are due to either defective planning or defective implementation. Japan is often referred to as a country that attained development with little external resources and less internal controls. But the reasons why she could develop fast are not very often mentioned. Among other things, Japan did not give herself the luxury of a political democracy and she did not opt for so ambitious a development strategy as ours. When we speak of other countries and their success we shall not forget that they were they and not we!

## Be realistic

No wonder we are not becoming more esteemable, but less. Efficiency, deligence, orderliness, punctuality, frugality, honesty and so on are virtues that are really disirable, but to talk glibly about them is unnecessary. Such virtues are the legacy of the rich and not of the poor and tomarrow's India will be born only out of today's India. "......the world alters as we walk in, so that the years of man's life measure not some small growth, or rearrangement or moderation of what was learned in childhood, but a great upheaval" It is not possible to create a nation out of nothing.

## Conclusion

It took us nearly a century's struggle to re-order the Indian social order and that too with limited succees. A generation hence also, India will still be getting ready to make its great move towards development–with a larger population and the same or slightly higher or even a slightly lower standard of living! Even then we will fail to make a social revolution in its name. What ever we do, we can do only in terms of an ongoing process which should be understood by all.

There is no getting round hard and clear thinking and resolute implementation. The struggle against the past is a real and desperate one in any underdeveloped country. And we should demonstrate a determined will to face the magnitude of the effort required. Let us also be conscious of the feebleness of the efforts we are making.

# ഈ യുഗത്തിന്റെ ശാപം

*സി. സെയ്‌ദാലി, II–B. Sc.*

ഈ നൂറ്റാണ്ടിന്റെ ഏററവും വലിയ ഒരു ശാപമത്രെ, ഹിപ്പികൾ! അവരെക്കുറിച്ച് അധികമൊന്നും എടുത്തുപറയണമെന്നില്ല. ദിനപത്രങ്ങളിലും ആനുകാലികപ്രസിദ്ധീകരണങ്ങളിലും ഹിപ്പിലോകത്തെ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്. "ഇന്നു തിന്നുകയും കുടിക്കുകയും ചെയ്യുക. നാളെ നിങ്ങൾക്ക് മരിക്കേണ്ടതുണ്ട്" എന്ന മുദ്രാവാക്യവുമായി രംഗത്തിറങ്ങിയ ഈ യുവതലമുറ ഇന്നുവരെ മനുഷ്യൻ ആദരിച്ചുപോന്നിട്ടുള്ള സകലവിധ മൂല്യങ്ങളെയും നിയമങ്ങളെയും കാററിൽ പറത്തിക്കൊണ്ട് ജൈത്രയാത്ര തുടരുകയാണ്. സദാചാരത്തിന്റെ മൂല്യങ്ങളെ അതിലംഘിച്ചു സുഖത്തിന്റെ നീരുറവന്വേഷിച്ചു നടക്കുന്ന ഈ വർഗ്ഗം ആധുനികലോകത്തിന്ന് ഒരു വെല്ലുവിളിയാണ്. യൂറോപ്പിൽനിന്ന് പൊട്ടിപ്പുറപ്പെട്ട ഈ ജനസമൂഹം ഏറ്റവും വലിയ സമ്പന്നരാഷ്ട്രങ്ങളിലൊന്നായ അമേരിക്കയെപോലും ഒരു തലവേദനയാണ്.

ആധുനികയുവതലമുറയുടെ ഈ സാമൂഹ്യരോഗത്തെ മനസ്സിലാക്കുവാൻ ജീവിതരീതിയിലേക്കൊരു തിരിഞ്ഞുനോട്ടം അത്യന്താപേക്ഷിതമാണ്. കാര്യകാരണത്തിന്റെ നിയമം മാററമില്ലാത്തതാണല്ലോ. ഹിപ്പികൾ ആദ്യമായി പൊട്ടിപ്പുറപ്പെട്ടത് അമേരിക്കയിൽനിന്നാണെന്നുതന്നെ പറയാം. അപ്പോൾ നമുക്ക് പാശ്ചാത്യലോകത്തെക്കുറിച്ച് ഒന്നു വിശകലനം ചെയ്യാം. എന്താണ് ഹിപ്പികൾ ആഗ്രഹിക്കുന്നത്? അല്പം മനഃശാന്തി. അതിന്നു വേണ്ടി മാരിജുവാനയെയും, L.S.D.യെയും അഭയം പ്രാപിക്കുന്നു. അല്ലെങ്കിൽ ആത്മശാന്തിക്കുവേണ്ടി അവർ യൂറോപ്പിന്റെ മതിൽക്കെട്ട് ചാടിക്കടന്നു ഏഷ്യയിലെ തെരുവീഥികളിലേക്കും ഗഹ്വരോദരങ്ങളിലേക്കും പായുന്നു.

ഈ നൂറ്റാണ്ടിന്റെ സാമൂഹ്യവിപത്തിന്ന് കാരണം ധാർമ്മികാധഃപതനം മാത്രമാണ്. ഇതിന്ന് ഹിപ്പികളെയാണോ പഴിക്കേണ്ടത്? അതോ അവർക്ക് ജന്മംനല്കിയ സാമൂഹ്യവ്യവസ്ഥയെയോ? അതെ! അവർക്ക് ജന്മം നല്കിയ സാമൂഹ്യവ്യവസ്ഥയാണ് അവരുടെ ധാർമ്മികാധഃപതനത്തിന്ന് മുഖ്യ കാരണം. അവരുടെ ജനനവും ജീവിതവും മരണവും വെറും യാന്ത്രികമായ അന്തരീക്ഷത്തിലാണ്. ഒരു കുഞ്ഞ് ജനിച്ചാൽ വാടക ആയമാരുടെ കൈകളിലാണ് ആ കുഞ്ഞ് വളരുന്നത്. സ്വന്തം മാതാവിന്റെ മുലപ്പാലിന്നുപകരം കൃത്രിമമായ എന്തോ ആണവന്ന് ലഭിക്കുന്നത്. അങ്ങിനെ മാതൃസ്നേഹമെന്തെന്നറിയാതെ അച്ഛനമ്മമാർ വെറും സന്ദർശകരായിമാത്രം പരിചയപ്പെട്ടുകൊണ്ടാണവൻ വളരുന്നത്. അങ്ങിനെ നിരാശ്രയത്വം നിസ്സഹായതയു[illegible] നൂലെത്താത്ത കയങ്ങളിലേക്ക് ആണ്ടു പോകുന്നു. അവന്ന് മനഃശാന്തിയേകാൻ മാതാപിതാക്കളില്ല. തനിക്കുചുറ്റും യന്ത്രതുല്യമായൊരു ലോകം. യാന്ത്രികജീവിതം നയിക്കുന്ന കുറെ മനുഷ്യർ. വ്യക്തി, കുടുംബം, സമൂഹം, വിദ്യാഭ്യാസം എന്നുവേണ്ട സകലതും ഭൗതികമാണ്.

അവസാനം വരണ്ടുണങ്ങിയ ശൂന്യഹൃദയമായി ആശ്വാസിക്കവേണ്ടി അസ്വസ്ഥനായ ആ ചെറുപ്പക്കാരൻ നാലുപാടും ഓടുന്നു. അതിനുവേണ്ടി അവൻ ചുററും കൂട്ടിനോക്കുന്നു. ഒന്നും കാണാതെ മയക്കുമരുന്നുകളിലും നിശാക്ലബ്ബുകളിലും ആശ്വാസം കണ്ടെത്തുന്നു.

ആധുനികയുഗത്തിന്റെ ഈ സാമൂഹ്യ രോഗത്തിന്ന് മറെറാരു കാരണം സയൻസിന്റേയും സാങ്കേതികവിദ്യയുടേയും സഹായത്തോടെ മനുഷ്യൻ പുരോഗതിയിലേക്ക് കുതിച്ചുപായുന്നതാണ്. ശാസ്ത്രവിദ്യാഭ്യാസം പരിപൂർണ്ണ വിദ്യാഭ്യാസമാണെന്നവൻ ധരിച്ചു. പക്ഷെ, നന്മയും തിന്മയും, തെററും ശരിയും വിവേചിച്ചറിയുവാൻ ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നില്ല. ഈ രംഗത്ത് അതിന്ന് ഒന്നും ചെയ്യാൻ സാദ്ധ്യവുമല്ല. ശാസ്ത്രം എല്ലാം നല്കിയിട്ടുണ്ടെന്ന തെററിദ്ധാരണയാണ് ആധുനിക തലമുറക്ക് പിണഞ്ഞ വലിയൊരബദ്ധം. അല്ലാതെ ജീവിതത്തിന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ കാര്യങ്ങളെ വിശകലനം ചെയ്യാൻ ശാസ്ത്രത്തിന്ന് കഴിയുകയില്ല. അത് അതിന്റെ പരിധിയിൽപെട്ടതുമല്ല. ആധുനിക തലമുറ ശാസ്ത്രത്തെ തെററായരൂപത്തിൽ വ്യാഖ്യാനിച്ചതിനുള്ള പ്രതിഫലം ഇപ്പോൾ കണ്ടുകഴിഞ്ഞു.

ധാർമ്മികാധഃപതനം യൂറോപ്പിൽ മാത്രമല്ല മിക്ക ലോകരാജ്യങ്ങളിലും അതിന്റെ അലയടികൾ ഓളംവെട്ടുന്നുണ്ട്. നമ്മുടെ രാജ്യമായ ഇന്ത്യയിലും ഹിപ്പികളുടെ വേറൊരു രൂപം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി ലൈംഗികരോഗങ്ങൾ വർദ്ധിച്ചുവരുന്നതായി 1970 നവമ്പർ 13-ാംനു ജയ്പ്പൂരിൽ ചേർന്ന മോറൽ ആന്റ് സോഷ്യൽ ഹൈജിൻ അസോസിയേഷന്റെ അഖിലേന്ത്യാസമ്മേളനം വ്യക്തമാക്കുകയുണ്ടായി. ഏകദേശം രണ്ട് കോടിയിലധികം ജനങ്ങൾ ഇതുമൂലം കഷ്ടപ്പെടുന്നുണ്ടെന്നും സമ്മേളനം വ്യക്തമാക്കുകയുണ്ടായി. ഇന്ത്യയിലെ ധാർമ്മികാധഃപതനത്തിന്റെ രൂപമാണ് ഇത്. അശ്ലീലസാഹിത്യങ്ങൾ [illegible] ആവശ്യപരിശീലനം [illegible] അസോസിയേഷൻ ഇതിന്ന് പ്രതിവിധി നിർദ്ദേശിച്ചത്. ആധുനികയുഗത്തിലെ യുവജനങ്ങളുടെ കുത്തഴിഞ്ഞജീവിതത്തെസംബന്ധിച്ച് ലോകചിന്തകന്മാർ വളരെയധികം താക്കീതുകൾ നല്കുകയുണ്ടായിട്ടുണ്ട്. പക്ഷെ അതൊന്നും വകവെക്കാതെ ഈ യുവാക്കൾ യാതൊരു ലക്ഷ്യവുമില്ലാതെ ജീവിതത്തിന്റെ രാജപാതയിൽ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. അവർക്ക് വല്ല വിശ്വാസപ്രമാണമോ ജീവിതപദ്ധതികളോ ധാർമ്മിക വ്യവസ്ഥകളോ ഒന്നും തന്നെയില്ല. റോക്കററിനെക്കാളും വെല്ലുന്ന വേഗത്തിൽ അവർ ഹിപ്പിവ്യൂഹത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കയാണ്.

യുവതലമുറയാണ് ഏതൊരു സമൂഹത്തിന്റെയും ജീവനാഡി. ഒരു രാഷ്ട്രത്തിന്റെ പുരോഗതിയും ചൈതന്യവും ശക്തിയും യുവതലമുറയിലാണ് ഉൾക്കൊള്ളുന്നത്. ഇങ്ങിനെ ഒരു രാഷ്ട്രത്തിന്റെ കാതലായ യുവതലമുറ നിരന്തരം ഹിപ്പികളാവാൻ തുടങ്ങിയാൽ രാഷ്ട്രത്തിന്റെ സ്ഥിതി എന്തായിരിക്കും? സുഖലോലുപരായ ഒരു ജനതക്ക് രാഷ്ട്രത്തെ ഒരിക്കലും പുരോഗതിയിലേക്ക് നയിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ആധുനിക തലമുറയെ ധാർമ്മികമായി വളർത്തിയെടുക്കേണ്ടത് അത്യാവശ്യം ആവശ്യമാണ്. വിദ്യാഭ്യാസത്തിൽകൂടി സാദ്ധ്യമാവേണ്ട ഈ കാര്യം ഇന്നത്തെ നിലയിലുള്ള വിദ്യാഭ്യാസത്തിൽകൂടി നേടാൻ കഴിയില്ല. ആയതുകൊണ്ട് ധാർമ്മികമൂല്യങ്ങളെപ്പററി ബോധവാന്മാരാക്കുന്ന വിദ്യാഭ്യാസം ഈ യുവതലമുറക്ക് അത്യന്താപേക്ഷിതമാണ്. ഈ നൂററാണ്ടിന്റെ [illegible] നിലക്ക് ഈ പുതിയ ഭീഷണിയെ നാം [illegible] തീരൂ.

# Hobbies

**K. T. Abdurahiman Thangal, I B. Com.**

NOW a days it is common to see persons who have hobbies. If anyone is tied down to daily routine or worried over the burdens of life he takes to his hobby. Hobbies are sure to give us some pleasure—a pleasure of our own, by making leisure hours more enthusiastic and interestinng. Hobbies will provide unending delight to every hobby lover.

At times, we misuse the term hobby. Hobby is something different from pastime. It characterises one's personal interests and enthusiasms. It can be in some way defined as a pastime with a good purpose, providing some mental pleasure and peace. The best criterion of one's personality is his hobbies. His hobby will give new colour and form to his life.

Whatever be the hobby it must engross our interest and must provide us with some healthy enjoyment. When we devote hours to it, it must enrich our mind by keeping us away from idleness and mischief. Hobbies in fact help to bridge the gap between one individual and another. Two persons with the same hobby will find a common thing to talk about. It thus paves the way for broad-mindedness.

The history of hobbies is long and great. It was in practice even in the good old days. But in those days only kings, emperors and big lords had hobbies. Their hobbies mainly constituted of hunting, painting, sculpture and the like which the commoner could not afford to have. In course of time, the common man, slowly got accustomed to hobbies, though with lesser importance. It was, in the 20th Century, that more and more people began to take to hobbies.

In modern days hobbies are many in number. Philately, Reading, Collection of coins, Photography, Painting and Sculpture are some of them. Wise people consider Reading as the king of hobbies. It is mainly for two reasons. 1) It is less expensive. 2) It increases one's a knowledge and places his intelligence on a higher level. Robert Smortson describes a person with reading as his hobby thus: "He will spend a number of delightful hours, in the company of philosophers, poets, emperors and novelists. He will find no dull moment in his life,—while he is with a book. Past and present are of no difference to him He gets the whoie world in his hand, by sitting in the smug corner of a library".

Another populour hobby is Philately or stamp collection. A philatelist's life will be full of enthusiasm and joy. His, field of knowledge will be becoming wider, day by day. He can acquire knowledge about the history and geography of every country, its important personalities, and rulers. He will be always in touch with world events.

Then there is Photography. This hobby provides great deal of mental peace and makes one come closer to nature. So is the case with a person whose hobby is painting. Nature is a treasure house of subjects to him. His brush captivates all faces of nature, in many ways.

To sum up, a hobby lover will find no dull moment in his life. As he loves to devote hours to his hobby, it will provide him with the quality of patience and unparalleled delight, by keeping him happily occupied. But, if you are a hobby lover beware of one thing—never let your hobby grow into a passion. It will then make your leisure hours monotonous, instead of pleasure, you will find idleness creeping up your mind. So never let your hobby grow wings.

**

# ഇഖ്ബാൽകവിത:
# —ഒരു ലഘുപഠനം

*കെ. ടി. അബ്ദുറഹിമാൻതങ്ങൾ, I–B.Com.*

പ്രതിഭാശാലികളെ സംബന്ധിച്ചേടത്തോളം ഒരു പ്രത്യേകതയുണ്ട്. അവരുടെ ജീവിതകാലത്തോ മരണാനന്തരമോ അവർ ലോകത്തിന്റെ ബഹുമാനാദരവുകൾക്ക് പാത്രീഭവിക്കുന്നതുപോലെത്തന്നെ, പറെറ വിസ്മരിച്ചേക്കാനും ഇടയുണ്ട്. മഹാകവി മുഹമ്മദ് ഇഖ്ബാലും, ഇതിനൊരപവാദമായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രതിഭകളുടെ ഉദയസമയത്ത് നാം ഉറക്കത്തിലായിരുന്നു. ആ സൂര്യൻ അസ്തമിച്ചതിനുശേഷമാണ് നാം കണ്ണുതുറന്നത്. "നിങ്ങൾ പൂർവ്വാംബരത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആ വെള്ളിനക്ഷത്രത്തെ നോക്കൂ! അതിന്റെ ഹൃദയംഗമമായ ഏകാകിത്വം നിങ്ങൾ ശ്രദ്ധിച്ചുവോ? ഇല്ല, അതൊരിക്കലുമുണ്ടാവില്ല. ആ വെള്ളിനക്ഷത്രം അസ്തമിച്ചതിനുശേഷമോ അതല്ലെങ്കിൽ അത് കാർമേഘങ്ങൾക്കുള്ളിൽ മറഞ്ഞതിനുശേഷമോ മാത്രമേ നിങ്ങൾ അതിന്റെ മഹത്വത്തെപ്പറ്റി ചിന്തിക്കൂ!" എന്ന ഇഖ്ബാൽതന്നെ പാടിയതു എത്ര അന്വർത്ഥമാണ്.

എന്തർത്ഥത്തിലും ഇഖ്ബാൽ ബഹുമുഖങ്ങളായ വ്യക്തിത്വങ്ങളുൾക്കൊള്ളുന്ന ഒരു പ്രതിഭാസമ്പന്നനായിരുന്നു. അദ്ദേഹം മാനവസമുദായത്തിനുവേണ്ടി ജീവിച്ചു: തന്റെ വിചിന്തനങ്ങൾവഴി ലോകത്തിലെ ഇരുൾ നീക്കാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ സേവനം ഒന്നോ രണ്ടോ രംഗങ്ങളിൽ മാത്രം ഒതുങ്ങിനിന്നില്ല. അദ്ധ്യാപകൻ, കവി, തത്വജ്ഞാനി, ചിന്തകൻ, സമുദായപരിഷ്കർത്താവ് എന്നിതുറകളിലൂടെ അദ്ദേഹം ലോകത്തെ സേവിച്ചു. ഇഖ്ബാലിനെ പരിപൂർണ്ണമായും മനസ്സിലാക്കാൻ, നാം പ്രസ്തുത പദവികളിലോരോന്നിലും, അദ്ദേഹം പതിപ്പിച്ച വ്യക്തിമുദ്രകൾ വ്യക്തമായും ഗ്രഹിക്കണം. പക്ഷെ ഇഖ്ബാലിനെ ലോകം കൂടുതലായറിയുന്നത് ഒരു കവിയും, തത്വജ്ഞാനിയുമെന്ന നിലയിലാണ്. ആ രംഗങ്ങളിലത്രെ അദ്ദേഹത്തിന്റെ വ്യക്തിത്വം പൂർണ്ണമായി പ്രതിബിംബിക്കുന്നത്.

### *കവിത ഇഖബാലിന്റെ ദൃഷ്ടിയിൽ*

ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്ന ഒരു കവി ചില നിയമങ്ങൾക്കും, കടമകൾക്കും വിധേയനാണ്. ആ കടമകൾ വിസ്മരിക്കുമ്പോഴും, ആ നിയമങ്ങൾതെറ്റി നടക്കുമ്പോഴും അവൻ യഥാർത്ഥത്തിൽ തന്റെ ജനസമുദായത്തെയും, ആസ്വാദകരേയും വഞ്ചിക്കുകയാണ്. ഇതു ശരിക്കും മനസ്സിലാക്കിയാണ് നാം കവിതയെപ്പറ്റി പഠിക്കേണ്ടതും, വിലയിരുത്തേണ്ടതും. സമുദായത്തിലെ കേന്ദ്രബിന്ദുവായ വ്യക്തിയുടെ ഉന്നമനംവഴി സമുദായോദ്ധരണം ഇഖ്ബാൽ തന്റെ കാവ്യങ്ങളുടെ ലക്ഷ്യ

മായി പ്രഖ്യാപിച്ചു. വ്യക്തിയുടെ ധിഷണയേയും, യുക്തിയേയും സ്വീകരിക്കുന്നതിനുപരിയായി, വികാരത്തേയും, വിഭാവനയേയും, സ്വീകരിക്കുന്നതിലാണ് ഇഖ്ബാൽ ശ്രദ്ധ പതിപ്പിച്ചത്.

ഒരു യഥാർത്ഥ കവി നശ്വരനല്ല, അനശ്വരനാണ്. യഥാർത്ഥ കവിയുടെ ചിത്രം അദ്ദേഹം "അസ്റാറെഖുദി"യിൽ ഇങ്ങനെ വരച്ചുകാട്ടുന്നു: "യഥാർത്ഥ സൌന്ദര്യം കുടിയിരിക്കുന്നത് ഒരു കവിഹൃദയത്തിൽ മാത്രമാണ്. അവന്റെ വീക്ഷണമേറ്റാൽ ഏതു സുന്ദരമായ വസ്തുവിനും, വീണ്ടും സൌന്ദര്യം വർദ്ധിക്കുന്നു. അവന്റെ ഗാനാലാപം പ്രകൃതിയുടെ പ്രേമഭാജനതയെ വർദ്ധിപ്പിക്കുന്നു. കോകിലങ്ങൾ അവന്റെ അധരങ്ങളിൽനിന്നു ഗാനമഭ്യസിക്കുന്നു. ........................അവന്റെ ഹൃദയത്തിൽ നൂറായിരം ലോകങ്ങൾ മൂടിക്കിടക്കുന്നു. അവന്റെ തൂലിക ഒരു രോമത്താൽ വലിയ മാമലയെ വലിച്ചിഴക്കുന്നു; വികൃതാകാരങ്ങൾക്ക് അവൻ സൌന്ദര്യം പകരുന്നു......"

ഇഖ്ബാലിന്റെ അഭിപ്രായത്തിൽ ഒരു നല്ല കവിത ആസ്വാദകന്റെ അന്തരംഗത്തിൽ ആഞ്ഞടിക്കുന്ന ഒരു കൊടുങ്കാറ്റാണ്. അതവന്റെ സൌന്ദര്യബോധത്തെ മാത്രമല്ല, യുക്തിചിന്തയേയും പുനരുജ്ജീവിപ്പിക്കാൻ കരുത്തുറ്റതാണ്. അത് ആസ്വാദകന്റെ ചിന്താമണ്ഡലത്തിൽ കോളിളക്കങ്ങൾ സൃഷ്ടിക്കുക തന്നെ ചെയ്യും. ഈ വീക്ഷണഗതി, ഇഖ്ബാലിന്റെ കവനരീതിയെ നല്ലവണ്ണം സ്വാധീനിച്ചതായി കാണാം. അദ്ദേഹത്തിന്റെ പതിമൂന്ന് കൃതികളിൽ പതിനൊന്നെണ്ണവും, കാവ്യങ്ങളായിരിക്കാനും, ഇതു തന്നെയാവാം കാരണം.

### *കൃതികൾ*

ഇഖ്ബാൽകവിതയുടെ പ്രത്യേകതയെന്തെന്ന് ചോദിച്ചാൽ ആരും ചൂണ്ടിക്കാണിക്കുന്നത് അവയിലെ തത്വചിന്താപരമായ സമീപനമായിരിക്കും. എന്നാലും, ഇഖ്ബാലിൽ മുന്നിട്ടുനില്ക്കുന്നതു കവിയോ, തത്വചിന്തകനോ എന്നതു ഒരു പ്രശ്നംതന്നെയാണ്. നിരൂപകർ അദ്ദേഹത്തെ തത്വചിന്തകനായ കവിയായും (philosopher-poet) കവിയായ തത്വചിന്തകനായും (poet-philosopher) വിവരിക്കുന്നുണ്ട്. ഇഖ്ബാലിന്റെ എല്ലാ കൃതികളിലും കവിതയുണ്ട്. എല്ലാ കൃതികളും തത്വചിന്താപരവുമാണ്. ഒരു നിരൂപകൻ അഭിപ്രായപ്പെട്ടതുപോലെ അദ്ദേഹത്തിന്റെ തത്വചിന്ത ഗാനാലാപം ചെയ്യുമ്പോൾ, അദ്ദേഹത്തിന്റെ കാവ്യം തത്വചിന്തയെ ആവിഷ്കരിക്കുന്നു. രണ്ടും പരസ്പരം ബന്ധപ്പെട്ടതാണ്— അഭേദ്യമായിത്തന്നെ. ഇഖ്ബാൽ തത്വചിന്തകനാണെങ്കിൽ അതേനിമിഷംതന്നെ കവിയുമാണ്. അദ്ദേഹത്തിന്റെ തത്വചിന്തകൾക്ക് സ്വരമാധുര്യവും, ഗാനാത്മകതയും പ്രദാനം ചെയ്യുന്നത് കവിയാണെങ്കിൽ, അദ്ദേഹത്തിലെ കവിക്ക് ശക്തവും, വ്യക്തവുമായ ആശയങ്ങൾ നല്കുന്നതും, കവിതയുടെ അർത്ഥവ്യാപ്തി കൂട്ടുന്നതും അദ്ദേഹത്തിലെ തത്വചിന്തകനാണ്. ഇഖ്ബാലിലെ കവി പലപ്പോഴും തത്വചിന്തകനെ കവിഞ്ഞുനില്ക്കുന്നുണ്ടെങ്കിലും, ആ കവി, തത്വചിന്തകനെ നിശ്ശേഷം കൈവെടിയുന്നില്ല. ഈ പ്രത്യേകതകളാണ് ഇഖ്ബാലിനെ പ്രശസ്തനാക്കിയതും, അദ്ദേഹത്തെ സമകാലീനകവികളിൽനിന്ന് വ്യത്യസ്തമായ ഒരു സ്ഥാനത്തിനർഹനാക്കിയതും.

ഒരു കവിയെന്നനിലയിൽ മുഹമ്മദ് ഇഖ്ബാലിന്റെ എല്ലാ കഴിവുകളുടേയും ജാജ്വല്യമാനമായ പ്രകാശനമാണ്, അദ്ദേഹത്തിന്റെ "ബാങ്കേദര" എന്ന കവിതാസമാഹാരം. ഉർദു ഭാഷയുടെ കഴിവും, ശക്തിയും, മാധുര്യവും, പ്രഭയും, വീര്യവുമെല്ലാം ഉയർത്തിയ ഒരു മഹാകാവ്യമാണ് ബാങ്കേദര. സുപ്രസിദ്ധ നിരൂപകനും, ചിന്തകനുമായിരുന്ന എസ്: അക്ബർ അലി ബാങ്കേദരയെ ഇങ്ങനെ പുകഴ്ത്തുന്നു:" ......യഥാർത്ഥത്തിൽ ഈ കൃതിയെ വാഴ്ത്തുവാൻ വിശേഷണപദങ്ങൾ തിരഞ്ഞെടുക്കുക എന്നത് തന്നെ ശ്രമകരമായ ഒരു ജോലിയാണ്......" കാഹളം എന്നർത്ഥം വരുന്ന ഇതിൽ 'മീർസാഗാലിബ്', 'ഹിമാലയം', 'ആട്ടും ഒരു പശുവും', 'പറവയുടെ പരാതി' 'പ്രേമത്തിന്റെ വേദന' 'ദുഃഖത്തിന്റെ ചിത്രം' 'പ്രഭാതത്തിന്റെ സന്ദേശം' 'സ്വാമിരാമതീർത്ഥൻ' 'ദേശീയഗാനം' 'ആവലാതി' 'ആവലാതിക്കു മറുപടി' തുടങ്ങിയ കവനങ്ങളാണുള്ളത്. ജീവിതം, പ്രകൃതി, ദേശാഭിമാനം, ശാസ്ത്രം, സാഹിത്യം കല തുടങ്ങിയ എല്ലാ വിഷയങ്ങളേയും പുരസ്കരിച്ചാണ് അദ്ദേഹം തന്റെ തൂലിക ചലിപ്പിക്കുന്നത്. മനുഷ്യന്റെ വികാരങ്ങളേയും, ചിന്താശക്തിയേയും, സാംസ്കാരികബോധത്തേയും, ഇളക്കിമറിക്കാൻ

പര്യാപ്തമായ കാവ്യങ്ങളാണ് ഇവയോരോന്നും. വഴിതെറ്റിയവന് മാർഗ്ഗനിർദ്ദേശവും, നൈരാശ്യം ബാധിച്ചവന് ആശയുടെ പൊൻകിരണങ്ങളും, ബാങ്കേദര പ്രദാനം ചെയ്യുന്നു. ലോകത്തിൻെറ ഇന്നത്തെ നില, ധാർമ്മികനിലവാരത്തിന്റെ താഴ്ച, ചിന്താപരവും, സാമ്പത്തികവും, സാമൂഹ്യവുമായ അടിമത്തം, മനുഷ്യജീവിതത്തിൻെറ വിവിധരംഗങ്ങളിലെ സ്ഥിതിഗതികൾ എന്നിവ നല്ലവണ്ണം അറിഞ്ഞനുഭവിക്കുകയും, നിരീക്ഷിക്കുകയും ചെയ്തിട്ടുള്ള ഒരു കവിഹൃദയത്തിന്റെ ഗാനാത്മകമായ ചലനങ്ങളാണ് ബാങ്കേദരയിൽ പ്രതിഫലിക്കുന്നത്. മൂന്നു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിട്ടുള്ള ഇതിലെ ഓരോ ഭാഗവും, കവിയുടെ ചിന്താപരമായ വളർച്ചയേയും, മാറ്റങ്ങളേയും വെളിപ്പെടുത്തുന്നു. ബാങ്കേദരയോട് കിടപിടിക്കുന്ന ഒരു ഗ്രന്ഥവും, ഉറുദുസാഹിത്യത്തിലില്ല എന്നത് പരമാർത്ഥമാണ്.

പേർഷ്യൻഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ള "പയാമെ മഷ്രിഖ്" (പൌരസ്ത്യസന്ദേശം) ഇഖ്ബാലിലെ തത്വചിന്തകന്റെ മഹോന്നതങ്ങളായ ആദർശങ്ങളെയും, അഭിനിവേശങ്ങളേയും, ചിന്താഗതിയേയും, അനുവാചകർക്ക മനസ്സിലാക്കിത്തരുന്നു. യഥാർത്ഥത്തിലുള്ള മനുഷ്യപുരോഗതിയും. മനുഷ്യമനസ്സിൻെറ ശാന്തിയും സൌഖ്യവും, നിലകൊള്ളുന്നത് ആത്മാവിൻെറ അന്തർല്ലീനമായികിടക്കുന്ന ശക്തിവിശേഷങ്ങളുടെ പരിപോഷണത്തിലാണ്. ഇതാണ് ഇഖ്ബാൽ നമ്മെ ഈ കൃതിയിൽകൂടി അനുസ്മരിപ്പിക്കുന്നത്.

തത്വചിന്താപരമായി ഇഖ്ബാലിൻെറ കാവ്യപ്രതിഭകളുടെ പ്രകടനമാണ് നാം "അസ്റാറെഖുദി" എന്ന അദ്ദേഹത്തിൻെറ കാവ്യത്തിൽ ദർശിക്കുന്നത്. ആത്മരഹസ്യങ്ങൾ എന്നർത്ഥം വരുന്ന ഇത് പേർഷ്യൻ ഭാഷയിലെ അദ്ദേഹത്തിന്റെ ആദ്യകൃതിയാണ്. തത്വചിന്തകനും കവിയുമായ ഇഖ്ബാലിനെ പ്രശസ്തിയുടെ പാരമ്യത്തിലേക്കുയർത്തിയതും, അദ്ദേഹത്തിനു വിശ്വമഹാകവികൾക്കിടയിൽ അഗ്രഗണ്യമായ ഒരു സ്ഥാനം നേടിക്കൊടുത്തതും ഈ കൃതിയാണ്. വിശ്വസാഹിത്യത്തിലെ ഏത് വിശിഷ്ടകാവ്യത്തോടും കിടപിടിക്കത്തക്കതാണ് അസ്റാറെഖുദി എന്നു നിരൂപകർപോലും ഏകകണ്ഠമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. അഹന്ത (Ego) എന്ന പ[illegible]യെ അധികരിച്ചുള്ള ഉജ്ജ്വലവും, ചിന്താമധുരമായ പ്രബോധനങ്ങളാണ് ഇതിലുള്ളത്. "ഖുദി" (Ego or self) എന്ന പേർഷ്യൻ പദത്തിന് ആ ഭാഷയിൽ ഇന്നത്തെ സ്ഥാനം ലഭിക്കാൻ കാരണം ഇഖ്ബാലിൻെറ "അസ്റാറെഖുദി"യാണ്.

ആത്മരഹസ്യങ്ങൾക്കശേഷം പ്രസിദ്ധീകൃതമായ "റുമൂസേബേഖുദി" (Mysteries of selflessness) എന്ന പേർഷ്യൻ കൃതിയും തികച്ചും തത്വചിന്താപരമാണ്. ആദ്യത്തേതിൽ വ്യക്തിയുടെ അഹന്തയേയും (ഖുദി) അതിന്റെ വളർച്ചയെയുമാണ് വിഷയമാക്കിയിരിക്കുന്നതെങ്കിൽ, രണ്ടാമത്തേതിൽ സമഷ്ടിയുടെ അഹന്തയേയും അതിന്റെ പരിപോഷണത്തേയും അധികരിച്ചുള്ള സിദ്ധാന്തങ്ങൾ ആവിഷ്കരിച്ച്, ആത്മഹനനത്തിന്റെ അപകടത്തെക്കുറിച്ച് അനുവാചകരെ ബോധവാന്മാരാക്കുകയും കൂടി ചെയ്യുന്നു.

ഇഖ്ബാലിൻെറ നവീനങ്ങളായ ചിന്തകളെയും, ആശയങ്ങളെയും നാം കണ്ടുമുട്ടുന്നത് അദ്ദേഹത്തിന്റെ "ജാവിദ്നാമാ (അനശ്വരഗ്രന്ഥം) എന്ന കൃതിയിലാണ്. ഇന്നത്തെ ദുർബ്ബലങ്ങളായ രാഷ്ട്രീയ-സാമ്പത്തിക സിദ്ധാന്തങ്ങളെയും, ഭൌതികത്വത്തിന്റെ കഴമ്പില്ലായ്മയെയും, മറ്റും ഇഖ്ബാൽ വെല്ലുവിളിക്കുകയും, നന്നായിതൊലിയുരിച്ചു കാണിക്കുകയും ചെയ്യുന്നത് ഈ കൃതിയിലാണ്. ഇറ്റാലിയൻ കവിയായ ഡാന്റേയുടെ പ്രശസ്ത ഗ്രന്ഥമായ "Divine Comedy" യുമായി 'ജാവിദ്നാമ'ക്ക പലതരത്തിലും സാമ്യമുണ്ട്. ബിയാട്രീസ് എന്ന തൻെറ അന്തരിച്ച കാമുകിയാൽ ആനീതനായി സ്വർഗ്ഗ-നരകങ്ങളിൽ ഡാന്റേ നടത്തുന്ന പര്യടനാനുഭവങ്ങളാണ് ഡിവൈൻ കോമഡിയിലെ പ്രതിപാദ്യം. അതുപോലെ ഇഖ്ബാൽ ഏററവുമധികം ആദരിച്ചിരുന്ന, അദ്ദേഹത്തിൻെറ ചിന്തകളിൽ നന്നായി സ്വാധീനം ചെലുത്തിയിട്ടുള്ള ജലാലുദ്ദീൻ റൂമിയുടെ ആത്മാവാണ് ഇഖ്ബാലിനെ നവഗ്രഹങ്ങൾതോറും, നയിക്കുന്നതും സ്വർഗ്ഗത്തിലേക്കാനയിക്കുന്നതും, അവിടെവെച്ച് മരിച്ചുപോയിട്ടുള്ള വീരാത്മാക്കളുമായി പരിചയപ്പെടുത്തുന്നതും. അന്തരിച്ച വീരാത്മാക്കൾ തങ്ങളുടെ ജനതക്കേൽപ്പിക്കാൻ ഇഖ്ബാലിന് ഒരോ സന്ദേശങ്ങൾ നല്കുന്നു. ആ സന്ദേശങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാനതത്വം.

ഉർദുവിൽ എഴുതപ്പെട്ട ചില ഖണ്ഡകാവ്യങ്ങളുടെ സമാഹാരമായ "ബാലേജിബ്രീൽ" (ജിബ്രീലിന്റെ ചിറക്) ആധുനികലോകത്തെപ്പററി ഗാഢമായിപഠിച്ച് വിമർശനം നടത്താനും, യുക്തിപൂർവ്വം നിരീക്ഷിക്കാനും നമ്മെ ആഹ്വാനംചെയ്യുന്നു. ഇഖ്ബാലിന്റെ ഇതര കൃതികളെപ്പോലെ ഇതും ഉർദുസാഹിത്യത്തിലെ ഒരനർഘരത്നമാണ്. ഇതിൽ "ലെനിൻ" "മുല്ലയും സ്വർഗ്ഗവും" "ജാവീദിനോട്" 'മുസ്സോലിനി' 'പഞ്ചാബിലെ കർഷകരോട്' തുടങ്ങിയ കവിതകളാണുള്ളത്. ഇവയിൽ പലതും സ്പെയിനിൽവെച്ചെഴുതിയതാണെന്നു പറയപ്പെടുന്നു.

ഇഖ്ബാൽ വിഭാവനംചെയ്തിരുന്ന സാമുദായികവും, രാഷ്ട്രീയവും, സാമ്പത്തികവുമായ നവോത്ഥാനത്തിൻെറ ചിത്രങ്ങളാണ്, അദ്ദേഹത്തിൻെറ "സഞ്ചാരി" "ഇനിയെന്താചെയ്യാൻ" എന്നീ കൃതികളിൽ പ്രതിഫലിക്കുന്നത്. ഇവരണ്ടും പൌരസ്ത്യജനതയെ അഭിമുഖീകരിച്ചെഴുതിയതാണ്. ഇററലിയുടെ അബിസ്സീനിയൻ ആക്രമണത്തെക്കുറിച്ചുള്ള ഒരു കവിതക്കുപുറമെ, 'ശരീഅത്തിന്റെ രഹസ്യം' 'മൂസയുടെമഹിമ', 'സ്വതന്ത്രമനുഷ്യൻ തുടങ്ങിയവയാണ്, ഇനിയെന്ത്ചെയ്യാൻ എന്നകൃതിയിലെകവനങ്ങൾ. മഹാകവി തൻെറ അഫ്ഗാൻ സന്ദർശനവേളയിലെഴുതിയ "സഞ്ചാരി" യിൽ 'അതിർത്തിദേശക്കാരോട്', 'നാദിർഷയോടുള്ള ഉൽബോധനം' തുടങ്ങിയകവനങ്ങളുൾക്കൊള്ളുന്നു.

മുസ്ലിംകളുടെ സാംസ്കാരികോന്നമനത്തെ ഉദ്ദേശിച്ചുകൊണ്ട് രചിച്ചതാണ് "അറുമുഗാനേഹിജാസ്" എന്ന ഖണ്ഡകാവ്യം. ഇഖ്ബാലിന്റെ അന്ത്യകാലത്തെ വികാര-വിചാരങ്ങളേയും, പ്രത്യാശകളെയും, പ്രതിഫലിപ്പിക്കുന്ന ഈ കൃതി അദ്ദേഹത്തിന്റെ മരണാനന്തരമാണ് പ്രസിദ്ധീകരിച്ചത്. 'മുസ്ലിംകളുടെ മുമ്പിൽ', 'പ്രവാചകന്റെ മുമ്പിൽ', തുടങ്ങിയ ഇതിലെകവിതകൾ ഇസ്ലാമികസംസ്കാരത്തിന്റെ നവോത്ഥാനത്തെ ഉദ്ദേശിച്ചുകൊണ്ടാണെഴുതിയത്.

ഇസ്ലാമിന്റെ നഷ്ടപ്പെട്ടുപോയ സാംസ്കാരികചൈതന്യവും പ്രതിഭയും, വീണ്ടെടുക്കുവാനും, മുസ്ലിംകളെ ആത്മീയമായും, ഭൌതികമായും, പുനരുദ്ധരിക്കുവാനുമുള്ള ഇഖ്ബാലിന്റെ പരിശ്രമങ്ങളുടെ ആകത്തുകയാണ് "സബൂരെ അജം" അഥവാ പേർഷ്യയുടെ സ്തോത്രങ്ങൾ എന്ന കൃതി. ഇഖ്ബാൽ എന്ന വ്യക്തിയിലെ സദ്ഗുണസമ്പന്നനായ കവിയേയും, വിപ്ലവചൈതന്യംതുടിക്കുന്ന പരിഷ്കർത്താവിനേയും, നവീനാശയങ്ങളുൾക്കൊള്ളുന്ന ചിന്തകനേയും, നാം ഇതിൽ കണ്ടുമുട്ടുന്നു. 'ഗുൽസാറെറാസിജദീദ്', 'ബന്തഗീനാമ' എന്നിപേരുകളാൽ രണ്ടായി വിഭജിക്കപ്പെട്ടാണിതെഴുതിയിട്ടുള്ളത്.

"സർബെകലീം" എന്നകൃതിയിൽ ഇഖ്ബാൽ പാശ്ചാത്യപൌരസ്ത്യ ആദർശങ്ങൾ തമ്മിൽ മാററുരച്ചുനോക്കുകയും, ആധുനികതത്വത്തെ (Modernity) ശരിയായി വിലയിരുത്തിച്ചിന്തിക്കുകയുമാണ് ചെയ്യുന്നത്. 'അദ്ധ്യാപനവും വിദ്യാഭ്യാസവും,' 'സ്ത്രീ,' 'പൌരസ്ത്യപാശ്ചാത്യരാജ്യങ്ങളിലെ രാജ്യതന്ത്രം,' 'ഇസ്ലാമും മുസ്ലിമും' മുതലായ കവിതകളാണിതിലെ ഉള്ളടക്കം.

ഇങ്ങനെ നോക്കുമ്പോൾ മററുകവികളുടെ കവിതകളിൽ കാണാത്തത്ര വൈവിദ്ധ്യപൂർണ്ണവും, നവീനവുമായ ആശയങ്ങളുൾക്കൊള്ളുന്നതാണ് ഇഖ്ബാൽക്കവിത എന്നു കാണാവുന്നതാണ്. വിവിധങ്ങളായ മാനുഷികപ്രശ്നങ്ങളെ നയപരമായി വിശകലനംചെയ്തു, അവക്കുള്ള പരിഹാരങ്ങളും, ഇഖ്ബാൽ നിർദ്ദേശിക്കുന്നു. ആധുനികതത്വത്തെ ഇഖ്ബാൽ ഇഷ്ടപ്പെടുന്നവെങ്കിലും അതിനെത്തന്നെ മുറുകെപ്പിടിക്കുന്നില്ല. അതുപോലെത്തന്നെ പഴമയെ മാനിക്കുന്നുവെങ്കിലും, അതിനെത്തന്നെ ആശ്ലേഷിക്കുന്നുമില്ല. ചുരുക്കത്തിൽ പഴമയുടെയും, പുതുമയുടെയും സമ്മിശ്രസമ്മേളനമാണ് ഇഖ്ബാൽ തന്റെ കവിതയിലൂടെ നമുക്ക് കാഴ്ചവെക്കുന്നതു്. അതത്രെ അദ്ദേഹത്തിൻെറ വിജയവും.

# *ജനാധിപത്യം — ഇന്ത്യയിൽ

*കെ. വി. ചാക്കോ, III B. Sc.*

ഭാരതത്തിന്റെ ഭാവിയെക്കുറിച്ച് ഉൽക്കണ്ഠയുള്ളവരെല്ലാം ജനാധിപത്യത്തിന് ഇന്ത്യയിൽ എന്തു സംഭവിക്കാൻ പോകുന്നുവെന്നും, ഇന്നെന്തു സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നും ചിന്തിക്കുന്നവരാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമെന്ന പേര് ഇന്ത്യക്കാണ് ഉള്ളത്. രാജ്യത്തെ ജനങ്ങൾ പങ്കെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഭരണവ്യവസ്ഥയാണ് ജനാധിപത്യനാടുകളിലുള്ളത്. ഈ വ്യവസ്ഥയുടെ ഒരു ഉത്തമദൃഷ്ടാന്തം നമുക്കിവിടെ പ്രായോഗികമാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ ഭാവി അനിശ്ചിതമാണ്. കാറും കോളും കൊണ്ട് അന്തരീക്ഷം കലുഷിതമായിത്തീർന്നിരിക്കുന്നു. പ്രതീക്ഷക്കുപകരം നിരാശ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചുതുടങ്ങിയിരിക്കുന്നു. രാജ്യസ്നേഹികളാകെ ഈ നിലക്കൊരറുതിവരുത്താൻ ആത്മാർത്ഥമായി കർമ്മരംഗത്തേക്കിറങ്ങേണ്ടിയിരിക്കുന്നു.

നമ്മുടെ രാജ്യത്തെ ജനാധിപത്യത്തെക്കുറിച്ച് പറയുമ്പോൾ അതിന്റെ ചരിത്രപശ്ചാത്തലത്തിലേക്ക് ഒന്ന് കണ്ണോടിക്കാതിരിക്കാൻ സാദ്ധ്യമല്ല. പല തട്ടുകളിലായി വിഭജിക്കപ്പെട്ടുകിടന്നിരുന്ന ഭാരതജനത പലരാജാക്കന്മാർക്ക് അടിമപ്പെട്ട് ജീവിച്ചുവരാണ്. അതിനുശേഷം വൈദേശികമേധാവിത്വം വന്നു. ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ഇവിടെ കൊടികുത്തിവാണു. അലയടിച്ചുണർന്ന ജനരോഷത്തിന്റെ മുമ്പിൽ ഏതു മർദ്ദകനും ചൂഷകനും പത്തിതാഴ്ത്തേണ്ടിവരും. നൂറ്റാണ്ടുകൾ ഇന്ത്യൻ ജനതയെ ചൂഷണംചെയ്ത ബ്രിട്ടീഷുകാർക്ക് അവസാനം വളർന്നുവന്ന ദേശീയബോധത്തിനും സ്വാതന്ത്ര്യബോധത്തിനും മുമ്പിൽ മുട്ടുകുത്തേണ്ടിവന്നു. അങ്ങിനെയാണ് ഭാരതാംബയുടെ കാലുകളിൽനിന്നും അസ്വാതന്ത്ര്യത്തിന്റെ ചങ്ങല പൊട്ടിച്ചിട്ട്, സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും വിശാലമായമുറ്റത്തേക്ക് അവർക്ക് സ്വന്തം പുത്രന്മാർ വരവേല്പ് നൽകിയത്.

സ്വാതന്ത്ര്യം ലഭിച്ചതോടുകൂടി ഒരു ജനാധിപത്യവ്യവസ്ഥയിവിടെയുണ്ടായി; ഒരു ദേശീയസർക്കാർ ഇവിടെ അധികാരമേററു. സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്തുകൊണ്ട് രാഷ്ട്രപിതാവായ ഗാന്ധിജി സ്വാതന്ത്ര്യമെന്നതുകൊണ്ട് രാജ്യത്തെമുഴവൻ ജനങ്ങൾക്കും സുഖമായി, സമാധാനത്തോടുകൂടി ജീവിക്കാനാവശ്യമായ വ്യവസ്ഥയെന്നാണ് ഞാനുദ്ദേശിക്കുന്നത് എന്ന് പറഞ്ഞിരുന്നു. പുതുതായി അധികാരത്തിൽവന്ന സർക്കാർ ഇത്തരത്തിലുള്ള ഒരു സമൂഹത്തെ, ഒരു സാമൂഹ്യവ്യവസ്ഥയെ സൃഷ്ടിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാണെന്നു വന്നു. ആങ്ങിനെ ഇരുപത്തിമൂന്ന് സംവത്സരങ്ങളിലായി പുതിയ പുതിയ പദ്ധതികളും ഭരണപരിഷ്ക്കാരങ്ങളും അരങ്ങേറി. ജനങ്ങൾ പലതവണ വോട്ടുചെയ്തു. നിയമസഭകൾ സ്ഥാപിതമാവുകയും മന്ത്രിസഭകൾ അധികാരമേല്ക്കുകയുംചെയ്തു. ജനഹൃദയങ്ങളിൽ ആവേശവും സന്തോഷവും ഓളംതല്ലി. വരാനിരിക്കുന്ന നല്ലകാലത്തെ കണ്ണുംനട്ട് അവർ കാത്തിരുന്നു. ഈ രാജ്യത്ത് പട്ടിണിയും പരിവട്ടവും ഇല്ലാതാകുമെന്നും, ഇവിടെ അന്യോന്യം കഴുത്തറുക്കുന്ന കാട്ടാളത്തം അവസാനിക്കുമെന്നും സ്വപ്നംകണ്ടു. സ്വന്തംകാലിൽ നിന്നുകൊണ്ട്

---

* വാർഷികദിനത്തോടനുബന്ധിച്ചു നടത്തിയ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ ലേഖനം.

അമ്പതു്കോടി ജനങ്ങളെ തീററിപ്പോററാനും സൌഖ്യമായി പരിപാലിക്കാനും ഭാരതത്തിനു് ഇതാ കഴിയാൻപോകുന്നു എന്നായിരുന്നു എല്ലാ ഹൃദയങ്ങളും മന്ത്രിച്ചതു്.

പക്ഷേ മന്ത്രം മന്ത്രമായിത്തന്നെ അവശേഷിച്ചു. സ്വപ്നം സ്വപ്നമായിത്തന്നെ കലാശിച്ചു. പട്ടിണി ഇല്ലാതായില്ലെന്നു് മാത്രമല്ല, കുറേക്കൂടി പെരുകി. തൊഴിലില്ലായ്മ അപ്രത്യക്ഷമായില്ല, പ്രത്യുത വലിയൊരു ഭീഷണിയായി വളർന്നുപൊങ്ങി. ജനങ്ങൾക്കു് സമാധാനജീവിതം നയിക്കാൻ സാധിച്ചില്ല. പലേടത്തും മനുഷ്യജീവൻ മണ്ണിൽ പിടഞ്ഞു പിടഞ്ഞു് പറന്നുപോയി. വർഗ്ഗീയസംഘട്ടനങ്ങൾ, ലഹളകൾ, വെടിവെപ്പുകൾ, ലാത്തിച്ചാർജ്ജുകൾ് അങ്ങിനെയങ്ങിനെ അനസ്യൂതത്തിൻെറ കൈ പ്രതിബന്ധപ്പെടാതെ നീങ്ങി.

നിലവിലുള്ള ജനാധിപത്യഗവൺമെൻറു് പരാജയമായിരുന്നുവെന്നതു് അംഗീകരിക്കാതെവയ്യ. വളരെയൊക്കെ ചെയ്യാൻകഴിഞ്ഞു എന്നതു് ആരും നിഷേധിക്കുകയില്ല. എന്നാൽ ചെയ്തതും ചെയ്യാതെ ബാക്കിയായതും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ, ആരും അമ്പരന്നുപോകും. ജനങ്ങൾ പ്രയാസപ്പെടുന്നു. ജീവിക്കാൻ കഷ്ടപ്പെടുന്നു. ഈ നിലക്കു് ഗവർമ്മെണ്ടിൻെറ നയങ്ങളെ എങ്ങിനെ വിമർശിക്കാതിരിക്കും ?

ഭാരതത്തിൻെറ അഭിമാനപുത്രനായ ജവഹർലാൽ തൻെറ "വിശ്വചരിത്രാവലോകന"ത്തിൽ ജനാധിപത്യത്തിനു് നിർവ്വചനം കൊടുത്തുകൊണ്ടു പറയുന്നു: "ജനാധിപത്യം സമത്വസാഹോദര്യത്തിലധിഷ്ഠിതമായ വ്യവസ്ഥയാണു്. ഒരു വോട്ടുചെയ്യാൻമാത്രമുള്ള അവകാശമോ സന്ദർഭമോ മാത്രമുണ്ടായാൽ ജനാധിപത്യം പൂർണ്ണമാകുകയില്ല. സാമ്പത്തികമായും സാമൂഹ്യമായും ഒരു ജനതക്കു് തുല്യ സന്ദർഭവും അവകാശവും ലഭിക്കുമ്പോഴേ ജനാധിപത്യമാകുകയുള്ളൂ."

നെഹറുവിൻെറ നിർവ്വചനത്തിലടങ്ങിയ ജനാധിപത്യസിദ്ധാന്തം വെച്ചുകൊണ്ടു് നമ്മുടെചുററും ഇന്നു് നടക്കുന്നതെന്താണെന്നൊന്നു്നോക്കാം. അതു് ജനാധിപത്യമല്ല, മറ്റെന്തോ ആണു്. കയ്യൂക്കുള്ളവൻ കാര്യക്കാരനെന്ന പഴഞ്ചൻസിദ്ധാന്തം കാലഹരണപ്പെട്ടുവെന്നു് പറഞ്ഞാൽ ഇന്നു് വിശ്വസിക്കുകവയ്യ. അതാണിന്നും നടക്കുന്നതു്. ജന്മിത്വസമ്പ്രദായം നിലനില്ക്കുന്നു. ചൂഷണോപാധികളുടെ വേരറുത്തിട്ടില്ല. മർദ്ദനത്തെ തഴഞ്ഞിട്ടില്ല. മർദ്ദകൻെറ കൈപിടിച്ചു്കെട്ടിയിട്ടില്ല. സർക്കാരും അതിൻെറ മിഷനറിയും യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടക്കുന്നു. ഉദ്യോഗസ്ഥമേധാവിത്വം പ്രകടമാകുന്നു. ജനങ്ങൾക്കു് തുല്യനീതി ലഭിക്കുന്ന നെഹറുവിൻെറ വ്യവസ്ഥയെങ്ങു്? ഭാരതത്തിലെ കൊണ്ടാടപ്പെടുന്ന ഇന്നത്തെ "സോഷ്യലിസ" മെങ്ങു് ?

രാജ്യത്തിൻെറ മുഖത്തുനോക്കിയാൽ ഒരു കൊലപ്പുള്ളിയുടെ രൂപവും ഭാവവുമാണു് കാണാൻ കഴിയുന്നതു്. ഭൂരിപക്ഷത്തിന്റെയും ന്യൂനപക്ഷത്തിൻെയും പ്രശ്നങ്ങളാണു് അന്തരീക്ഷത്തെ പ്രകമ്പിതമാക്കുന്നതു്. രണ്ടുഭാഗത്തു നിന്നുമുയരുന്ന അവകാശവാദങ്ങളും ആരോപണ പ്രത്യാരോപണങ്ങളും ദിഗന്തങ്ങളിൽ തട്ടി മാറ്റൊലികൊള്ളുന്നു. ഇന്ത്യയിൽ മുസ്ലിം മാത്രമോ ഹിന്ദു മാത്രമോ ക്രിസ്ത്യൻ മാത്രമോ അല്ല ഉള്ളതു്. അല്ലെങ്കിൽ ഹിന്ദുവല്ല ഇന്ത്യ, മുസ്ലീമുമല്ല ഇന്ത്യ ഹിന്ദുവും മുസ്ലീമും ക്രിസ്ത്യനും ബൌദ്ധനും പാർസിയുമെല്ലാം ഇന്ത്യക്കാരാണു്. ഒരേ ഞെട്ടിൽവിടർന്ന കുസുമങ്ങളെപ്പോലെ കഴിയേണ്ടവരാണിവരെല്ലാം. അത്തരം ഒരവസ്ഥ സംജാതമായേ പററൂ.

പരിശുദ്ധമായ നിയമസഭാതലം വർഗ്ഗീയവിഷത്തിന്റെ കെട്ടഴിക്കാനും ഉപദ്രവങ്ങളുടെയും അക്രമങ്ങളുടെയും ഭാഗത്തെ ന്യായീകരിക്കാനും ഉപയോഗപ്പെടുത്തുന്നതു് നമ്മുടെ ജനാധിപത്യത്തിൻെറ കൊള്ളരുതായ്മക്കുദാഹരണമാണു്.

ദേശീയോദ്ഗ്രഥനത്തിന്റേതായ ആശയം ഇന്ത്യയിൽനിന്നും പമ്പകടന്നിരിക്കുന്നു. മഹാരാഷ്ട്രയിൽ ശിവസേന, ആസാമിൽ ലച്ചിത് സേന, പഞ്ചാബിൽ അകാലിദളം, തമിഴ്നാട്ടിൽ ഡി. എം. കെ, ഡൽഹിയിൽ ജനസംഘം എന്നിങ്ങനെയുള്ള കൃമികീടങ്ങളുടെ കേളീരംഗമായി ഭാരതം അധഃപതിച്ചിരിക്കുന്നു. തെക്കേ ഇന്ത്യക്കാരനു് വടക്കേ ഇന്ത്യയുടെ പടികടന്നുകൂടാ. അതുപോലെതന്നെ തമിഴനല്ലാത്തവൻ തമിഴ്നാട്ടിൽ വിദേശിയാണു്. ഇത്തരത്തിലുള്ള പ്രാദേശിക ചിന്തകൾക്കു് വളംവെക്കുന്ന കാര്യത്തിൽ സുപ്രധാനമായൊരു പങ്കു്വഹിച്ചതു് നമ്മുടെ 'ജനാധിപത്യ വ്യവസ്ഥ'യാണു്. അതുകൊണ്ടുതന്നെ ഈ വ്യവസ്ഥകളങ്കപ്പെട്ടുമിരിക്കുന്നു.

സോഷ്യലിസത്തിലേക്ക് അനുസ്യൂതം നാം നീങ്ങുകയാണെന്ന് പറയപ്പെടുന്നു. ഭൂരിപക്ഷംവരുന്ന ജനങ്ങൾ ഭരിക്കുന്ന വ്യവസ്ഥയാണല്ലോ ജനാധിപത്യം. അതിന്റെ ഏറ്റവും സമ്പന്നവും പരിശുദ്ധവുമായ ഒരവസ്ഥയാണ് സോഷ്യലിസത്തിൽ കാണുക. സമൂഹത്തിലെ കോടിക്കണക്കായ പാവപ്പെട്ടവരുടെ വ്യവസ്ഥയാണ് സോഷ്യലിസം, അതുകൊണ്ട്തന്നെ അത് ജനാധിപത്യത്തിന്റെ മണിമകുടവുമാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ സുഖിക്കാത്ത ജനങ്ങളില്ല. ദാരിദ്ര്യവും തൊഴിലില്ലായ്മയുമില്ല. എല്ലാവർക്കും ഒരുപോലെ അവസരങ്ങളുണ്ട്. ഉൽപാദനോപാധികളായ യന്ത്രങ്ങൾ, ഫാക്ടറികൾ, അസംസ്കൃതവസ്തുക്കൾ, ഭൂമി ഇവയെല്ലാം ജനങ്ങളുടെ കൈവശമാണ്. ഒരു മദ്ധ്യസ്ഥന്റെ പങ്കാണ് സർക്കാറിനുള്ളത്. അത്തരം ഒരു വ്യവസ്ഥയിലേക്കാണോ നാം ശരിക്കും ചലിക്കുന്നത്? സംശയമാണ്. ഇവിടത്തെ 80% ഭൂമിയും സ്വകാര്യ ഉടമയിലാണ്. അതുപോലെത്തന്നെ 75%വരുന്ന വ്യവസായങ്ങളെല്ലാം സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. ഇതെല്ലാം ദേശസാൽക്കരിക്കുകയും പൊതുവുടമയിലാക്കുകയും ചെയ്യാതെ എന്ത് സോഷ്യലിസം? അങ്ങിനെ പൊതുവുടമയിലാക്കാനുള്ള സംരംഭമില്ലാത്തിടത്തോളം എന്ത് സോഷ്യലിസം?

നമ്മുടെ ജനാധിപത്യത്തിന്ന് പേരുണ്ട്, പ്രശസ്തിയുണ്ട്, പെരുമയുണ്ട്. ലോകത്തെങ്ങും അത് വാഴ്ത്തപ്പെടുന്നുമുണ്ട്. പക്ഷേ ഉള്ളിലേക്കിറങ്ങിച്ചെന്നാൽ അവിടെ ചപ്പും ചവറും ചിഞ്ഞളിഞ്ഞ് ദുർഗന്ധം നാറുന്നുണ്ട് എന്ന് നമുക്ക് കാണാം. ജനാധിപത്യത്തിന്റെ മറവിൽ ജനാധിപത്യവിരുദ്ധമായ പലതും ഇവിടെ നടക്കുന്നുണ്ട്.

ജനങ്ങൾക്ക് വോട്ടുണ്ട്. വോട്ടുചെയ്യാനവകാശമുണ്ട്. ഇത് ജനാധിപത്യമല്ലാ എന്നാരും പറയുകയില്ല. പക്ഷെ, ഇതുകൊണ്ട് മാത്രമായോ? ജനങ്ങളുടെ വോട്ടുകൾ തട്ടിയെടുക്കാൻ, മധുരോദാരമായ സുന്ദര വാഗ്ദാനങ്ങളുമായി മണിമേടകളിൽനിന്നും ഇവിടത്തെ അനുഗൃഹീതർ ഇറങ്ങിവരുന്നു. എല്ലാ ചെറ്റക്കുടിലിന്റെ മുമ്പിലും അകത്തും ഇവരന്ന് വരും. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ, തങ്ങൾ തെരഞ്ഞെടുത്തയച്ച വ്യക്തിയുടെ പൊടിപോലും പിന്നെ കാണുകയില്ല. ഈ തെരഞ്ഞെടുക്കപ്പെടുന്ന എം. എൽ എ.മാരും എം. പി. മാരും നിയമസഭകളിൽ ചെന്നാൽ, പിന്നെ ലക്കം ലഗാനമില്ലാത്ത പ്രഭാഷണങ്ങളാണ്. അവിടെ അതുണ്ട്, ഇവിടെ മറേറതുണ്ട്, അതൊക്കെ മാറ്റണം, അല്ലെങ്കിൽ പരിഷ്കരിക്കണം, അതുമല്ലെങ്കിൽ അഴിച്ചുപണിയണം. ഇത്തരത്തിലുള്ള പ്രസംഗങ്ങളല്ലാതെ പ്രായോഗിക പ്രവർത്തനരംഗത്ത് ഈച്ചപ്പിറക്പോലും കാണുകയില്ല. ഈ മാന്യന്മാരുടെ 'ശരിയായ' പ്രതിനിധികൾതന്നെയാണ് മന്ത്രിമാരുമാകുന്നത്. പൊതുമുതൽ ധൂർത്തടിച്ച് നശിപ്പിക്കുകയെന്നതൊഴിച്ചാൽ ഇക്കൂട്ടർക്ക് മറ്റൊന്നും ചെയ്യാനില്ലേയെന്ന് തോന്നിപ്പോകും. ഇതുപോലെത്തന്നെ 'ഗവർണ്ണർമാർ' എന്നൊരു വിഭാഗം. ദന്തഗോപുരനിവാസികളാണിവർ. ആഡംബരഭ്രമത്തതയാണിവരുടെ ജീവിതത്തിന്റെ കാതലായവശം. ഇവരെയും പോററുന്നത് പാവപ്പെട്ടവന്റെ വിയർപ്പുതുള്ളികളാണ്. ഇവരും അഹങ്കരിച്ച് വിലസുന്നത് ജനാധിപത്യത്തിന്റെ മാധുര്യംകൊണ്ട്!

സമൂലമായ പരിവർത്തനം നടക്കണം. അഥവാ നടത്തണം. പരിവർത്തനമെന്ന് പറയുമ്പോൾ, അത് മാറ്റമാണ്. മാററം രണ്ടു വിധമുണ്ടെന്ന് കൈനിക്കര കുമാരപിള്ള ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ഒന്ന്, സംഭവിക്കുന്നത്. മറ്റേത്, സംഭവിപ്പിക്കേണ്ടത്. ഇന്നത്തെ ദന്തഗോപുരങ്ങൾക്കും, ചെറ്റക്കുടിലുകൾക്കും പകരം നിത്യനൂതനമായ മററു ഗൃഹങ്ങൾ ഉയരണം. എല്ലാവരും ഒരുപോലെ രസിക്കുന്ന കാലം വന്നെത്തണം.

ഭാരതത്തിലെ ജനാധിപത്യത്തെപ്പററിപ്പറയുമ്പോൾ അതെത്രയോ വിപുലവും ഗഹനവുമായി നീണ്ടുപോകും. ഇവിടെ ഒരു തരം ജനാധിപത്യമുണ്ട്, അത് അംഗീകൃതമാണ്. ജനാധിപത്യത്തിന്റെ ഫലങ്ങൾ ഭാരതീയർക്ക് വേദനയുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ജനാധിപത്യം ഉപേക്ഷിച്ച് മറ്റൊന്ന് വാഴുകയോ അല്ലെങ്കിൽ ഇതിനുതന്നെ പരിഷ്കാരങ്ങൾ വരുത്തി മോടിപിടിപ്പിക്കുകയോ ചെയ്യേ പറ്റൂ.

# കലാലയമേ; വിട തരൂ!

*പി. കെ. രാധാകൃഷ്ണൻ, III-B. Sc.*

കലാലയമേ,

സുന്ദരിയായൊരു ദേവതയാണ് നീ— ദിവ്യജ്യോതിസ്സ് പൊഴിച്ചുനില്ക്കുന്ന ഒരു താരമാണ് നീ—അനർഘമായ ഒരു രത്നമാണ് നീ.

നിന്റെ ശ്രേയസ്സ്—അതാണ് ഞങ്ങളുടെ ലക്ഷ്യം...

ജീവിതത്തിൽ പുതിയ പുതിയ പന്ഥാവുകൾ തേടി നിന്നിൽനിന്നും ഞങ്ങൾ അകലുകയാണ്. ഈ അവസരത്തിൽ ഗദ്ഗദകണ്ഠരായി നിന്റെ അനുഗ്രഹത്തിനുവേണ്ടി; പരിപാവനമായ നിന്റെ പാദങ്ങളിൽ നമിക്കുകയാണ്... ഞങ്ങളെ അനുഗ്രഹിക്കൂ! ഞങ്ങൾ മുമ്പോട്ടുനീങ്ങട്ടെ!

ഇന്നലെവരെ നിന്റെ പേരിന്ന് യാതൊരു കളങ്കവും ഏൽക്കാതെ നിന്നെ ഞങ്ങൾ കാത്തുരക്ഷിച്ചു. ഇന്ന് നിന്റെ രക്ഷസ്സായി ഞങ്ങളുടെ പിൻഗാമികളെ ഭാരമേല്പിച്ച് ഞങ്ങൾ ഇറങ്ങിത്തിരിക്കയാണ്... അവരുടെ കരങ്ങൾക്ക് ശക്തിയും ഉണർവ്വും നല്കിയാലും! അല്ലയോ, കലാദേവതേ!

സഭ്യതയുടേയും സംസ്കാരത്തിന്റേയും പ്രതീകമാണ് നീ. നീ ഞങ്ങൾക്ക് പകർന്നുതന്ന സംസ്കാരവും സഭ്യതയും ഞങ്ങൾ എന്നെന്നും കാത്തുസൂക്ഷിക്കും.

വർഷങ്ങൾക്ക് മുമ്പ് അന്ധകാരത്തിന്റെ ഭാണ്ഡവുമേറി നിന്റെ പടികളെത്തിയ ഞങ്ങൾ... ഇന്ന് വിജ്ഞാനത്തിന്റെ വഴിയൊരു ഭാരവുംപേറി നിന്റെ പടവുകൾ ഇറങ്ങുകയാണ്— എന്നെന്നേയ്ക്കുമായി—ഞങ്ങളെ അനുഗ്രഹിക്കൂ

കലാലയമേ,

നിന്നിലെ സംസ്കാരത്തിന്റെയും സഭ്യതയുടേയും ശില്പികളോടുള്ള ഞങ്ങളുടെ കടപ്പാട് അവർണ്ണനീയമാണ്. അത് ഒരിക്കലും ഞങ്ങൾ മറക്കുകയില്ല. ഈ അവസരം അവരുടെ പാദങ്ങളിൽ പുഷ്പാഞ്ജന നടത്തുവാൻ ഞങ്ങൾ വിനിയോഗിക്കട്ടെ! അതുകൂടാതെ

അവരോട് അപേക്ഷിക്കുകയാണ്. ഞങ്ങളെ അനുഗ്രഹിക്കൂ!

ഇന്ന് ഞങ്ങൾ നിന്റെ പടവുകൾ ഇറങ്ങി പോവുകയാണെങ്കിലും നിന്റെ ഉന്നമനത്തിനു വേണ്ടി നിന്റെ പിന്നിൽ ഞങ്ങൾ എന്നെന്നും ഉണ്ടായിരിക്കുമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ!

നിന്റെ സംസ്കാരം ലോകത്തിന്റെ നാനാ ഭാഗങ്ങളും വ്യാപിച്ചുകിടക്കുകയാണ്. നിന്റെ സംസ്കാരം പലതലമുറകൾക്കായി നീ പകർന്നു കൊടുത്തെങ്കിലും അന്നും ഇന്നും അതിന് അല്പമെങ്കിലും കോട്ടം തട്ടാതെ ഒരു പടിയെങ്കിലും മുമ്പോട്ട് പോയിരിക്കയാണെന്നുള്ള നഗ്ന സത്യം ഞങ്ങളെ ഹർഷപുളകിതരാക്കുകയാണ്.

കലാലയമേ,

നിന്റെ സംസ്കാരം—നീ ഞങ്ങൾക്ക് പകർന്നുതന്ന സംസ്കാരം, ഏഴുകടലുകൾക്കപ്പുറം ഞങ്ങളെത്തിക്കും.

നിന്റെ പരിപാവനമായ നാമധേയം— അന്തരീക്ഷത്തിന്റെ വിശാലതയിൽ സുവർണ്ണലിപികളിൽ ഞങ്ങളെഴുതും.

അവസാനമായി എന്തെങ്കിലും അപരാധങ്ങൾ അറിഞ്ഞോ അറിയാതെയോ ഞങ്ങൾ നിന്നെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ഞങ്ങളോട് ക്ഷമിക്ക! ഞങ്ങൾക്ക് മാപ്പുതരൂ!

ഞങ്ങളെ അനുഗ്രഹിക്കൂ! ഞങ്ങൾ മുമ്പോട്ട് നീങ്ങട്ടെ!

# Library Catalogue

M. Bava Kutty, B.Sc., M.Lib., Sc.,

A book can be placed only at one place in a library according to the subject contents of that book whereas the readers may seek the book through other approaches such as author, title other collaborators eg. translators, compilers, editors and so on. Here, the catalogue comes to the rescue of the reader. Therefore a catalogue can be rightly called a guide to the blind alley. A library catalogue can be a complete record of the material in a library. It is arranged in a definite order. There are many forms of library catalogues. Printed catalogues and card catalogues are prominent among them.

## Printed Catalogue

This is a record of material in a library in which entries are printed, most often, alphabetically by author. The main defect of this form of catalogue is that, in it, new additions cannot be incorporated. Since knowledge is ever growing and new books are published on various subjects all over the world, to maintain these catalogues, up-to-date printing of supplements became essential. Besides it being uneconomical, it was unscientific too. Therefore the card catalogue was found to be a suitable substitute for the printed one.

## Card Catalogue

In this form of the catalogue, each standard card 125×75 mm takes only one entry. The cards are arranged in trays and are kept in position by rods which pass through holes punched near the bottom of each card. In this arrangement new cards can be inserted at any point without disturbing or having to rewrite any of the already existing cards.

There are different types of library catalogues, but Dictionary and classified catalogues are the two outstanding ones. The Dictionary catalogue is much in vogue in American libraries. The British prefer it for public libraries and recommended the classified catalogue for academic libraries.

## Dictionary Catalogue

It is a "catalogue, usually on cards in which all entries—author, title, subject, series and the like and their related references are arranged together in

one general alphabet". For a public library, this type of catalogue would be useful because the readers who are laymen will find it easier to consult it. Moreover they do not require deep study of various subjects. Conversaly, in a college or research library the reader's approach is through subjects and they expect to have at one place everything on a subject which is available in a library. This is possible only in a classified, type of catalogue. In a Dictionary catalogue alphabetical scattering of the related entries is unavoidable.

## Classified Catalogue

It is "a catalogue arranged by subject according to a systematic scheme of classification". It consists of three parts : (a) The main body of the catalogue where the entries are made under subjects only, and the latter are arranged according to the symbols of the classification scheme in use (in our college library Ranganathan's colon classification) (b) an alphabetical author index, and (c) an alphabetical subject index.

Since, the classified catalogue is in use in our College Library, the rest of this article is devoted for a short description of the same.

## Functions of a Classified Catalogue

The sole function of a classified catalogue is to disclose to the reader all the holdings of the library on his topic of interest from whatever angle he pursues it. The reader may want to know all the resources of the library on a particular topic of a particular author or in a particular series or he may ask for a book of which he knows only the author or collaborator—editor, translator or illustrator—or merely its series or the editor of the series or the title or even some vague idea of its contents with only the slightest clue, it must be for him to find his book in the shortest possible time. In this design each book is given many entries.

## Main Entry

The main entry of the classified catalogue contains full bibliographical information. These cards are arranged according to the classification numbers. This arrangement is exactly parallel to the arrangement of the book on the shelves. The function of this entry is to bring to the notice of the reader who remembers its subject matter only. Here is an example of a main entry.

C9B2 K3
SAHA (Megh Nad)
Six lectures on Atomic Physics Ed 2
(Patna University, Readership lectures 1928)
25314

## Added Entries

All the other entries of a book are called Added entries. Some of these are specific to the particular book some share with other books. The function of the specific added entry is to bring the book to the notice of the reader who remembers only the name of its author, or any one of his collaborators, if any, or the series to which it may belong. The book being used as an example will admit of the following specific added entries.

(i) SAHA (Megh Nad)
Six Lectures on Atomic Physics Ed 2
C9B2 K3

(ii) Patna University, Readership Lecturers 1928 Saha : Six Lectures on Atomic Physics Ed 2 C9B2 K3

The added entries are arranged alphabetically by author, editor, title subject and so on as are the words in a dictionary, 'A', 'An' and 'The' are not considered. These entries contain the class number, as seen in the example, by the help of which the readers can find the book on the shelf.

The function of a general added entry is to direct the reader from the name of the subject to its class number, so that he may look up the appropriate region of the classified part of the catalogue for the books the library has on that subject. The book being catalogued will have to be brought to the notice of readers by the following class index entries.

For documents in this class and its sub-division see the classified Part of the catalogue under the class number. C9B2

For document......class number.

## Names of the Authors or Collaborators

The following points are to be remembered by the readers in the case of the names while referring the card catalogue.

In the case of Christian and Jewish names of modern times, the surname is written first with capital letters and forename is added thereafter.

eg. SHAW (George Bernard) ;

But in the case of modern hindu names, the last substantive word in the name is written first and all the earlier words and initials are added thereafter.

eg. GANDHI (M. K.) ; RAI (Lajpat)

In the case of South Indian names if the last substantive word merely indicates caste or community and the two substantive words both are written in their usual sequence.

eg. KESHAVA MENON (KP) ;
SIVASWAMY AIYAR (PS)

But in some cases, caste names or some other non-personal names may be given the first place as the authors themselves have shown their preference for that form.

eg. NAMPOODIRIPAD(EMS); MENON(KPS)

If the author of a publication is a Government, then the heading will be the English name of that country. And if the author is not the whole Government, but only an organ of it, then the sub-heading consists of the name of the organ or department.

eg :

(i) India, Publicity and Broadcasting
(Ministery of Publicntion (Division)

(ii) Kerala, Education (Ministery of.........)

# മലയാളനോവൽസാഹിത്യത്തിലെ ആധുനികതലമുറ

*കുട്ടി താന്നൂർ, B. Sc.*

പാടിപ്പഴകിയ പാട്ടുകൾ ഏറ്റുപാടാൻ തയ്യാറല്ലാത്ത, അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായി സാഹിത്യരചന നടത്താൻ ഒരുക്കമല്ലാത്ത ഒരു യുവതലമുറ നമ്മുടെ സാഹിത്യരംഗത്തേക്കു കയറിവന്നിരിക്കുന്നു. ഇവരിൽനിന്നും വല്ലതും പ്രതീക്ഷിക്കാനുണ്ടോ എന്ന ചോദ്യത്തിനുത്തരം പറയാൻ സമയമായിട്ടില്ല. വളക്കൂറുകളെല്ലാം ചൂഷണം ചെയ്യപ്പെട്ടുകഴിഞ്ഞ ഒരു മണ്ണിൽനിന്നും കൂടുതൽ ഫലഭൂയിഷ്ഠമായ ഒരിടത്തേക്കു് മലയാളനോവലിനെ പറിച്ചുനടാൻ ഇക്കൂട്ടർ ശ്രമിക്കുന്നുവെന്നതു ആസ്വാദകരെ സംബന്ധിച്ചിടത്തോളം സന്തോഷത്തിനു വകനല്കുന്ന ഒന്നാണു്.

മലയാള സാഹിത്യത്തിലെ ആചാര്യന്മാരടങ്ങുന്ന ഒരു തലമുറയുടെ ശക്തമായ എതിർപ്പിനെ അതിജീവിച്ചുവേണം ആധുനികരെന്നും അത്യാധുനികരെന്നും അറിയപ്പെടുന്ന ഈ ചെറുപ്പക്കാർക്കു് സാഹിത്യപ്രതിഷ്ഠ കണ്ടെത്താൻ. ഉയർന്നവരുടെയിടയിൽമാത്രം വസിച്ചിരുന്ന മലയാള നോവലിനെ റിക്ഷാക്കാരൻ പപ്പുവിന്റെയും, തോട്ടിയായ ചുടലമുത്തുവിന്റെയും, കുഞ്ഞിപ്പാത്തുമ്മയുടേയും കുടിലുകളിലേക്കു് നയിച്ച ദേവ്, ബഷീർ. തകഴി എന്നിവർ അവരുടെ മുൻതലമുറയുടെ എതിർപ്പിനു പാത്രീഭൂതരായി. അനീതിക്കും, മതാചാരങ്ങൾക്കുമെതിരെ തങ്ങളുടെ നോവലിലൂടെ ഇവർ എതിർപ്പിന്റെ അസ്ത്രമയച്ചപ്പോൾ പഴയ തലമുറ ചന്ദ്രഹാസമിളക്കി. എന്തെല്ലാമെതിർപ്പുകളുണ്ടായിട്ടും അവർ വിപുലമായൊരാസ്വാദകവൃന്ദത്തെ നേടിയെടുക്കുകയും സാഹിത്യത്തിൽ അചിരേണ പ്രതിഷ്ഠ കണ്ടെത്തുകയും ചെയ്തു. ഇന്നിതാ കുറെക്കൂടി വിശാലമായ മേഖലകളിലേക്കു് മലയാള നോവൽസാഹിത്യത്തെ നയിക്കാൻ സന്നദ്ധമായിക്കൊണ്ടു കടന്നുവന്ന യുവതലമുറക്കെതിരിൽ ദേവും തകഴിയും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. പഴമയെ ധിക്കരിച്ചുകൊണ്ടു കടന്നുവരുന്ന എന്തിനും എതിർപ്പുകളെ അഭിമുഖീകരിക്കാതെ വയ്യല്ലോ. ആധുനികർക്കെതിരിൽ ഉന്നയിക്കുന്ന ആരോപണങ്ങളെല്ലാം കഴമ്പറ്റതാണെന്നു് ഇതിനർത്ഥമില്ല.

യുഗങ്ങളോളമായി ശാസ്ത്രജ്ഞന്മാർക്കും സാഹിത്യകാരന്മാർക്കും പിടികൊടുക്കാതെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന മനുഷ്യനെ

അവതരിപ്പിക്കാനും സങ്കീർണ്ണമായ മനുഷ്യമനസ്സിന്റെ അഗാധതകളിലിറങ്ങിച്ചെന്ന് അവിടത്തെ ഓരോ ചലനത്തെയും അപഗ്രഥിക്കാനുമാണ് തങ്ങളുടെ ശ്രമമെന്ന് കാക്കനാടൻ അതിശയോക്തി കലർത്തി പറഞ്ഞതാണെങ്കിലും ആധുനികയുഗം സൃഷ്ടിച്ച നൂലാമാലകളിൽപെട്ടുഴലുന്ന മനുഷ്യനെ അവതരിപ്പിക്കാൻ ഒരു പരിധിവരെ ഇവർക്ക് കഴിഞ്ഞിട്ടുണ്ടെന്നു സമ്മതിക്കാതെ നിർവ്വാഹമില്ല.

***മുകുന്ദനും കാക്കനാടനും***

ദിനേശൻ ഈ ലോകത്ത് ഒറ്റക്കാണ്. അച്ഛനുമമ്മയുമെല്ലാം അവനപരിചിതരാണ്. അവന് കരയാനറിയില്ല. ചിരിക്കാനറിയില്ല. അവനെ പ്രേമിച്ച വാസന്തിയോട് അത്തരമൊരു വികാരമവന്ന് തോന്നുന്നില്ല. വികാരവിവശയായി അവനെ സമീപിച്ച ജാനകിക്കും അവനിൽ വികാരമുണർത്താൻ കഴിഞ്ഞില്ല. ഈ ദിനേശന്റെ കഥയാണ് മുകുന്ദന്റെ 'ആകാശത്തിന്റെ ചുവട്ടിൽ'.

കൂട്ടുകാരനായ മോഹനന്റെ മരണം ദിനേശനെ പ്രത്യേകമാനസികാവസ്ഥയിലെത്തിച്ചു. ശാലീനയായൊഴുകുന്ന ജീവിതനദിക്കെതിരെയുയരുന്ന മരണമെന്ന ചിറയെ അവൻ നേരിൽ കണ്ടു. ജീവിതത്തിന്റെ വ്യർത്ഥതയെക്കുറിച്ചു ചിന്തിക്കാൻ ഇതവന്ന് പ്രേരണനല്കി. ഈ ലോകത്തോടവന്ന് വെറുപ്പ് തോന്നി. സങ്കല്പലോകത്ത് സുഖം തേടിയെത്താൻ അവനാഗ്രഹം തോന്നി. അവന്റെ മാനസികനില മനസ്സിലാക്കാൻ ലോകത്തിന്ന് കഴിഞ്ഞില്ല. അവർ അവന്ന് ഭ്രാന്തെന്ന് വിധിയെഴുതി. തേരട്ടകളിഴയുന്ന ഒരു മുറിയിൽ അച്ഛൻ അവനെ അടച്ചിട്ടു.

ഉടയാടകൾ അഴിച്ചിട്ടു, ഇതുവരെ നമുക്കപരിചിതമായിരുന്ന ഒരു ദൽഹിയെ പരിചയപ്പെടുത്തിത്തരികയാണ് മുകുന്ദൻ 'ദൽഹി' എന്ന നോവലിൽ ചെയ്യുന്നത്. അസ്തിത്വത്തിന്റെ പൊരുളാരാഞ്ഞു് ജീവിതത്തിന്റെ വ്യർത്ഥതയെക്കുറിച്ചു മനസ്സിലാക്കുന്ന അരവിന്ദനാണ് കഥാനായകൻ.

ചരസ്സിലും, ഭംഗിലും സംതൃപ്തി കണ്ടെത്തുന്ന ഒരു നാടൻ ഹിപ്പിയെന്നേ, "ഹരിദ്വാരിൽ മണി മുഴങ്ങുന്നു"വെന്നതിലെ രമേശനെക്കുറിച്ചു പറയാനുള്ളൂ. കുറെക്കാലമായി പ്രതീക്ഷിച്ചു കിട്ടിയ ഒഴിവുദിനങ്ങൾ എങ്ങനെ ചെലവഴിക്കണമെന്നറിയാതെ വിഷമിക്കുമ്പോഴാണ് ഹരിദ്വാരിലെ മണികൾ മുഴങ്ങുന്നതു കേട്ടതു്. ഹരിദ്വാർ രമേശനെ മാടിവിളിച്ചു. കാമുകിയായ സുജയൊന്നിച്ചു രമേശൻ ഹരിദ്വാരിലെത്തി. യുഗങ്ങളോളം പഴക്കമുള്ള അവിടത്തെ വിശ്വാസപ്രമാണങ്ങളിൽ അഭയം കണ്ടെത്തുകയാണ് രമേശൻ.

ഇതിൽനിന്നെല്ലാം വ്യത്യസ്തനാണ് കാക്കനാടന്റെ നാരായണൻകുട്ടി (സാക്ഷി). അവന്റെ വ്യക്തിത്വത്തിന്നുമുമ്പിൽ രമേശനും അരവിന്ദനും, ദിനേശനും, അപ്പുവും നിഷ്പ്രഭരാവുന്നു. ജീവിതമുയർത്തിയ ഭീഷണി നേരിടാൻതന്നെയാണ് മൂപ്പരുടെ ശ്രമം.

ആദർശത്തിന്റെ ചട്ടക്കെട്ടുകൾ ലംഘിച്ചു ബന്ധങ്ങളുടെ ഉരുക്കുചങ്ങല പൊട്ടിച്ചു സ്വതന്ത്രമായ ഒരു ലോകത്തേക്കിറങ്ങുകയാണ് നാരായണൻകുട്ടി. മരണം ദിനേശനെപോലെ നാരായണൻകുട്ടിയിൽ ഞെട്ടലുളവാക്കിയില്ല. അവനു മരണത്തിന്ന് ദൃക്സാക്ഷിത്വം വഹിക്കുക ഒരു വിനോദമത്രേ. ഇപ്പോഴിതാ അച്ഛന്റെ മരണം കാണാൻ വേണ്ടി അവൻ കാത്തുകിടക്കുന്നു.

ശ്രീമാൻ കിട്ടുക്കുറുപ്പേ ഒന്നു വേഗം ചത്തുകൂടെ. മനുഷ്യനെ ഇങ്ങനെ കാത്തിരുന്നു ബോറടിപ്പിക്കണോ അതും പെണ്ണിന്റേയും കള്ളിന്റെയും മണമുള്ള ഈ രാത്രിയിൽ. അച്ഛന്റെ മരണം കാത്തുകിടക്കുന്ന നാരായണൻകുട്ടി ചിന്തിക്കുന്നതാണിതു് അവനെ സൃഷ്ടിച്ച അച്ഛനെക്കുറിച്ചു ഇങ്ങനെ ചിന്തിക്കാൻ പാടില്ലാത്തതാണ്. നാരായണൻകുട്ടിക്കാരോടും കടപ്പാടുകളില്ല. അവനെ സൃഷ്ടിച്ച അച്ഛനോടു കൂടി. അവൻ ഏകനാണ് സ്വതന്ത്രനാണ്.

ഒരു കയർത്തുമ്പിലോ, ഒരു തുള്ളി വിഷത്തിലോ ആസിഡിലോ, അവസാനിപ്പിക്കാനുള്ളതല്ല ജീവിതം. മരണമെന്ന യാഥാർത്ഥ്യം വിരാമമിടുന്നതിനുമുമ്പ് ജീവിതത്തിന്റെ ആസ്വാദ്യത മുഴുവൻ നുകരുക. അതാണ് നാരായണൻകുട്ടിയുടെ തത്വശാസ്ത്രം.

ഉഷ്ണമേഖലയും വസൂരിയുമാണ് കാക്കനാടന്റെ മറ്റു രണ്ടു നോവലുകൾ. ഉഷ്ണമേഖല ഒരു രാഷ്ട്രീയ നോവലാണ്. മനഃസാക്ഷിയുള്ള ഒരുത്തന് രാഷ്ട്രീയത്തിലും, ജീവിതത്തിലും ഒന്നും നേടാൻ കഴിയില്ല എന്ന തത്വശാസ്ത്

ത്തിന്റെ ചുവട്ടുപിടിച്ചാണ് ഉണ്ണിമേഖല എഴുതപ്പെട്ടിട്ടുള്ളത്. വസൂരിയുടെ ആഗമനം ഒരു നാട്ടിലെ ജനങ്ങളിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങളാണ് വസൂരിയിലെ പ്രതിപാദ്യം.

*കവിതയെഴുതാത്ത കവി*

കാവ്യാത്മകമായ ഒരു ശൈലിയുടെ ഉടമസ്ഥനെന്ന നിലയാണ് എം. ടി അറിയപ്പെടുന്നത്. "കവിതയെഴുതാത്ത കവി"-ആസ്വാദകർ അദ്ദേഹത്തിന് നല്കിയ ഓമനപ്പേരാണത്. ഈ പേര് എം. ടിക്ക് നേടിക്കൊടുത്തത് മഞ്ഞ് എന്ന നോവലാണ്. ആധുനികതക്ക് തുടക്കമിട്ട ആളെന്ന നിലക്കും എം. ടി. ശ്രദ്ധേയനാണ്.

എം. ടിയുടെ കഥാപാത്രങ്ങളെല്ലാം തങ്ങൾക്കജ്ഞാതമായ എന്തോ ഒന്ന് തേടിയലയുകയാണ്. അപ്പുണ്ണിയും, ഗോവിന്ദൻകുട്ടിയും, വിമലയും സേതുവും എല്ലാം അന്വേഷിക്കുകയാണ്.

കാറ്റും വെളിച്ചവും കടക്കാത്ത ഇടനാഴികകളുള്ള നാലുകെട്ടിലെ വികാരം വീർപ്പുമുട്ടിക്കഴിയുന്ന സ്ത്രീകളെയും വെളിച്ചംകടക്കാത്ത മനസ്സിന്റെ ഉടമകളായ തറവാട്ടുകാരണവന്മാരെയും നമ്മുടെ സാഹിത്യവേദിക്ക പരിചയപ്പെടുത്തിത്തരുകയാണ് എം. ടി. നാലുകെട്ടിലൂടെ ചെയ്യുന്നത്.

നാലുകെട്ടിൽനിന്നും പുറന്തള്ളപ്പെട്ടവനാണ് അപ്പുണ്ണി. പട്ടണത്തിൽ പോയി പണവും പ്രതാപവുമായി തിരിച്ചുവന്ന് നാലുകെട്ട സ്വന്തമാക്കുന്നു. അവൻ എം. ടി. അപ്പുണ്ണിയെക്കൊണ്ട് നാലുകെട്ട പൊളിച്ചു പണിയിച്ചപ്പോൾ എം. ടിയിലെ സാഹിത്യകാരൻ, ചന്തുമേനോൻ തറക്കല്ലിട്ട, ബഷീർ, തകഴി, ദേവ് പടുത്തുയർത്തിയ മലയാള നോവൽ സാഹിത്യത്തിന്റെ നാലുകെട്ട കൂടുതൽ കാറ്റും വെളിച്ചവും കടക്കാനുതകുന്നവണ്ണം പൊളിച്ചു പണിയുകയാണെന്നുതോന്നി.

മലയാളനോവൽ സാഹിത്യത്തിലെ മറ്റൊരേകാന്തപഥികനാണ് സേതു. താൻ സഞ്ചരിക്കുന്ന പാത സുഗമമല്ലെന്ന് കണ്ട് ലക്ഷ്യത്തിലെത്താൻ മറ്റൊരു പാതയിലേക്ക ചാടുന്നു സേതു. ലക്ഷ്യത്തിലെത്തിയിട്ടും താൻ പ്രതീക്ഷിച്ചിരുന്ന സംതൃപ്തി കൈവരാഞ്ഞപ്പോൾ, ഇതുവരെ പിൻതുടർന്നിരുന്നതു മരീചികയെയാണെന്നറിഞ്ഞപ്പോൾ സേതു പഴയ പാതയിലേക്ക തിരിച്ചുപോകുന്നു. അപ്പോഴാണ് സേതുവിന് മനസ്സിലാകുന്നത് തനിക്ക വേണ്ടപ്പെട്ടവരെല്ലാം തനിക്കന്യരായിരിക്കുന്നു. പിറന്ന നാട്ടിൽ താനപരിചിതനായിരിക്കുന്നു.

*ഒരു ഇതിഹാസം*

മലയാളത്തിലുണ്ടായ നോവലുകളിൽ വെച്ചേറ്റവും നല്ല കൃതിയുടെ കർത്താവെന്ന ബഹുമതി ഖസാക്കിന്റെ ഇതിഹാസം രചിച്ച ഒ. വി. വിജയനുള്ളതാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമായിക്കഴിയുന്ന ഖസാക്കിലെ നാട്ടുകാരുടെ അടുത്താണ് വിജയൻ നമ്മെ ക്ഷണിക്കുന്നത്. നിരർത്ഥകദുഃഖത്തിന്റെ പരിഹാരം തേടിയലയുന്ന മനുഷ്യന്റെ കഥകൂടിയാണ് ഈ ഇതിഹാസം. ഖസാക്കിലെ ഓരോ കഥാപാത്രത്തിനും ഓരോ കദനകഥ പറയാനുണ്ട്. അതു നമ്മളെ ചിന്തിപ്പിക്കും, കരയിപ്പിക്കും.

സെയ്യിദുമിയാൻ ഷെയ്ഖിന്റെ ഇതിഹാസത്തിന്റെ മലയോരങ്ങളിലൂടെ ഷെയ്ഖിന്റെ പുകൾപാടിക്കൊണ്ടു നടക്കുന്ന അഗതിയായ അള്ളാപ്പിച്ചാ മൊല്ലാക്കയും, നീലഞരമ്പുകൾ കാണാത്തക്കവിധം കൈത്തെറുത്തു കയറ്റിവെച്ച് ചെതലി മലയുടെ താഴ്വരയിലൂടെ ഒരു യാഗാശ്വത്തെപ്പോലെ നീങ്ങുന്ന മൈമൂനയും, ഭാര്യ പരപുരുഷസംഗമത്തിന്ന് കൊതിക്കുന്നതു നിസ്സഹായതയോടെ നോക്കിനിൽക്കുന്ന ശിവരാമൻനായരും നമ്മുടെ സഹതാപം പിടിച്ചുപറ്റുന്ന കഥാപാത്രങ്ങളാണ്.

നാരായണൻകുട്ടിയും, ദിനേശനും, അരവിന്ദനും, മറ്റുമൊക്കെ, നമ്മുടെ സാഹിത്യരംഗത്ത് ഒച്ചപ്പാടുണ്ടാക്കിയ കഥാപാത്രങ്ങളാണ്. മലയാള സാഹിത്യത്തിലെ അതികായന്മാരുമാണവർ. പക്ഷെ കാമുവിന്റെയും സാർത്രെയുടെയും കഥാപാത്രങ്ങൾക്കുമുമ്പിൽ ഇവരൊക്കെ പതറിപ്പോകുന്നില്ലേ. വിശ്വസാഹിത്യത്തിലെ മാറിവരുന്ന ആധുനിക പ്രവണതകളിൽ നിന്നും പ്രചോദനമുൾക്കൊള്ളുന്നതു നല്ലതുതന്നെ. പക്ഷെ നാം നമ്മുടെ തായ സ്വന്തം പാത വെട്ടിത്തെളിയിക്കണം. മലയാളത്തിലെ സാർത്രെയായി മുകുന്ദനറിയപ്പെടരുത്. ഫ്രാൻസിലെ മുകുന്ദനായി ഫ്രഞ്ച് സാഹിത്യകാരന്മാർ അറിയപ്പെടട്ടെ എന്നാശിച്ചുപോകുകയാണ്.

# President Nasser—The Great Nationalist

Ummer Koya, P.K., II P.D.C.

ONLY a few people are destined to leave a lasting imprint on the pages of the history of their people and the world. And even fewer of them are destined to leave behind the fond memories of themselves in the heart of their people.

The Late U.A.R. President Gamal Abdel Nasser is just this kind of man. Not only his countrymen but also the progressive people of all nations retain the memories of his fascinating personality. The whole world remembers him as a statesman and a public leader who did as much as be could for ending the colonial domination over his country. Especially Indian people share the grief of the Arab peoples by the untimely death of their leader and of the U.A.R. President with the world. A fighter against imperialism and for the genuine national independence of the U. A. R. and other Arab countries, Nasser was a great friend of India. He did a great deal to establish sincere friendship and fruitful co-operation between the people of Egypt and India. To the Indian people the image of Nasser is associated with the period of the real flourishing of Indo-Egyptian friendly relations started by his visit to India. This time-tested friendship and co-operation have been cemented by the joint struggle against imperialism and colonialism.

Following the victorious Egyptian revolution in 1952, the imperialists repeatedly tried to stifle the young Republic economically and politically, and led to the imperialist attack in 1956 and the Israeli aggression in 1967. At all these critical junctures in the post-war revolutionary development of the U.A.R., the Egyptian people sought friendly support from the Indian Government. So in this way President Nasser strongly hated injustice, oppression, and fanaticism whereever they manifested. Nasser was the first to raise his voice against fascism. He was given the unique honour and responsibility of becoming the President of U.A.R. and of heading the patriotic forces in the cause of building a new Egypt.

In the early years after the Egyptian revolution the imperialist countries tried to prevent this

country s economic and industrial development by creating obstacles in her purchases of machines and industrial equipment, and by rejecting the principles of foreign exchange earning commodity. Despite the imperialist slander campaign against India, Nasser established businesslike relations with socialist countries. This market, in particular that of India, helped Egypt to overcome this economic attack of the imperialists.

President Nasser's most important revolutionary step of the Egyptian leadership was the nationalization of the SUEZ CANAL. In 1956 by an aggression three imperialist countries wanted to make Cairo abandon this nationalization. At the London Conference on this problem, at a meeting of the law court of the General Assembly of U. N. in 1956 the Indian delegations courageously exposed the imperialist design against the U.A.R. The imperialist had to accept this nationalization of the Suez canal although they did not get reconciled to the independent development of Egypt headed by Nasser. During the Israeli aggression in 1967—the imperialists hoped that the regime of Nasser would fall. But they had miscalculated. At the hour of this trial its loyal friend India came to its assistance.

In their condolence message to the Acting U.A.R. President Anwar Sadat, President Giri and Prime Minister Indira Gandhi stated "At this sorrowful hour when President Nasser has passed away, we on behalf of the Indian Government and the whole Indian people extend our deep condolence to the Government, the Arab Socialist Union, and the Arab people and assure them that our feelings of friendship, brotherhood and militant solidarity remain unchanged".

The friendly Indo-Egyptian relations, to the development of which the late President Nasser attached primary importance helped to mobilise the forces of the Arab peoples for the struggle to liberate Israeli occupied Arab territories and to establish a just and lasting peace in West-Asia. The course adopted by Nasser for the settlement of the West-Asia conflict will continue to enjoy the all round support of India, USSR's other socialist countries, nay of the entire progressive mankind.

# Role of Banks in Economic Development

Musthafa, P., II B. Com.

BANKS are indispensable for a modern community. They create purchasing power in the form of bank notes, cheques, bills and drafts and thus economise the use of precious metals. They make money more mobile, by bringing lenders and borrowers together, and by helping funds to move from place to place and from person to person. They encourage the habit of saving among the people and enable small savings, which otherwise would have been scattered ineffectively. By encouraging savings and investment, they increase the productivity of the resources of the country and thus contribute to its general prosperity and welfare. In a word, without the banks the present level of economic development of the world could never be imagined.

In any plan of economic development capital occupies a position of central and strategic importance. Adequate capital accumulation is essential for economic growth. The characteristic of an under-developed country like India is the small savings made by the community. Under-developed countries hardly save 5 per cent of the national income whereas they should save at least 12 per cent. A small rate of saving does not permit large investment in new industries. In economically backward countries, the amount of net capital formation is hardly sufficient to provide the growing population with a constant per capita capital equipment. Thus the serious capital deficiency in under-developed countries is reflected in the small amount of capital equipment per worker and in limited knowledge, training and scientific advance. These are serious handicaps in economic development and they all arise from capital deficiency and here the banks can play a useful role.

The role of banks in economic development is to remove the deficiency of capital by stimulating savings and investment. A sound banking system mobilises the small and scattered savings of the community and makes them available for investment in productive enterprises. In this connection, the banks perform two important functions: (a) they attract deposits by offering attractive rates of

Interest, thus converting savings which otherwise would have remained inert into active capital and (b) they distribute these savings through loans among enterprises which are connected with economic development. It is unimaginable to think how in the absence of banks could small savings be stimulated or even made possible. It is also difficult to see who would distribute these savings among entrepreneurs. It is through the agency of banks that the community's savings automatically flow into channels which are productive. The banks exercise a degree of discrimination which not only ensures their own safety but which makes for optimum utilization of the financial resources of the community. Wa see in India that the period of economic development has coincided with a phenomenal increase in bank deposits and increasing advances for agricultural and industrial development.

For economic development the banks and other financial institutions must opxrate in such a manner as to conform to the priorities of development and not in terms of return to their capital. The central bank is not merely to content itself with negative regulation of bank credit. It must play a direct and active role. It must help to create a machinery for financing development plans. It mnst ensure that the available finance is diverted to the right channels. For successful implementation of the development programmes it becomes necessary to make credit facilities available to high priority projects and to see that available funds are no wasted in non-plan projects. In a developing economy like India, the banks must be prepared to shed a little of their autonomy and independence in the interest of national development. They must give up their traditional and self-centred approach.

In India, the primary function of the Reserve Bank was to regulate the issue of bank notes and keep adequate reserves to ensure monetary stability. But now it has assumed wider responsibility to help in the task of economic development. In addition to the traditional responsibility of regulating currency and controlling credit, the Reserve Bank of India has been playing a vital role in financing and supervision of the development programme for agriculture, trade, transport and industry. It has created special funds for promoting agricultural credit and has created special institutions for widening facilities for industrial finance. The other banks too fall in line. They open branches to tap the savings of the people and lend them to entrepreneurs. To see the right form of development an increasing degree of control is exercised in respect of management and finance of the banks.

Thus the banks play a vital and useful role in promoting economic development by mobilising the financial resources of the community and by making them flow into desired channels.

**

# സഹകരണം

# ഇന്നത്തെ ഒരാവശ്യം

*പി. കെ പ്രഭാകരൻ, III-B.Com.*

റോബർട്ട് ഓവൻ എന്ന ഇംഗ്ലീഷുകാരന്റെ മസ്തിഷ്കത്തിൽനിന്നും ഉടലെടുത്ത് ലോകമെങ്ങും പ്രചരിച്ച ഒരു പ്രസ്ഥാനമാണ് സഹകരണം. ജനായത്തഭരണം, അന്യോന്യ സഹകരണം, രാഷ്ട്രീയ-മതകാര്യങ്ങളിലുള്ള നിഷ്പക്ഷത, മാനവികമൂല്യങ്ങളുടെ ഉദ്ധാരണം, അവസരസമത്വം, നീതി തുടങ്ങിയ അടിസ്ഥാനതത്വങ്ങളിൽനിന്നും വ്യതിചലിക്കാതെ വ്യത്യസ്തരീതിയിലുള്ള സംഘങ്ങൾ ഇന്നും രൂപവൽക്കരിച്ചുവരുന്നു. ഏതൊരു സമ്പദ്‌വ്യവസ്ഥയിലും അത്യാവശ്യമായ ഒരു പ്രസ്ഥാനമായി ഇന്നു സഹകരണം രൂപപ്പെട്ടിരിക്കയാണ്. മുതലാളിത്തവ്യവസ്ഥിതിയിലും, സോഷ്യലിസ്റ്റ്‌വ്യവസ്ഥിതിയിലും പ്രസ്ഥാനത്തിന്റെ വളർച്ച ഇന്നത്യാവശ്യമായിത്തീർന്നിരിക്കയാണ്. ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, "സഹകരണത്തിലൂടെ നാം നടത്തുന്ന സംഘങ്ങളുടെ അന്തിമലക്ഷ്യം വിലപ്പിടിപ്പുള്ള വസ്തുക്കൾ നിർമ്മിക്കുകയെന്നുള്ളതല്ല, നല്ലവരായ മനുഷ്യരെ സൃഷ്ടിക്കുക എന്നുള്ളതാണ്" എന്ന മാർഷലിന്റെ വാക്കുകൾ ഇന്നു ലോകം അംഗീകരിച്ചിരിക്കുകയാണ്.

### *ജനാധിപത്യസോഷ്യലിസത്തിൽ*

ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിൽ സഹകരണത്തിന്റെ പ്രാധാന്യമെന്ത്? എല്ലാ ഉല്പാദനോപകരണങ്ങളും സാമൂഹ്യവല്ക്കരിക്കുക— ജനാധിപത്യതത്വസംഹിതയിലൂടെ ഉയർന്നുവന്ന ഒരു ജനാധിപത്യഗവൺമെന്റ് സ്വായത്തമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നുള്ളതാണ് ജനാധിപത്യസോഷ്യലിസത്തിന്റെ കാതലായ വശം. ഉത്പാദനോപകരണങ്ങളിൽ പ്രാധാന്യമർഹിക്കുന്ന മൂലധനം (Capital) വ്യക്തികളുടെ നിയന്ത്രണത്തിനു വിട്ടുകൊടുക്കുന്ന പ്രശ്നമേ ഉൽഭവിക്കുന്നില്ലെങ്കിലും സഹകരണതത്വശാസ്ത്രത്തിന്റെ വ്യാപ്തി, ഈ തത്വത്തിൽ നിന്നും വ്യതിചലിക്കുന്നതുകൊണ്ട് അപാകതയൊന്നുമില്ലെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ജനാധിപത്യസോഷ്യലിസത്തിൽ സഹകരണത്തിന്റെ ആവശ്യവും ഇവിടെനിന്നും ആരംഭിക്കുന്നു. "പൊതുമേഖലയ്ക്കും സഹകരണമേഖലയ്ക്കും നാം കൂടുതൽ പ്രാധാന്യം നല്കുന്നത് സമ്പദ്കേന്ദ്രീകരണം തടയുക എന്ന ഉദ്ദേശത്തോടുകൂടിയാണ്" എന്ന് ശ്രീമതി ഇന്ദിരാഗാന്ധി പ്രസ്താവിച്ചത് ഇത്തരുണത്തിൽ സ്മരണീയമാണ്. മനുഷ്യനെ മനുഷ്യനായികണ്ടും, മൂലധനത്തിന് അമിതപ്രാധാന്യം നൽകാതെയുമുള്ള ഒരു സമ്പദ്‌വ്യവസ്ഥിതി സൃഷ്ടിക്കുന്നതുകൊണ്ടാണ് ജനാധിപത്യസോഷ്യലിസത്തിൽ സഹകരണത്തിന്ന് പ്രാധാന്യം നല്കുന്നത്.

### *ഇന്ത്യയിൽ*

സമ്മിശ്രസമ്പദ്‌വ്യവസ്ഥിതിയിലൂടെ, ജനാധിപത്യതത്വങ്ങളിലുറച്ച് വിശ്വസിച്ചുകൊണ്ട് സോഷ്യലിസ്റ്റ് സാമൂഹ്യക്രമത്തിലെത്തിച്ചേരുവാൻ ശ്രമിക്കുന്ന ഇന്ത്യയെപ്പോലുള്ള ഒരു വികസ്വരരാജ്യത്ത് ഈ പ്രസ്ഥാനത്തിന്റെ വളർച്ച വളരെയധികം പ്രാധാന്യമർഹിക്കുന്നു. ഭൂരിഭാഗം ദരിദ്രരും, ന്യൂനപക്ഷ

ക്കാരായ സമ്പന്നരും തമ്മിൽ മത്സരിക്കുമ്പോൾ, ദരിദ്രർക്ക് നിലനിൽപ്പാവശ്യമാണെങ്കിൽ, ചൂഷണം ഒഴിവാക്കപ്പെടേണമെങ്കിൽ അവർ സഹകരിച്ചേ തീരൂ. "ഓരോരുത്തനും മറ്റെല്ലാവർക്കും, മറ്റെല്ലാവരും ഓരോരുത്തനും" എന്ന സഹകരണതത്വമാണ് ഇതിനൊരു പരിഹാരം നിർദ്ദേശിക്കുന്നത്.

നീതിപൂർവ്വമായ വിതരണത്തിനു് ഉത്പാദനം ആവശ്യമാണ്. ദരിദ്രരെക്കൊണ്ടു് സമ്പന്നമായ നമ്മുടെ രാജ്യത്ത് ഉത്പാദകനു് ഉടമസ്ഥാവകാശത്തോടെയൊ, അല്ലാതെയൊ ലഭിക്കുന്ന കൃഷിയിടങ്ങളിൽ കൃഷിയിറക്കേണ്ടുന്ന മൂലധനത്തിന്റെ അഭാവം സ്വാതന്ത്ര്യത്തിനു് മുൻപുതന്നെ അലട്ടികൊണ്ടിരുന്ന ഒരു പ്രധാന പ്രശ്നമായിരുന്നു. ഉണ്ടികച്ചവടക്കാരന്റെ ദയാദാക്ഷിണ്യത്തിൻകീഴിൽ കൃഷിയിറക്കുവാനുള്ള ഒരു സാഹചര്യം മാത്രമെ അവനുണ്ടായിരുന്നുള്ളു. ഈ നിലക്കൊരു മാറ്റം വരുത്തുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് 1904-ൽ പാസ്സാക്കപ്പെട്ട ആദ്യത്തെ സഹകരണനിയമത്തെ നാം കാണുന്നത്.

എന്നാൽ പിന്നീട് രൂപംകൊണ്ട "നാണയസംഘങ്ങൾക്കു്" ഈ തുറയിൽ കാര്യമായൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. എന്നാൽ 1912-ൽ പാസ്സാക്കപ്പെട്ട സഹകരണനിയമത്തിനുശേഷം പ്രാഥമികസംഘങ്ങൾക്കുപരി കൂടുതൽ വ്യാപ്തിയുള്ള സഹകരണസംഘങ്ങൾ സ്ഥാപിക്കപ്പെട്ടതോടുകൂടി കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുവാൻ തുടങ്ങി.

സ്വാതന്ത്ര്യലബ്ധിക്കുശേഷമാണ് പ്രസ്ഥാനത്തിന് ഇന്ത്യയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചതു്. 1945—'63 കാലഘട്ടങ്ങളിൽ പ്രസ്ഥാനത്തിന്റെ വിവിധവശങ്ങളെസംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ടുസമർപ്പിക്കുവാൻ വളരെയധികം കമ്മിററികൾ രൂപവല്ക്കരിക്കപ്പെട്ടു. കോ-ഓപ്പറേറ്റീവ് പ്ലാനിംഗ് കമ്മിറ്റി (1945); റൂറൽ ക്രഡിററ് സർവ്വെ കമ്മിററി (1951); കമ്മിറ്റി ഓൺ കോ-ഓപ്പറേറ്റീവ് ലാ (1955-57), കോ-ഓപ്പറേററീവ് ഫാമിങ്ങ് കമ്മിറ്റി (നിജലിംഗപ്പകമ്മിററി (1959); മെഹ്ത്താ കമ്മിററി ഓൺ കോ-ഓപ്പറേററീവ് ക്രഡിററ് (1960); കമ്മിററി ഓൺ കോ-ഓപ്പറേററിവ് ട്രെയിനിങ്ങ് ആൻഡ് ഓൺ കൺസ്യൂമേർസ് കോ-ഓപ്പറേററിവ്സ് (1961); ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ്സ് (1962); നോൺ-അഗ്രികൾച്ചറൽ കോ-ഓപ്പറേററിവ്സ് (1963): എന്നീ കമ്മിറ്റികൾ ഇവയിൽ പ്രാധാന്യമർഹിക്കുന്നു. 1951-ൽ നിയമിക്കപ്പെട്ട "റൂറൽ ക്രഡിററ് സർവ്വെ കമ്മിറ്റി" യുടെ റിപ്പോർട്ട് ഇന്ത്യൻ സഹകരണരംഗത്ത് പുതിയ ഒരദ്ധ്യായം കുറിച്ചു.

1962 അവസാനത്തോടുകൂടി മൊത്തം 26% ത്തോളം വായ്പനൽകുവാൻ സഹകരണസംഘങ്ങൾക്കു കഴിഞ്ഞു. 1950-'51-ൽ സംഘങ്ങൾ മുഖേന നൽകിയ കാർഷികവായ്പ 290 മില്യൻ രൂപയായിരുന്നെങ്കിൽ 1968-ൽ 3450 മില്യൻ രൂപയായി ഉയർത്തുവാൻ കഴിഞ്ഞുവെന്നുള്ളതു് അഭിനന്ദനമർഹിക്കുന്നു.

ചെറിയ സംഘങ്ങളുടെ വർദ്ധനവും, അവയുടെ സാമ്പത്തികപരാധീനതയും ഇന്നൊരു പ്രധാന പ്രശ്നമായിത്തീർന്നിരിക്കയാണ്. സർക്കാറിന്റെ നിർലോഭമായ സഹകരണവും, റിസർവ്വ് ബേങ്കിന്റെയും സ്റ്റേററുബാങ്കിന്റെയും സഹായവും പ്രശ്നപരിഹാരത്തിനു് അൽപ്പം സഹായമാകുന്നുണ്ടു്. കർഷകനെ എല്ലാവിധ


*With best compliments from*

**IDEAL PHARMACY**

**CHERUVANNUR**

Propritor: T. P. ABDULRAHIMAN

ത്തിലും കാണാതിരുന്ന മദ്ധ്യവർത്തികളെ ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യുവാൻ സംഘങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു്.

## ഇന്നത്തെ ആവശ്യം.

കാർഷികരംഗത്തു് സഹകരണകൃഷി ഇന്ത്യൻ നേഷണൽ കോൺഗ്രസ്സ് 1959-ൽ അംഗീകരിച്ച ഒരു തത്വമാണു്. കൃഷിഭൂമി കൃഷിക്കാരനു് എന്ന അടിസ്ഥാനതത്വം അംഗീകരിച്ചുകൊണ്ടും, കൈവശപരിധി കഴിവതും കുറച്ചുനിർണ്ണയിച്ചുകൊണ്ടുമുള്ള ഭൂനിയമങ്ങൾ മിക്ക സംസ്ഥാനഗവർമ്മെൻറുകളും അംഗീകരിച്ചു് നടപ്പാക്കിക്കൊണ്ടിരിക്കയാണു്. കൃഷിഭൂമിയുടെ കൈവശാധികാരം ഭാഗിക്കപ്പെട്ടാൽ സ്വാഭാവികമായും ഉൽപാദനത്തെ അതു് സാരമായി ബാധിക്കുന്നു. കൂടാതെ കാർഷികരംഗത്തു് നാം ആഗ്രഹിക്കുന്ന അടിസ്ഥാനപരമായ മാറ്റം—കൃഷിസമ്പ്രദായത്തിലെ ആധുനികവല്ക്കരണം — അസാദ്ധ്യമായിരുന്നു. പൃതൽസൃഷ്ടികളായ ചെറുകിടകർഷകർ ചൂഷിതരാകാതെ സമ്പദ്‌വ്യവസ്ഥക്കു് കൂടുതൽ സംഭാവനചെയ്യാൻ കഴിയേണമെങ്കിൽ സഹകരണകൃഷി ഇന്നത്തെ ഒരാവശ്യമായിത്തീർന്നിരിക്കയാണു്.

ഉത്പാദനരംഗത്തു് മാത്രമല്ല വിതരണമേഖല, ഉപഭോക്തൃമേഖല, നിത്യജീവിതാവശ്യങ്ങൾക്കാവശ്യമായ ഗൃഹം, തൊഴിൽ തുടങ്ങിയ മേഖലകളിലും ഇന്നു വളർന്നുവരുന്ന സഹകരണസംഘങ്ങൾക്കു് അനാവശ്യമായ മത്സരങ്ങൾ ഒഴിവാക്കിയും, ചൂഷണം നിർമ്മാർജ്ജനം ചെയ്തും സമ്പദ്‌വ്യവസ്ഥക്കു് ഭാരിച്ച സംഭാവനകൾ നൽകുവാൻ കഴിയുന്നു. ഒരു സാമ്പത്തിക വ്യവസ്ഥിതിക്കുപരി ഒരു ജീവിതരീതി എന്ന രീതിയിൽ സഹകരണപ്രസ്ഥാനത്തെ കൈകാര്യം ചെയ്യേണ്ടതു് ഇന്നത്തെ ഒരാവശ്യമായി തീർന്നിരിക്കയാണു്.

# സാമൂഹ്യപുനഃസംവിധാനം —വിദ്യാഭ്യാസത്തിലൂടെ

*ഒ. മുഹമ്മദലി, I B. Sc.*

സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ, ഏതെങ്കിലും തരത്തിലുള്ള അവശതയും, നിരാശയുമനുഭവിച്ചുകൊണ്ടിരിക്കയാണെന്നു പറഞ്ഞാൽ തെറ്റാകുമെന്നു തോന്നുന്നില്ല. ജീവിതത്തോത്തും ശരാശരി ആളോഹരി വരുമാനവും കൂടിയിട്ടുണ്ടെങ്കിലും സമൂഹത്തിലെ ഓരോരുത്തനും അനേകമനേകം പ്രശ്നങ്ങളുള്ളതായാണ് കാണപ്പെടുന്നത്. പഞ്ചായത്തുമുതൽ പാർല്ലിമെന്റ് വരെ ഒരു തരത്തിലുള്ള അനിശ്ചിതത്വവും, ഒരു വീഴ്ചക്കുറവും കാണപ്പെടുന്നുണ്ടെന്നത് വിസ്മരിക്കാവതല്ല. തൊഴിൽരംഗത്തും, വ്യവസായരംഗത്തും, സാമ്പത്തിക–രാഷ്ട്രീയ–വിദ്യാഭ്യാസരംഗങ്ങളിലും ഒരുവിധത്തിലുള്ള അരക്ഷിതാവസ്ഥ നിലനില്ക്കുന്നു. സമൂഹത്തിലെ ഓരോ വ്യക്തിയും, ഈ അരക്ഷിതാവസ്ഥയുടെ ഫലമനുഭവിക്കുകയും ചെയ്യുന്നു. ഇതിൽനിന്നുള്ള മോചനത്തിന്നെന്നോണം ചിലപ്പോൾ അവകാശസമരങ്ങളും മററും സംഘടിപ്പിക്കപ്പെടാറുണ്ടെങ്കിലും ദൈനംദിനപ്രശ്നങ്ങളുടെ സങ്കീർണ്ണത കൂട്ടുകയല്ലാതെ കുറയുന്നതായി കാണുന്നില്ല. ഒരു തലമുറയെ പിന്തുടർന്നു വരുന്ന അടുത്ത തലമുറക്ക് ഏറ്റെടുക്കാനുള്ളത് ഒരായിരം പ്രശ്നങ്ങളുടെ ഉത്തരവാദിത്വമാണ്. ഈ നിലക്ക് മാററം വരുത്താനുള്ള സംരംഭങ്ങൾ ഉയർന്നുവരുമ്പോഴേക്കും പുതിയ തലമുറയുടേതായ കുറെ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. വിദ്യാഭ്യാസരംഗത്തും രാഷ്ട്രീയരംഗത്തും ഇന്നു കാണുന്ന അരാജകത്വത്തിന്ന് (ഈ നൂറ്റാണ്ടിൽ രാജകത്വമോ ?) പരിപൂർണ്ണമായ പരിഹാരം ഒരിക്കലും സാദ്ധ്യമല്ലായിരിക്കാം. എങ്കിലും കൂടുതലുണ്ടാവുന്ന പ്രശ്നങ്ങളെ പ്രതിരോധിക്കാനായിട്ടെങ്കിലും, ചില പ്രതിരോധപ്രക്രിയകൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞുപോയ കാലത്തിൽ വിദ്യാർത്ഥികൾ എങ്ങോട്ടാണ് നയിക്കപ്പെട്ടിരുന്നത് എന്നതിന്റെ വ്യക്തമായ സൂചനയാണ് ഇന്നവരിലെ ഭൂരിപക്ഷം എവിടെ നില്ക്കുന്നുവെന്നത്. സമൂഹത്തിലെ യുവജനങ്ങളുടെ ഈ പ്രതിനിധികളെ ഇന്ന് പിടിപെട്ടിട്ടുള്ള രോഗത്തെക്കുറിച്ച് നിശ്ചിതമായ രോഗനിർണ്ണയം അസാദ്ധ്യമാണെന്നിരിക്കിലും, സമൂഹത്തിലെ സാധാരണ പ്രശ്നങ്ങൾ, ഈ പ്രതിനിധികളുടെ വൻപ്രശ്നങ്ങൾതന്നെയാണ്. ആ പ്രശ്നങ്ങളാകട്ടെ, ജീവൽപ്രശ്നങ്ങളും.

വിദ്യാഭ്യാസത്തെക്കുറിച്ച് ആദർശപരമായും, തത്വശാസ്ത്രപരമായും സാമൂഹ്യനേതാക്കൾ വെച്ചുപുലർത്തുന്ന അഭിപ്രായങ്ങളൊന്നും വിദ്യാർത്ഥികൾക്കില്ല. ജ്ഞാനത്തെയും, അജ്ഞതയെയും കുറിച്ചുള്ള നീതിശാസ്ത്രങ്ങൾ കേൾക്കാൻ മുറുമുറുപ്പ് പ്രദർശിപ്പിച്ചു തുടങ്ങിയിട്ടില്ലെന്നതിൽക്കവിഞ്ഞ് "ജ്ഞാനം സുഖവും, മോക്ഷവുമാണെ"ന്ന സുബദ്ധധാരണയൊന്നും വിദ്യ സമ്പാദിക്കുമ്പോൾ വിദ്യാർത്ഥികളുടെ മനസ്സിൽ കരുപ്പിടിക്കാറില്ല. ജ്ഞാനം നിർവ്വചിക്കപ്പെടുന്നതരത്തിൽ അതിനെ കൊണ്ടാടാൻ കഴിഞ്ഞവരുടെ ഉദാഹരണങ്ങളൊന്നും അവരുടെ മുമ്പിലേക്ക് ആരും വെക്കാറുമില്ല. സ്ഥിതിഗതികൾ ഇങ്ങിനെയാണെന്നിരിക്കെ വിദ്യാഭ്യാസത്തിന്റെ 'പരമപൂജ്യത'യെക്കുറിച്ചു പ്രസംഗിച്ചു മുഷിപ്പിക്കുന്നതിനുപകരം, ചുരുങ്ങിയപക്ഷം അവരുടെ നേടിയ വിദ്യകൊണ്ട് വല്ലതും ചെയ്യാനവർക്ക് കാണിച്ചുകൊടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അല്ലെങ്കിൽ ഇന്നു നിലവിലിരിക്കുന്ന ഈ വിദ്യാഭ്യാസ സമ്പ്രദായത്തിന് വലിയ സുരക്ഷിതത്വമൊന്നുമില്ല. ഇത്രയും പറഞ്ഞതുകൊണ്ട് വിദ്യാഭ്യാസം നേടി പുറത്തുവരുന്നവരെ കാത്തിരിക്കാൻ ജോലിയെ സൃഷ്ടിച്ചുവിടണമെന്നല്ല. അതനുപേക്ഷണീയമെങ്കിലും, വിദ്യാഭ്യാസംകൊണ്ട് പ്രായോഗികമായി നാമെന്തു വിവക്ഷിക്കുന്നുവെന്ന് വിദ്യാർത്ഥികളെ കാണിച്ചുകൊടുക്കാൻ വൈകിക്കൂടാ. ഈ പ്രായോഗിക വിവക്ഷയും പ്രകടനവുമാകട്ടെ തൊഴിൽപരമായ കാര്യങ്ങളേയും, മററു ജീവിതപ്രശ്നങ്ങളേയും ഉൾക്കൊള്ളാൻ കഴിയുന്നവയുമാകണം. ഇക്കാര്യത്തിലുള്ള ഏററവും പ്രയാസപ്പെട്ട ഭാഗം പരിഷ്കരണമേറെറടുക്കുന്നവരുടെ സ്വയംപരിഷ്കരണമാണ്. നമ്മുടെ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഔദ്യോഗികമായല്ലാതെ ആത്മാർത്ഥമായാരുമില്ലെന്ന ഗതിവന്നിരിക്കുന്നു. അതിനാൽത്തന്നെ ശമ്പളത്തിന്ന് ചിന്തിച്ച്, പ്രയോഗത്തിന്ന് മററുള്ളവർക്ക് വിടുന്ന മനോഭാവം വളർന്നുവന്നിരിക്കുന്നു.

വിദ്യാഭ്യാസത്തെക്കുറിച്ച് മെനഞ്ഞെടുക്കുന്ന വിഭാവനത്തിന്ന് ജീവിതവുമായി ബന്ധമില്ലാതെ പോകുകയാണ് ചെയ്യുന്നത്. ശാസ്ത്രഗ്രന്ഥങ്ങളുമ്പാരങ്ങളും, വേദഗ്രന്ഥങ്ങളും മനഃപ്പാഠമാക്കിയാൽപ്പോലും അവയ്ക്ക് ജീവിതചലനങ്ങളുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടാകേണ്ടതായിപ്പോലും തോന്നിപ്പിക്കാൻ അവ അപഥ്യാപ്യങ്ങളായി മാറിയിരിക്കുന്നു. അതായത് ഈ വിദ്യാസംഭരണം ഇതിനൊന്നുമുള്ളതായിരുന്നില്ല-അഥവാ അതിനുള്ള പ്രചോദനം മററു ചിലതൊക്കെയായിരുന്നു. ഈ ഗതികേട് വരാനുള്ള പ്രധാന കാരണം ഏതെങ്കിലും തരത്തിലുള്ള ജീവിതവീക്ഷണം സ്വന്തമായി രൂപപ്പെടുത്താനുള്ള ചോദന കുത്തിവെക്കുന്ന തരത്തിൽ പാഠ്യവിഷയങ്ങളെ യാതൊന്നും സൃഷ്ടിച്ചില്ലയെന്നതാണ്. ഒരു ജീവിതവീക്ഷണം രൂപപ്പെടുത്താനുള്ള വല്ല യത്നവും നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ ഉണ്ടായിരുന്നെങ്കിൽ, ശാസ്ത്രവും, വേദവും, കലയും എല്ലാമെല്ലാം ആ വീക്ഷണത്തിന്ന് സഹായകമായ സംഭാവന നല്കുമായിരുന്നു. അതോടൊപ്പം ഇന്ന് വിദ്യാഭ്യാസം വ്യവഹരിക്കപ്പെടുന്ന ആവശ്യത്തിനും അത് പതിന്മടങ്ങ് പ്രയോജനപ്രദമാകുമായിരുന്നു. നാം ഇന്ന് സ്വീകരിച്ചിരിക്കുന്ന വിദ്യാഭ്യാസത്തിന്റെ വീക്ഷണഗതിയിൽ, "ജനിച്ചുവന്ന് സുഖിച്ചു ജീവിക്കാൻവേണ്ടി" മാത്രമുള്ള ഒരു പാധിയാണ് വിദ്യാഭ്യാസലബ്ധി. പക്ഷെ മരിക്കുന്നതുവരെ ജീവിക്കാനുള്ള ഒരു വീക്ഷണമെങ്കിലും നമ്മുടെ വിദ്യാഭ്യാസത്തിന്ന് നല്കാൻ കഴിഞ്ഞിരുന്നെങ്കിൽ അത് ഇതിനേക്കാൾ ഭേദമാകുമായിരുന്നു.

സമൂഹത്തിൽ സ്വാധീനമുള്ള വിദ്യാഭ്യാസരംഗംപോലെ മറെറാന്നാണ് രാഷ്ട്രീയരംഗവും. നമ്മുടെ രാഷ്ട്രീയ സംഘടനകളൊന്നും ഒരു ജീവിതവീക്ഷണം സമർപ്പിക്കുന്നതായറിവില്ല. വിദ്യാർത്ഥികൾ രാഷ്ട്രീയത്തെ സമീപിക്കുമ്പോൾ അവർക്ക് ഒരു വീക്ഷണപരമായ വെമ്പലൊന്നുമില്ല. നമ്മുടെ രാഷ്ട്രീയരംഗംപോലെ കാർമേഘംനിറഞ്ഞ മറ്റൊന്നെവിടെയെങ്കിലുമുണ്ടോയെന്നറിഞ്ഞുകൂടാ. ചെറുപ്പത്തിലേ തങ്ങളെപ്പോലുള്ള മനുഷ്യർ രൂപപ്പെടുത്തിയ ആശയമേഖലകളിലേക്ക്, വിദ്യാർത്ഥികൾ സർവ്വതും സമർപ്പിച്ച് ഓടിയടുക്കുന്നത് എത്രത്തോളം യുക്തിശൂന്യമാണെന്ന് പറയേണ്ടതില്ല. മുമ്പത്തെ ആശയങ്ങളിന്നും, പ്രധാനപ്പെട്ട മാറ്റങ്ങളൊന്നുംകൂടാതെ നിലനില്ക്കുന്നുവെന്നല്ല, നവീനമായ ഒരു സിദ്ധാന്തമോ ആശയമോ രംഗപ്രവേശം ചെയ്തില്ലയെന്നതു ഈ ചെറുപ്പരാഷ്ട്രീയവ്യഗ്രതയുടെ ഫലമാണ്. ഇന്നത്തെ ഭൌതികശാസ്ത്ര പുരോഗതിയോടൊപ്പം അതിനെപ്പോലെ സമൂഹത്തെ ആവേശിക്കുന്ന ആശയഗതികളൊന്നും പ്രായോഗി

മായി രംഗത്തു വന്നില്ലയെന്നതും തൽഫലമാണ്. ഇന്ന് ചിന്തയുണ്ടെങ്കിൽ ആശയങ്ങളെ പോഷിപ്പിക്കാനായിട്ടാണ്, പുതിയതിനെ നിർമ്മിക്കാനോ അതിജീവിക്കേണ്ടതിനെ പുനരുജ്ജീവിപ്പിക്കാനോ അല്ല. സംഘടനാബോധമുണ്ടെങ്കിൽ അതു് രാഷ്ട്രീയപ്രധാനമായതാണ്, എല്ലാവരുമുൾക്കൊള്ളുന്ന സമൂഹത്തെ ഒന്നടങ്കം കണ്ടുകൊണ്ടുള്ളതല്ല. രാഷ്ട്രീയബോധവും, ദേശീയബോധവുമല്ല, തികഞ്ഞ ഭ്രാന്താണ് നിലനില്ക്കുന്നതു് അവയുടെ സ്ഥാനത്തു്.

ഇന്നുള്ള ആശയസംഘട്ടനത്തിൽ നാം നിരാശരാകേണ്ടതില്ല. സമൂഹത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്താനുള്ള സർഗ്ഗാത്മകപ്രതിഭയെ വാർത്തെടുക്കാൻ യഥാർത്ഥ *ആശയസംഘട്ടനം* സഹായിക്കും. ഒരേ മാനുഷ്യകത്തിലെ ഒരേ മനുഷ്യത്വ വിഭാവനമുൾക്കൊള്ളുന്ന, വിവിധ ആശയക്കാരായ, വിവിധ ഗ്രൂപ്പുകൾ നിർമ്മാണാത്മകമായ ആശയസംഘട്ടനത്തിൽ ഏർപ്പെടുമ്പോഴാണ് സമൂഹത്തെ ശാസ്ത്രീയമായി സംഘടിപ്പിക്കാനുതകുന്ന ക്രിയാത്മകത്വം സംജാതമായിത്തീരുന്നതു്. ആശയസംഘട്ടനമില്ലായ്മ നിശ്ചലതയുടെ വകഭേദമാണ്. അതിനാൽത്തന്നെ വൈരുദ്ധ്യപൂർണ്ണങ്ങളായ ആശയങ്ങളെ അന്യോന്യം സംഘട്ടനം നടത്താനനുവദിക്കുന്നതോടൊപ്പം ഓരോ ആശയത്തിലെയും ക്രിയാത്മക-നിർമ്മാണ പരിപാടികളെ സമൂഹത്തെ വാർത്തെടുക്കുന്നതിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ പുനസ്സംവിധാനത്തിന്ന് ഏററവും കൂടുതൽ ഘടകങ്ങളെ സംഭാവന ചെയ്യേണ്ട വിദ്യാലയം, നമ്മുടെ വിഭാവനയിലുള്ള സമൂഹാശയത്തിന്നനുസൃതമായി നവീകരിക്കുകയാണാദ്യത്തെ പടിയായി ചെയ്യേണ്ടതു്. ശാസ്ത്രത്തെക്കുറിച്ചുള്ള ഭീമഗ്രന്ഥങ്ങൾ വായിച്ചുപഠിച്ചിട്ടും ശാസ്ത്രീയബോധംപോലും വളർത്താനവർക്ക് കഴിവില്ലെങ്കിൽ അതിന്നുള്ള പ്രധാന കാരണം അവകൊണ്ടു് വ്യക്തിജീവിതവുമായോ, സമൂഹജീവിതവുമായോ വേണ്ട ബന്ധം ഉണ്ടാവുന്നില്ല എന്നതാണ്. പാഠ്യവിഷയത്തിന് പ്രായോഗികജീവിതവുമായി ആശയപരമായിത്തന്നെ മനസ്സിൽ ഒരു വിഭജനം നിലനിന്നാൽ പിന്നത്തെ സ്ഥിതി പറയേണ്ടതില്ലല്ലോ.

സാമൂഹ്യ പുനസ്സംവിധാനത്തിന്റെ ആശയപരമായ വിത്തു് വിദ്യാർത്ഥികളിലാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിദ്യാർത്ഥികൾ പരിശീലിച്ചു കാണിക്കാത്തതൊന്നും, ഏറെക്കുറെ സാധാരണ ജനങ്ങൾ പ്രയോഗിച്ചിട്ടില്ല. അതുകൊണ്ടു് സമൂഹത്തിന്റെ ജീവിതഭാരം ലഘൂകരിക്കത്തക്കവണ്ണമുള്ള വിദ്യാഭ്യാസം നല്കി വിദ്യാർത്ഥികളെ ഒരു പുതിയ ജീവിതവീക്ഷണം വളർത്തി സമൂഹത്തിലവതരിപ്പിക്കാൻ പ്രാപ്തമാക്കുകയായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. എങ്കിൽ മാത്രമേ "നമ്മുടെ സഹജീവികളുടെ ജീവിതഭാരത്തിൽ പങ്കുകൊള്ളാനും, സാമൂഹ്യബാദ്ധ്യതകളുടെ നിർവ്വഹണത്തിന്ന് നമ്മെ പ്രാപ്തരാക്കാനും നമുക്ക് മുമ്പോട്ടുപോകാൻ" കഴിയുകയുള്ളൂ.

# "Satisfactory Progress"!

**M. Ameer Mohammed**
Department of Commerce

HAS there been a satisfactory progress in India in the last twenty three years? What have these two decades of Independance achieved for the people of India? What have they gained in economic terms? Are they nearer to the goal of economic self-sufficiency? These are the questions raised by millions of people which require an answer.

The clouds of uncertainly hang over the Indian economic scene as the country enters the twenty forth year of political freedom. Plans for future prosperity in the last eighteen years have raised expectations. The earlier achievements of targets contrast with recent failures. A lot of confusion in the methods of implementation and management. No doubt, production has been stepped up. But the income disparities have grown. A leaping birth rate promises a famine for all the time and sluggish rise in per capita income, price soar.

Many remedies have been offered gratuitously. Every one has vociferous votaries. All are agreed that more food should be produced. Prices must be held, if not brought down. Yet concurrently less acres are well cultivated owing to many troubles and disincentives. Conspicuous consumption runs rampant, capacity lies unused or under-used and production keeps going down creating recessionist tendency in industry which is due to scarcity of raw materials, more machines down for want of spares, more absenteesm, more distortion of truth by organised labour, a hardening of the employer attitude due to frustration all round; a full plate indeed!!

Indian planning has utterly failed. The economy is getting immensely but irrationally complicated and the so called development looks deadly in its stagnation while most people face black despondency, a few feel nothing but the thundering beat of money in their hearts.

The idea that economic activities must be judged not only by what it adds to the wealth of a nation but by its effects on the values and culture of a society is scarcely understood. The third plan was in shambles and the fourth plan is yet to be born while the economy is in the grip of acute recession and slump. These twenty three years have been the years of mounting misery for the toiling masses, while the rich, the capitalists, the land lords, the big traders and the like, amassed bigger fortunes and rolled in luxuries. The government's economic policies raised the ambition for a better living without unfortunately working for it, offended economic laws, destroyed human values and pushed the government to a state of bankruptcy.

Above all, the ethical ballast of society is thrown overboard in needless quantities, when the traditional values and pieties seem to cross the steps of material advancement. Student indiscipline mounts as these young spirits are exploited by self-seeking political groups in unabashed postures. The temples of learning have fallen with the temples of religion' Morals have been further strained.

Under these circumstances how can we say that India has made a satisfactory progress in the last twenty three years? Inspite of twenty three years of independence and eighteen years of the so called economic planning, the farmer lives in mud, toils in mud and dies in mud. Is this the "Satisfactory Progress" India has achieved in the last twenty three years? Is it the meaning of the concept of "Welfare State" that the rich should become richer and the poor poorer?

★★

# ടെലിവിഷൻ

*പി. പരമേശ്വരൻ, III–B.Sc.*


**19-ാം** നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 20-ാം നൂറ്റാണ്ടിലുമായുണ്ടായ ശാസ്ത്രത്തിന്റെ വിശേഷിച്ചും ഫിസിക്സിന്റെ, അത്ഭുതപൂർവ്വമായ വളർച്ചക്കിടയിൽ, സാമൂഹ്യസാംസ്കാരികരംഗത്ത് വിപ്ലവാത്മകമായ പരിവർത്തനങ്ങൾക്ക് വഴിതെളിച്ച ഒരു കണ്ടുപിടുത്തമാണ് ടെലിവിഷൻ (Television—T.V.). വിസ്തൃതവും സങ്കീർണ്ണവുമായ ഈ വിഷയത്തെക്കുറിച്ച് സംക്ഷിപ്തവും സരളവുമായി പ്രതിപാദിക്കുക ശ്രമകരമാണെങ്കിലും, അതിന്റെ പ്രവർത്തനത്തെസംബന്ധിച്ച അടിസ്ഥാനപരമായ ഒരു വിവരണം നല്കാനുള്ള ഉദ്യമമാണ് ഈ ലേഖനം.

റേഡിയോവിൽ നാം, പ്രക്ഷേപണം ചെയ്യപ്പെട്ട ശബ്ദങ്ങളാണ് കേൾക്കുന്നതെങ്കിൽ ടെലിവിഷൻ മുഖേന നമുക്ക് ചിത്രങ്ങളും കാണുവാൻ സാധിക്കുന്നു. റേഡിയോവിനെന്നപോലെ ടെലിവിഷനും ഒരു പ്രക്ഷേപണിയും (Transmitter) ഒരു സ്വീകരണിയും (Receiver) ആവശ്യമാണ്. ഈ രണ്ട് ഉപകരണങ്ങളുടേയും പ്രവർത്തനത്തിൽ അടങ്ങിയിട്ടുള്ള അടിസ്ഥാനതത്വം ഇതാണ്: പ്രകാശഊർജ്ജത്തെ (Light energy) വൈദ്യുതോർജ്ജമാക്കി (Electrical energy) രൂപാന്തരപ്പെടുത്തി ആവശ്യമായ മാററങ്ങളോടെ വിദ്യുത്കാന്തതരംഗങ്ങളാക്കി (Electromagnatic waves) പ്രക്ഷേപണം ചെയ്യുക—ഇതാണ് പ്രക്ഷേപണിയുടെ ധർമ്മം—ഈ തരംഗങ്ങളെ സ്വീകരണി സ്വീകരിക്കുകയും വീണ്ടും പ്രകാശമാക്കി മാററുകയും ചെയ്യുക. ഇതിൽ പ്രകാശഊർജ്ജത്തെ വൈദ്യുതോർജ്ജവും, മറിച്ച്, വൈദ്യുതോർജ്ജത്തെ പ്രകാശഊർജ്ജവും ആക്കി മാററുന്ന പ്രക്രിയ ഒഴികെ ബാക്കി പ്രവർത്തനങ്ങൾ റേഡിയോവിന്റേതിനോട് സാമ്യമുള്ളവയാണ്. ഇനി, ചലിക്കുന്നതോ, ചലിക്കാത്തതോ ആയ ഒരു വസ്തുവിന്റെ (Object) ചിത്രം പ്രക്ഷേപണം ചെയ്യുന്നതെങ്ങിനെഎന്ന് പരിശോധിക്കാം.

### *ക്രമവീക്ഷണം (Scanning)*

പ്രക്ഷേപണപ്രക്രിയയിൽ ആദ്യമായി ചെയ്യുന്നത് വസ്തുവിനെ ക്രമവീക്ഷണം (Scanning) ചെയ്യുകയാണ്. നിങ്ങൾ പത്രങ്ങളിൽ കാണാറുള്ള ചിത്രങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? നിരവധി ബിന്ദുക്കൾ വിവിധക്രമങ്ങളിലടുക്കിവെക്കുക മാത്രമാണ് അവയിൽ ചെയ്തിരിക്കുന്നത്. ഏതാണ്ടിതുതന്നെയാണ് ഇവിടേയും ചെയ്യുന്നത് 1884-ൽ നിപ്കൌ (Nipkow) എന്ന ശാസ്ത്രജ്ഞൻ സംവിധാനം ചെയ്ത നിപ്കൗഫലക (Nipkowdisc)മാണ് ഇതിന്ന് ആദ്യകാലങ്ങളിൽ ഉപയോഗിച്ചി

ന്ന ഉപകരണം. ഏതാണ്ട് 50 സെ.മീ. വ്യാസമുള്ളതും, പരിധിക്കടുത്തായി ചിത്രം 1-ൽ കാണിച്ചപോലെ നിരവധി ദ്വാരങ്ങളുള്ളതും



ചിത്രം (i)

1. ഒന്നാം ദ്വാരം 2. രണ്ടാം ദ്വാരം 3. ഒന്നാം ദ്വാരം പകരുന്ന ക്രമവീക്ഷണ രേഖ 4. രണ്ടാം ദ്വാരം പകരുന്ന ക്രമവീക്ഷണ രേഖ P പ്രക്ഷേപണം ചെയ്യുവാനുള്ള ചിത്രം ഉൾക്കൊള്ളുന്ന പരിധി.

ആയ ഒരു ഫലകമാണ് ഇത്. ഫലകം അതിന്റെ അച്ചുതണ്ടിൽ (·) കറങ്ങുമ്പോൾ, ഫലകത്തിന്റെ മറുവശത്തുള്ള ശക്തിയേറിയ പ്രകാശസ്രോതസ്സിൽ (Source of light) നിന്നും വരുന്ന രശ്മികൾ ഓരോ ദ്വാരത്തിലൂടെയും ക്രമത്തിൽ കടന്നു് Pയിൽ ഓരോ വരകൾ സൃഷ്ടിക്കുന്നു. ഇങ്ങനെ ഒരു കറക്കംകൊണ്ടു് P എന്ന ഭാഗംമുഴുവൻ ക്രമവീക്ഷണം ചെയ്യപ്പെടുന്നു. ഇതു് ഒരു സെക്കന്റിൽ പലതവണ ആവർത്തിക്കപ്പെടുന്നു.

### പ്രക്ഷേപണം (*Transmission*)

Pയിൽ പതിച്ചു് ചിതറുകയും പ്രതിഫലിക്കുകയുംചെയ്യുന്ന പ്രകാശകിരണങ്ങൾ ഒരു ഫോട്ടോ ഇലക്ട്രിക്സെല്ലിൽ (വെളിച്ചത്തെ വൈദ്യുതിയാക്കാൻ കഴിവുള്ള ഒരു ഉപകരണം) പതിക്കുമ്പോൾ അവയുടെ തീവ്രത (Intensity)ക്കു് ആനുപാതികമായതോതിൽ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു. കറുത്ത തലമുടിയിൽനിന്നു് കുറഞ്ഞപ്രകാശവും വെളുത്തപല്ലിൽനിന്നു് കൂടുതൽ പ്രകാശവും, ചിതറിയും പ്രതിഫലിച്ചും ഫോട്ടോ ഇലക്ട്രിക് സെല്ലിൽ പതിക്കുമ്പോൾ ആനുപാതികമായി ശക്തിവ്യത്യാസമുള്ള വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു. അതിനാൽ, ഈ വൈദ്യുതി പ്രക്ഷേപണം ചെയ്യപ്പെടുന്നവസ്തുവിന്റെ (തുടച്ചയായുള്ള) വിവിധഭാഗങ്ങളെ പ്രതിനിധാനംചെയ്യുന്ന വൈദ്യുതസംജ്ഞകൾ (electrical impulses) ആയിത്തീരുന്നു. ഈ സംജ്ഞകളെ വേണ്ടവിധം പ്രവർത്തിപ്പിച്ചു് (amplify) അവയെ റേഡിയോപ്രക്ഷേപണത്തിലെന്നപോലെ വിദ്യുത്കാന്തതരംഗങ്ങളാക്കിഏരിയൽ മുഖേന പ്രക്ഷേപണംചെയ്യുന്നു.

### സ്വീകരണം (*Reception*)

ഇങ്ങനെ പ്രക്ഷേപണംചെയ്യപ്പെട്ട തരംഗങ്ങളെ ടി. വി. റിസീവറിന്റെ ഏരിയൽ പിടിച്ചെടുത്തു് പ്രവർധിത വൈദ്യുതസംജ്ഞകളാക്കിമാററുന്നു. ഈ വൈദ്യുതികൊണ്ടു് ഒരു നിയോൺവിളക്ക കത്തിക്കുന്നു. വിളക്കിന്റെ പ്രകാശം വൈദ്യുതസംജ്ഞക്കു് ആനുപാതികമായിരിക്കും. പ്രകാശരശ്മികൾ മുമ്പു്, പ്രക്ഷേപണിയിൽചെയ്തപോലെ, നിപ്കൗ ഫലകത്തിലൂടെ ഒരു സ്ക്രീനിലേക്കു് പതിപ്പിക്കുകയും, ഫലകം പ്രക്ഷേപണകേന്ദ്രത്തിലെ ഫലകത്തിന്റെ അതേമാതിരി, അതേവേഗതയിൽ കറക്കുകയും ചെയ്യുമ്പോൾ സ്ക്രീനിൽ പ്രക്ഷേപണംചെയ്യപ്പെട്ട വസ്തുവിന്റെ പ്രതിബിംബം (Image) കിട്ടുന്നു.


നിപ്കൗഫലകത്തിന്റെ യാന്ത്രികപ്രവർത്തനമാണു് ഈ മാർഗ്ഗത്തിന്റെ പ്രധാനവശം. ഈ മാർഗ്ഗത്തിന്റെ പ്രായോഗികതയിൽ പല ന്യൂനതകളും ഉള്ളതായികാണാം. ഈ ന്യൂനതകൾ പരിഹരിക്കുന്നതിന്നും കൂടുതൽ കാര്യക്ഷമങ്ങളായ ഉപകരണങ്ങൾ കണ്ടുപിടിക്കുന്നതിന്നുമുള്ള പരിശ്രമങ്ങളുടെ പരിണതഫലങ്ങളാണു് ഇന്നു സാധാരണയായി ടെലിവിഷനിൽ ഉപയോഗിച്ചുവരുന്ന, എമിട്രോൺ ക്യാമറ (Emitron Camera) അഥവാ ഇക്കണോസ്കോപ്പ് (Iconoscope), ടി. വി. റിസീവർ അഥവാ കൈണോസ്കോപ്പ് (Kinoscope) എന്നീ ഇലക്ട്രോണിക് ഉപകരണങ്ങൾ.

### എമിട്രോൺക്യാമറ അഥവാ ഇക്കണോസ്കോപ്പ്

സ്വോറികിൻ (Zworykin) എന്ന ശാസ്ത്രജ്ഞനാണു് ഈ ഉപകരണത്തിന്റെ ഉപജ്ഞാതാവു്. ഇതിൽ നിപ്കൗഫലകത്തിന്റെ ഉപ

യോഗമേ ഇല്ല. ഇതു് ഒരു കാഥോഡ് റേ ട്യൂബി (cathode raytube)ന്റേയും അസംഖ്യം സൂക്ഷ്മ ഫോട്ടോ ഇലക്ട്രിക്സെല്ലുകളുടേയും ഒരു സംയുക്ത സജ്ജീകരണമാണു്. സജ്ജീകരണത്തിന്റെ രൂപം ചിത്രം (ii)ൽ കാണാം.

കനംകുറഞ്ഞ ഒരു മൈക്കാപ്ലേയിറ്റിന്റെ (P) ഒരു വശത്തു് വെള്ളിപൂശുക, പിന്നീട് ഏതാണ്ട് 700°c വരെ ചൂടാക്കുമ്പോൾ പ്രതലബലം (Surface Tension) കാരണം വെള്ളി കണികകൾ നിരവധി നിരകളിൽ ചെറിയ തുള്ളികളായി അഥവാ പോളകളായി ഉരുണ്ടു കൂടുന്നു. ഇവയെ പരസ്പരബന്ധമറ്റ പ്രത്യേക കണികകളാക്കി മാറ്റത്തക്കരീതിയിൽ ഓക്സിഡൈസുചെയ്യുന്നു. കണികകൾക്കുമീതെ സീസിയം (Caesium) പോലുള്ള പ്രകാശസുഗ്രാഹിയായ (Photosensitive) ഏതെങ്കിലും ഒരു പദാർത്ഥംപൂശുന്നു. ഇപ്പോൾ ഓരോ കണികയും ഓരോ ഫോട്ടോഇലക്ട്രിക്സെല്ലായി ത്തീരുന്നു. മൈക്കാപ്ലേയിറ്റിന്റെ മറുവശത്തു് ഒരു ലോഹാവരണവുമുണ്ടു്. മൈക്കാപ്ലേയിറ്റിന്റെ ഫോട്ടോ ഇലക്ട്രിക്സെല്ലുകളുള്ള ഭാഗത്തെ മൊസെയ്ക് സ്ക്രീൻ (Mosaic Screen, M) എന്നും ലോഹാവരണത്തെ സംജ്ഞാതകിട്ട് (Signal plate, S) എന്നും വിളിക്കുന്നു. മൈക്കാപ്ലേയിററ് മൊസെയ്ക് സ്ക്രീനിന്നും സിഗ്നൽപ്ലേയിറ്റിന്നും ഇടയിൽ ഒരു ഡൈഇലക്ട്രിക് (Dielectric) ആയി പ്രവർത്തിക്കുന്നതിനാൽ ഈ ഉപകരണം ഒന്നാകെ, നിരവധി സൂക്ഷ്മകണ്ടൻസറുകളെപ്പോലെ പ്രവർത്തിക്കുന്നു.




ചിത്രം (ii) ഇക്കണോസ്കോപ്പ്

ഇക്കണോസ്കോപ്പിൽ ക്രമവീക്ഷണം നടത്തുന്നതു് സ്ക്രീൻ ഒഴിവാക്കിയ ഒരു കാഥോഡ് റെ ഓസിലോഗ്രാഫ് (C.R.O.) ഉപയോഗിച്ചാണു്. C.R.O. ട്യൂബിന്റെ ഫിലമെന്റിൽ (F) നിന്നും ഉൽസർജ്ജിക്കുന്ന ഇലക്ട്രോണുകളെ ഇലക്ട്രോൺ ഗൺ കേന്ദ്രീകരിച്ചു നേരിയതും ശക്തിയേറിയതുമായ ഇലക്ട്രോൺ കിരണമാക്കുന്നു. ഈ കിരണത്തെ സെക്കന്റിൽ തിരശ്ചീനമായി (Horizontal) 10000 തവണയും ലംബമായി (Vertical) 50 തവണയും ദോലനം (Oscillation) ചെയ്യിക്കുവാൻ കഴിവുള്ള ഒരു ജോടി ഡിഫ്ളക്ടിങ്ങ് കോയിലുകൾ ($C_1$, $C_2$) ഉപകരണത്തിൽ സജ്ജീകരിച്ചിരിക്കുന്നു.


ഒരു വസ്തുവിൽനിന്നും വരുന്ന പ്രകാശത്തെ ലെൻസുകൾ (L) മുഖേന കേന്ദ്രീകരിച്ചു (Focus) മൊസെയ്ക് സ്ക്രീനിൽ (M) പതിപ്പിക്കുമ്പോൾ വസ്തുവിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വരുന്ന പ്രകാശരശ്മികൾ വ്യത്യസ്തകണികകളിൽ പതിക്കുന്നു. കണികകൾ ഓരോന്നിൽനിന്നും, പതിക്കുന്ന രശ്മികളുടെ തീക്ഷ്ണതക്ക് ആനുപാതികമായി, ഇലക്ട്രോണുകൾ ഉൽസർജ്ജിക്കുന്നതിനാൽ അവ ഓരോന്നും തദനുസൃതമായ ധനാത്മക (Positive) ചാർജ്ജ് ഉള്ളവയായിരിക്കും. ഇങ്ങനെയുള്ള ഓരോ കണികയും സംജ്ഞാതകിടിന്നു് ഋണാത്മക (Negative) ചാർജ്ജ് പ്രദാനം ചെയ്യുന്നു. ഇപ്പോൾ മൊസെയ്ക് സ്ക്രീൻ ക്രമവീക്ഷണത്തിനു് സജ്ജമായ നിലയിലായിരിക്കും. C.R.O. ട്യൂബിൽനിന്നു വരുന്ന ഇലക്ട്രോൺ കിരണങ്ങൾ ചാർജ്ജ് ചെയ്യപ്പെട്ട മൊസെയ്ക് കണികകളിലൂടെ മേൽപറഞ്ഞപോലെ, അതിവേഗം ചലിക്കുമ്പോൾ കണികകൾ 'തുടക്ക'പ്പെടുന്നതിനാൽ ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയും വീണ്ടും പു തായി പ്രവർത്തനസജ്ജമാവുകയും ചെയ്യുന്നു. ഈ പ്രക്രിയ സെക്കന്റിൽ നിരവധി തവണ ആവർത്തിക്കുന്നു.

സംജ്ഞാതകിടിൽ വൈദ്യുതമൂല്യത്തി ണ്ടാകുന്ന വ്യതിയാനങ്ങൾ മൊസെയ്ക് പ്ലേയിററിൽ പതിക്കുന്ന പ്രകാശരശ്മികൾക്ക് ആനുപാതികമായാൽ വസ്തുവിന്റെ ഓ ചെറുഭാഗത്തിന്റേയും ശോഭക്ക് സമാനമാ സംജ്ഞകളാണു് സംജ്ഞാതകിടിൽ സംജ മാകുന്നതു്. ഈ നെഗറ്റീവ് ചാർജ്ജുക കുന്ന സംജ്ഞകളെ ഒരു റെസിസ്റ്റൻസിലൂ (Resistance, R) ഭൂമിയിലേക്കൊഴുക്കുമ്പോ മാർഗ്ഗത്തിലുള്ള X എന്ന ഒരു സ്ഥാനത്തു്

യെ അപേക്ഷിച്ചു ഉയർന്ന ഒരു നെഗററിവ് പൊട്ടൻഷ്യൽ ഉണ്ടാകുന്നു. X-ന്റെയും ഭൂമിയുടേയും ഇടയിലുണ്ടായ ഈ പൊട്ടൻഷ്യൽ അനന്തരം പ്രവർദ്ധക വാൽവിന്റെ (Amplifying valve) ഗ്രിഡിന്റെയും (G) ഫിലമെന്റിന്റെയും ($F_1$) ഇടയിലേക്കു നല്കുന്നു (Apply) ഇങ്ങനെ ഇലക്ട്രോൺ കിരണങ്ങൾ ചലിക്കുന്നതിന്നനുസൃതമായി വസ്തുവിന്റെ ക്രമവീക്ഷണം ചെയ്യപ്പെട്ട സംജ്ഞകൾ വൈദ്യുതസംജ്ഞകളായി (Pulses of potential difference) മാറുന്നു. ഈ വൈദ്യുതസംജ്ഞകളെ റേഡിയോ പ്രക്ഷേപിണിയിലെന്നപോലെ വിദ്യുത്കാന്തതരംഗങ്ങളാക്കി പ്രക്ഷേപണം ചെയ്യുന്നു.

### *ടെലിവിഷൻ റിസീവർ അഥവാ കൈനോസ്കോപ്പ് (Kinoscope)*

ഏതാണ്ട് എമിട്രോൺ ക്യാമറയുടേതുപോലെതന്നെയാണ് ഇതിന്റെയും പ്രവർത്തനതത്വം. ഇവിടെ C.R.O. ട്യൂബിന്റെ ഫിലമെന്റിൽനിന്നും (F) ഐക്കണോസ്കോപ്പിലെന്നപോലെ കേന്ദ്രീകൃതവും ശക്തിയേറിയതുമായ ഇലക്ട്രോൺ കിരണങ്ങൾ ഉല്പാദിപ്പിച്ച് ഒരു ഫ്ളൂറസന്റ് സ്ക്രീനിൽ പതിപ്പിക്കുന്നു. എമിട്രോൺ ക്യാമറയിൽ ചെയ്യുംപോലെ അതേ രീതിയിൽ ഈ കിരണങ്ങളേയും ദോലനം (Ascillation) ചെയ്യിക്കുന്നു. പ്രക്ഷേപണം




ചിത്രം (iii) കൈനോസ്കോപ്പ്

ചെയ്യപ്പെടുന്ന വിദ്യുത്കാന്ത തരംഗങ്ങളെ ഏരിയൽ മുഖേന സ്വീകരിച്ച്, അതിനെ പ്രവർദ്ധിപ്പിച്ച് (Amplify) വൈദ്യുതസംജ്ഞകളുടെ (Electrical impulses) രൂപത്തിലാക്കുന്നു. ഈ വൈദ്യുതസംജ്ഞകളെ C.R.O. ട്യൂബിന്റെ കാഥോഡ് ഫിലമെന്റിനു ചുറ്റുമായി സജ്ജീകരിച്ചിട്ടുള്ള മോഡ്യുലേറ്റിങ് സിലിണ്ടർ (Modulating cylinder) എന്നറിയപ്പെടുന്ന ഒരു ലോഹക്കുഴലിലേക്ക് എത്തിക്കുന്നു. ഈ വൈദ്യുതി, ഫിലമെന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഇലക്ട്രോൺ കിരണങ്ങളുടെ തീവ്രത (Intensity) യെ നിയന്ത്രിക്കുന്നു. അങ്ങനെ, കിരണങ്ങളുടെ തീവ്രത എമിട്രോൺ ക്യാമറക്കു മുന്നിലുള്ള വസ്തുവിന്റെ ഓരോ ഭാഗത്തിനും ആനുപാതികമായി മാറുന്നു. കൈനോസ്കോപ്പിലെ ദോലനം ഐക്കണോസ്കോപ്പിലേതിന്ന് തുല്യമാകയാൽ പ്രക്ഷേപണകേന്ദ്രത്തിൽ പ്രക്ഷേപണം ചെയ്യപ്പെട്ട വസ്തുവിന്റെ ചിത്രം കൈനോസ്കോപ്പിന്റെ സ്ക്രീനിൽ ലഭിക്കുന്നു.

ടെലിവിഷനിൽ അടുത്ത കാലത്തായി കൂടുതൽ പരിഷ്കാരങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്ന് വ്യാപകമായുപയോഗിക്കുന്ന ടെലിവിഷനിൽ, ഇതേ തത്വമാണ് പ്രയോഗത്തിലുള്ളത്. വർണ്ണചിത്രങ്ങളുടെ പ്രക്ഷേപണത്തിനും ഇപ്പോൾ ഉപാധികളുണ്ട്.

ടെലിവിഷനെസംബന്ധിച്ച വലിയൊരു പ്രശ്നം അതിന്റെ പ്രക്ഷേപണപരിധി (അടുത്ത കാലംവരെ ഇത് 50 മൈലായിരുന്നു) വളരെ കുറവാണെന്നുള്ളതാണ്. നിരന്തരമായ പരീക്ഷണങ്ങൾകൊണ്ട് ഇക്കാര്യത്തിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. റേഡിയോവിനെപോലെ ടെലിവിഷനും കൂടുതൽ സാർവ്വത്രികമാകുന്ന കാലം വിദൂരമല്ലെന്നു പ്രതീക്ഷിക്കാം.

# To Look Back-I

Yaseen Ashraf K., III B. A. (Eng )

FIVE years are passed, five long experience-packed ones since I entered this hotbed of civilization; and now it is not out of place to look back to the trodden path, to examine the indelible foot-prints I have stamped on time, to see when my feet were firmly set and when they fumbled in the quicksands of life. The plant of life by the growth of these five years has borne a bunch of innumerable and invaluable experiences—sweet, sour and bitter.

But one need not come to a college for experience alone—mere living will serve him in that line. In practice, however, education has degenerated into mere experiences. It is cheap and not free. The receivers of it look this gift horse of education in the month.

The College has acted as a mediary between the outside world and myself, introducing one to the other. It is a precious boon gained from college education that the world has presented itself to me with all its opportunities and the prospects of growth and success. One experiences even from his infancy the biting attacks of troubles come out of Pandora's box; and college education lifts the lid that is shut against Hope. Life may present the gathering clouds, but education shows the silver line beyond it.

The 'Alma Mater' has many a time offered her immaterial hands to save me from the Sloughs of Despondency; never, all the same, has she spared the rod lest she should spoil her child. With the residential advantages to boot, college education has prepared me to get myself grafted to any environment, to feel at home in any corner of the world, and to befriend any stranger. It has rendered ventilation of ideas feasible, thus helping to found a civilization.

## Gains

Russell maintained that any educational institution or academic system provides opportunities of growth and removes hampering influences; gives culture to the individual and develops his capacities to the fullest; and trains useful citizens. Education gives one's mind a chance to expand into a healthy and indefatigable receptacle.

One of the chief gains of my college education is the pleasant conviction that optimism is the best

policy and that it blesses *all* those who keep their mental health and poise. On the moral side, it has amended, improved upon and underlined several principles that guide me. Intellectually, too, education has the singular ability of breeding free and rational thinkers. It liberates one from the restrictive blinkers, gives one the wings of Pegasus to soar higher and higher still, against obstructionist Chimeras and past them in giant sweeps of victorious flutters.

Education gives the individual culture. It is the culture of the mind that education mainly focusses its attention on. The mind is rocketted to the boundless arenas of human activity. It stimulates the fingers that burn effigies into lighting the candle of culture and spreading it far and wide.

## Training for future

College education trains useful citizens. Education aims at preparing responsible citizens for the future; I would assert that it has convinced me. of the supreme need for responsible and useful citizens. An educational system that holds no promise for posterity hardly counts for much. For it is an investment; the college is the green room behind the cosmic stage.

Perhaps the greatest asset acquired from college education is the chance to be directly involved in the problems of students, the nuclei of the society. I saw this sect including myself run amuck through the veins of Alma Mater; I saw us being morbidly intolerant and misusing our steaming juvenile vitality and the precious elan vital of our meridian prime for unbecoming purposes, mistaking this bivouac of life for the actual battle-plain; I saw us transform the ball-rooms of discipline into cauldrons of obtrusive indiscipline; dance to the tune of the political quarrel-mongers; I saw the dismal lack of morality plague many of us; I saw us call up the shadowy phantoms of many fancy-problems; I saw the warm blood, outselves, of the Alma Mater; saw too, at length, diseases in her blood.

Thanks to college education, and in consequence of the prevalent struggle for material existence, I claim, with all my humble pride to affirm it, to have set my faith on firmer grounds, and defined the moral values that guide me more distinctly and broadly than before. And it is on this criterion of moral values that I prefer to calculate the gains of my college life. In the examinations' I may succeed or fail; but if, by the grace of the supreme Guide, my conduct as a man—a human-in-society—is certified to be satisfactory, then my five years here are justified to the full!

# To Look Back-II

**Abdu Kodur,** III B.Sc.

As I stepped up to the college, it seemed to me, indeed, a world of wonders of various sorts. But soon it began to turn 'unpleasant', one by one. I had to inquire and find out class-rooms which are changed for every hour. Nobody was there to help. Because every other companion was a prototype of my own person. However we together managed to find them out and also to hurry in view of securing punctuality in classes. Here it happened so, that every member of our company wove a net of mutual understanding, clear friendship and a portion of the predominent factor—self-reliance.

But hotter seasons were going to follow When the interval is on, or is the leasure-time, some friends smoked and puffed the smoke in my face. Then I responded with hot words. But after some time of friction, we gradually reached a compromise not to act and re-act! Not by summoning a round-table conference under the supervision of U N O, but by the latent capacity of our souls. Power of patience and a closer understanding were the net out-come from such kind of myriads of incidents.

While loitering in the verandas of the hostel, a friend would come, gently slap me on the back calling an uncultured term. I would again turn hot in the collar. I would, wearing a face of seriousness, reproach him and stimulate his culture-consciousness. The repetition of the sort of so many episodes, would turn one into a healthy personality. The by-product of the same, is the still more strengthening of my enduring power.

## Intellectual side

I turned the pages of the chemistry book; wandered crazy in a world of the most thrilling wonders. I saw that 93 basic elements played cunningly and elegantly producing a universe of matter and life, which is a condensation of mere positive and negative charges at the ultimate analysis. I was mesmerized by the sight of a beautifully coloured (violet, red, yellow etc.) solution out of two solutions having no colours! I was overpowered by the sight presented by chemistry that fire is produced out of 'water'! Are these sights mere illusions? Or are they mere bare reality! I was educated that, "Truth is stranger than fiction".

Then I turned the pages of zoology, botany, physics and so on. Physics showed me an un-

believable factory full of astonishing pieces of carefully deviced machinery—The universe. Botany and zoology probably explained off, a world of machines which work by the power of a non-material spirit which even Dr. Har Govind Ghorane has found no way to explain off.

## Critical

Everything I came across fell a victim of my critical evaluation. "Why should I be neatly *dressed?*" was the *first* question of evaluation. My logical reasoning murmured in my heart that otherwise I will not be clubbable and a man of pure culture. Why should I be patient in the hostel mess and calm in every unpleasant situation? It drove home in me the idea that I have come here for learning to be so, so that I may be a gentleman in society. Should I *necessarily be a member in* an organisation? Of course, I should be. Otherwise I will be an isolated creature. I learned that 'unity is strength'.

I have learned during the academic life in college, to confront life with valour and not to flee from it like a coward. I have seen that co-operation and simplicity are the governing factors in one's life. The self-boasting and reserved habits are at stake, owing to my college education. The vast branches of science and sociology told me, I have not studied anything in this life. The successive developments in man's never ending attempts to reach the moon and stars reduced me to a mere particle in the vast yard of universe.

The remnants of my ancestor monkey, are still in me. Does it mean that college education is imperfect? Indeed, it is not the defect of college education, for it cannot act as a perfect 'dry-cleaner of our minds. 'Mind' is an uncertain phenomenon in life throughout. It can be "washed free of dirt" only with our own self-control and responsibility.

I take an oath that college education will be a glistening and radiant leaf in the book' of my life. I am so much indebted to this life. My vivid capacities, if at all I posses them are the pets of the college education.

# വിദ്യാഭ്യാസം ജീവിതത്തിൻെറ അടിത്തറ

*അഷ്റഫ് പൂനൂർ, I-B.Com.*

പ്രാചീനകാലംമുതൽക്കുതന്നെ വിദ്യാഭ്യാസം ഒരു പ്രത്യേകഗുണമായി മനുഷ്യൻ കരുതിയിരുന്നു. പണ്ടുകാലങ്ങളിൽ രാജാക്കന്മാരുടെ കുട്ടികൾ മാത്രമായിരുന്നുവല്ലോ വിദ്യാഭ്യാസം നേടിയിരുന്നതു്. ആ കാലങ്ങളിൽ സാധാരണക്കാരായ കുട്ടികൾക്കോ പാവപ്പെട്ട കുട്ടികൾക്കോ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. സമുദായത്തിലെ ഉൽകൃഷ്ടരുടെ ഒരു പ്രത്യേക ഗുണമായിട്ടായിരുന്നു അന്നു് വിദ്യാഭ്യാസത്തെ കരുതിയിരുന്നതു്. ഇതിൽനിന്നുതന്നെ നമുക്കു് വിദ്യാഭ്യാസത്തിനു് അന്നുമുതൽക്കേയുള്ള പ്രാധാന്യം മനസ്സിലാക്കാം.

കാലഘട്ടം മാറി. രാജാക്കന്മാരുടെ കാലം കഴിഞ്ഞു. സമുദായത്തിൽ ഉൽകൃഷ്ടരെന്ന ഒരു പ്രത്യേക വിഭാഗം ഇല്ലാതെയായി. ഈ ലോകത്തിൽ എല്ലാവരും സമന്മാരാണെന്ന പുതിയ ചിന്താഗതി ഉടലെടുത്തു. ഇപ്പോഴും വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം അല്പംപോലും കുറഞ്ഞുപോയിട്ടില്ല. മാത്രമല്ല കാലം കഴിയുംതോറും വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം വർദ്ധിച്ചുവരികയുമാണു്.

ഈ ലോകത്തിന്റെ ഉത്ഭവംമുതല്ക്കേ ആളുകളിൽ വിജ്ഞാനദാഹം കൂടിവരികയാണു്. എത്ര ലഭിച്ചാലും അവർക്കു് മതിവരുന്നില്ല. ലോകത്തെക്കുറിച്ചു് എത്ര മനസ്സിലാക്കിയാലും പൂർണ്ണമായില്ലെന്നവർ വിശ്വസിക്കുന്നു. പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ അവരുടെ ദാഹം ശമിപ്പിക്കുന്നില്ല. ഓരോ പുതിയ കാൽവെപ്പിലും അവരുടെ ജിജ്ഞാസ വർദ്ധിച്ചുവരികയാണു്.

വിദ്യാഭ്യാസത്തിനു് ഇന്നുള്ള പ്രാധാന്യം അവിതർക്കിതമാണു്. വിദ്യാഭ്യാസത്തിൽക്കൂടി മാത്രമെ ഒരു മനുഷ്യന്റെ ജീവിതം പരിപൂർണ്ണമാവുകയുള്ളൂ. അജ്ഞനായ ഒരു മനുഷ്യൻ അപൂർണ്ണനാണു്. അവന്റെ ജീവിതം ശാശ്വതമല്ല. അഭ്യസ്തവിദ്യനല്ലാത്ത ഒരാൾ ഈ ലോകത്തിനുതന്നെ ഒരു ഭാരമാണു്. രാജ്യത്തിനു് വിലപ്പെട്ട യാതൊരു സംഭാവനകളും ചെയ്യാൻ ഇവർക്കു് സാധ്യമല്ല. മറിച്ചു് രാജ്യത്തിന്നു് തന്നെ ഒരു ശാപമായി ഇവർ ജീവിക്കുന്നു. അർത്ഥമില്ലാതെ, ആഗ്രഹമില്ലാതെ.

രാജ്യത്തിന്റെ പുരോഗതിയിൽ വിദ്യാഭ്യാസത്തിന് അതിപ്രാധാന്യമേറിയ ഒരു പങ്കാണ് നിർവ്വഹിക്കാനുള്ളത്. വിദ്യാഭ്യാസത്തിൽക്കൂടി ഒരു രാജ്യത്തെ എങ്ങിനെ ഉദ്ധരിക്കാം? ഈ കാര്യത്തെക്കുറിച്ച് വളരെയേറെ ആലോചിച്ച് വ്യക്തമായ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസം ഏതൊരു സമുദായത്തേയും പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് നയിക്കുന്നു. വ്യക്തിത്വത്തിന്റെ വികസനമാണ് വിദ്യാഭ്യാസംകൊണ്ടുണ്ടാവേണ്ടത്. വിശാലവീക്ഷണം വളർത്തണമെങ്കിലും വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. വിശാലവീക്ഷണത്തിൽക്കൂടിയല്ലാതെ രാജ്യത്തെ ഉദ്ധരിക്കുക സാധ്യമല്ല.

വിദ്യാഭ്യാസത്തെക്കുറിച്ച് അധികമാളുകളും വ്യക്തമായി മനസ്സിലാക്കിയിട്ടില്ല എന്നതാണ് വാസ്തവം. വിദ്യാഭ്യാസംകൊണ്ട് നാം ഉദ്ദേശിക്കുന്നത് എന്താണ്? വ്യത്യസ്തങ്ങളായ ഉത്തരങ്ങളായിരിക്കും നമ്മിൽനിന്നും പൊങ്ങിവരുന്നത്. ഏറെക്കുറെ ഈ ഉത്തരങ്ങളെ മൂന്ന് വിഭാഗങ്ങളായി തിരിക്കാം. വിജ്ഞാനദാഹത്താൽമാത്രം വിദ്യ അഭ്യസിക്കുന്ന ഒരു വിഭാഗക്കാരുണ്ട്. വെറും ഒരു ജോലി ലഭിക്കുക എന്ന ഉദ്ദേശത്തെമാത്രം മുൻനിർത്തി പഠിക്കുന്നവരാണ് രണ്ടാമത്തെ വിഭാഗം. ഒരു ചെറിയ ശതമാനമാണെങ്കിലും കലാലയജീവിതം വെറുമൊരു "ജോളി"ക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നവരും ഉണ്ട്. ഈ മൂന്ന് വിഭാഗക്കാരും വിദ്യ അഭ്യസിക്കുക എന്ന പ്രവൃത്തിയേയാണ് നിർവ്വഹിക്കുന്നത്. ഇവരെല്ലാം തന്നെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ജീവിതവുമായി ബന്ധപ്പെടുകയാണ്.

ജീവിക്കുക എന്നതാണല്ലോ മനുഷ്യന്റെ ഏററവും വലിയ ആവശ്യം. ആ ആവശ്യത്തിന് വേണ്ടി അവൻ എന്തും ചെയ്യും. വിദ്യാഭ്യാസകാലത്തുതന്നെ ജീവിക്കണം എന്ന പ്രശ്നം അവൻ കണക്കിലെടുക്കുന്നില്ല. അതാണവന്റെ ജീവിതത്തിലെ ഏററവും വലിയ പരാജയം.

വിദ്യാഭ്യാസം തൊഴിലിന് അനുസൃതമായ നിലയിൽ രൂപപ്പെടുത്തി എടുക്കാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കണം. ഇങ്ങനെ രൂപപ്പെടുത്തേണമെങ്കിൽ ആദ്യംമുതൽക്കുതന്നെ ഇതിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഈ തരത്തിൽ വിദ്യാഭ്യാസത്തെ മുന്നോട്ടു കൊണ്ടുപോവാൻ വിദ്യാർത്ഥികൾ ശ്രമിക്കുകയാണെങ്കിൽ യുവാക്കൾ ഇന്ന് തൊഴിലിന്‌വേണ്ടി അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ഏറെ നികത്താൻ കഴിയും. തൊഴിൽ രഹിതർ ഇന്ന് രാജ്യത്തിനൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. യുവാക്കൾ ഇന്ന് തൊഴിലിന് വേണ്ടി അനുഭവിക്കുന്ന കഷ്ടപ്പാടുകൾ അസഹ്യമാണ്. യുവജനങ്ങൾ കഴിവതും സ്വന്തം തണലിൽ ജീവിക്കാൻ ആഗ്രഹിക്കണം. എങ്കിൽതന്നെ ഇന്നത്തെ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കപ്പെടും

വിദ്യാർത്ഥികൾക്ക് ഈ രാജ്യത്തോടും ഇവിടുത്തെ ജനങ്ങളോടും അപാരമായ കടപ്പാടാണുള്ളത്. ഈ കടപ്പാട് നാം വിസ്മരിച്ചുകൂടാ. നമ്മുടെ ചുമതല നാം ഭംഗിയായി നിർവ്വഹിക്കുകതന്നെവേണം. സാമുദായികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ രാജ്യത്തോടുള്ള തങ്ങളുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിന് വിദ്യാർത്ഥിവർഗ്ഗം ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളിൽക്കൂടി മാത്രമേ രാജ്യത്തിനുപകാരപ്രദമായ പല കാര്യങ്ങളും നമുക്ക് ചെയ്യുവാൻ സാധ്യമാവൂ. രാജ്യത്തിന്റെ പുരോഗതിയേ സാരമായി ബാധിക്കുന്ന പല നല്ല കാര്യങ്ങളും ഇതിൽനിന്നും നമുക്ക് ചെയ്യാൻകഴിയും. ഇ ഏകതാവും ശക്തിയും വിദ്യാഭ്യാസത്തിൽക്കൂടിയാണ് നമുക്ക് ലഭിക്കുന്നത്. രാജ്യത്തിന്റെ സാമുദായികസാംസ്കാരികരംഗങ്ങളിൽ വിദ്യാർത്ഥികളായ നമുക്ക് വലിയതോതിൽ സംഭാവനകളർപ്പിക്കാൻ കഴിയും. നമ്മുടെ അലസതയാണ് അതിന്റെ ഏററവും വലിയ എതിരാളി. ഈ അലസത നാം കൈവെടിഞ്ഞേതീരൂ; ഈ അന്ധത നാം അവസാനിപ്പിച്ചേ ഒക്കൂ! എങ്കിൽ മാത്രമേ വിദ്യാഭ്യാസത്തിന്റെ പൂർണ്ണ ലക്ഷ്യം നാം കൈവരിക്കുകയുള്ളൂ.

ഇന്ന് വിദ്യാഭ്യാസത്തിനു ധാരാളം അവസരങ്ങളുണ്ട്. അത് ഉപകാരപ്രദമാം പ്രയോജനപ്പെടുത്തേണ്ടത് വിദ്യാർത്ഥികളുടെ കടമയാണ്. വിദ്യാർത്ഥികൾ കാലത്തിന്റെ ആഹ്വാനം ശ്രദ്ധിച്ചുവേണം പ്രവർത്തിക്കുവാൻ. വലിയവലിയ ആവശ്യങ്ങളാണ് മഹാന്മാരെ സൃഷ്ടിക്കുന്നത്.

നമ്മുടെ വരുമാനത്തിന്റെ ഏകദേശം പകുതിയോളം തുക വിദ്യാഭ്യാസത്തിനുവേണ്ടിയാണ് ഗവണ്മെണ്ട് ചിലവഴിക്കുന്നത് എന്നിട്ടുകൂടി വിദ്യാഭ്യാസരംഗത്ത് സ

ഇനിയും ഗണ്യമായ പുരോഗതി കൈവരിച്ചിട്ടില്ല. ഈ രംഗത്ത് വ്യക്തമായ നിലയിൽ പുരോഗമിക്കേണ്ടതു് അത്യാവശ്യമാണ്. നമുക്ക് നമ്മുടേതായ പാരമ്പര്യമുണ്ട്. സംസ്കാരമുണ്ട്. അതിൽ ഊന്നിക്കൊണ്ടുവേണം നാം നമ്മുടെ ഭാവി രൂപപ്പെടുത്താൻ. നിസ്സാരമായ ഓരോ രംഗങ്ങളിലും ഗവണ്മെണ്ടിനെ ആശ്രയിക്കാതെ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും നാം സ്വയം ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

അടിസ്ഥാനപരമായ വിദ്യാഭ്യാസം ലഭിച്ചുകഴിഞ്ഞാലുടനെ ഒരാൾ വിദ്യാസമ്പന്നനാകുന്നില്ല. സ്വയം പഠിക്കേണ്ടതെങ്ങനെ എന്ന് പഠിപ്പിക്കുവാൻ മാത്രമേ അടിസ്ഥാനപരമായ സ്കൂൾ വിദ്യാഭ്യാസം സഹായിക്കുന്നുള്ളു. പ്രാഥമികപാഠങ്ങൾ മാത്രമേ കലാലയവിദ്യാഭ്യാസത്തിൽകൂടി ഒരാൾക്ക് ലഭിക്കുന്നുള്ളു. അവിടെക്കൊണ്ട് വിദ്യാഭ്യാസം പൂർത്തിയാകുന്നില്ല. ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന അവിരാമമായ ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം. അങ്ങനെ മാത്രമേ വിവേചനശക്തിയുണ്ടാവുകയുള്ളു. അതിന് സുശക്തമായൊരു ഗ്രന്ഥാലയപ്രസ്ഥാനം ആവശ്യമാണ്. അല്ലാതെ കലാലയ വിദ്യാഭ്യാസത്തിൽകൂടിതന്നെ സർവ്വജ്ഞാനവും നേടാൻ ഒരാൾക്കും സാദ്ധ്യമല്ല. ഇങ്ങനെ നോക്കുമ്പോൾ ഗ്രന്ഥശാലകൾ വിദ്യാഭ്യാസത്തെ ഗണ്യമായ തോതിൽ സഹായിക്കുന്നുണ്ട്. ബാഹ്യമായ വിജ്ഞാനം അധികമായും ഉണ്ടാകുന്നതു് ഇത്തരം ഗ്രന്ഥശാലകൾ മുഖേനയാണ്. കലാലയ വിദ്യാഭ്യാസത്തിൽ നിന്നു ആന്തരികമായ വിജ്ഞാനമാണ് നമുക്ക് കൂടുതലായും ലഭിക്കുന്നതു്. ആന്തരികവും ബാഹ്യവുമായ അറിവിനെക്കുറിച്ച് മനസ്സിലാക്കിയാൽ മാത്രമേ വിദ്യാഭ്യാസംകൊണ്ടുള്ള പ്രയോജനം പൂർണ്ണമായും നമുക്ക് ലഭിക്കുകയുള്ളു.

വളരുന്ന തലമുറയുടെ സ്വഭാവശുദ്ധിയെ ആശ്രയിച്ചാണ് രാജ്യത്തിന്റെ ഭാവി നിലകൊള്ളുന്നതു്. ഈ സ്വഭാവരൂപവൽക്കരണത്തിന് ഇന്ന് വമ്പിച്ച പ്രാധാന്യമാണുള്ളതു്. വിദ്യാർത്ഥികൾ ഇന്ന് ലോകത്തിനുതന്നെ ഒരു പ്രശ്നമാണ്. വിദ്യാർത്ഥികളുടെ അച്ചടക്കബോധമില്ലായ്മയാണ് ഇതിന് പ്രധാന കാരണം. ഒരു വിഭാഗം വിദ്യാർത്ഥികളിൽ കാണുന്ന ഈ ദുസ്സ്വഭാവത്താൽ വിദ്യാർത്ഥിലോകമാകമാനം പഴിക്കപ്പെടുകയാണ്.

വിദ്യാഭ്യാസരംഗം അതിന്റെ പരിപാവനമായ വിധത്തിൽ ശോഭിക്കണമെങ്കിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുപോലെ ശ്രദ്ധിക്കേണ്ടതുണ്ട്. അദ്ധ്യാപകർക്ക് രാഷ്ട്രത്തോട് മഹത്തായ ഒരു കടമയാണ് നിർവ്വഹിക്കാനുള്ളതു്. ദേശാഭിമാനമുള്ള ഉത്തരവാദിത്വബോധമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുകയെന്നതാണ് അതു്. അവരിൽ നല്ല സ്വഭാവങ്ങൾ ഉണ്ടാക്കുകയും ചീത്തസ്വഭാവങ്ങളെ ഇല്ലായ്മചെയ്യുകയുമാണ് അദ്ധ്യാപകരുടെ കർത്തവ്യം. ഇതു് അസാദ്ധ്യമായൊരു കാര്യമല്ല ശ്രമമേറിയ ഒരു സാധനയാണ് അതു്. അതിൽ അദ്ധ്യാപകർ ശ്രദ്ധകേന്ദ്രീകരിച്ചാൽ മാത്രമേ നാം വിഭാവനചെയ്യുന്ന ഒരു വിദ്യാർത്ഥിസമൂഹത്തെ നമുക്ക് കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളു.

വിദ്യാർത്ഥികൾ അക്രമരാഹിത്യവും സേവനവും ശരിയായ അർത്ഥവ്യാപ്തിയോടെ ശീലിക്കേണ്ടതു് അത്യാവശ്യമാണ്. വിദ്യാർത്ഥികൾ സ്വാർത്ഥമോഹികളായ രാഷ്ട്രീയക്കാരുടെ കരുക്കളായിത്തീരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾ തങ്ങളുടെ കടമ ഒരിക്കലും മറന്നുകൂട. അവർ മാറിവരുന്ന ഭരണസംവിധാനങ്ങളും സാമൂഹ്യവിദ്യാഭ്യാസസമ്പ്രദായങ്ങളുമായി വ്യക്തമായും പൊരുത്തപ്പെട്ടുപോയെങ്കിൽ മാത്രമേ മാറിവരുന്ന ജീവിതരീതികളുമായി ഇണങ്ങിച്ചേരാൻ അവർക്ക് സാദ്ധ്യമാവുകയുള്ളു. വിവേകബുദ്ധിയുള്ള നേതൃത്വവും വിപുലമായ അടിത്തറയും ലഭിക്കുകയാണെങ്കിൽ മാത്രമേ വിദ്യാർത്ഥികൾ നേർവഴിക്ക് പോവുകയുള്ളു. സാമൂഹ്യസാംസ്കാരികരംഗങ്ങളിൽ വ്യക്തമായ വ്യതിചലനങ്ങൾ വരുത്താൻ വിദ്യാഭ്യാസത്തിന് മാത്രമേ കഴിയൂ.

ഏതു് സമുദായത്തിന്റേതായാലും രാഷ്ട്രത്തിന്റേതായാലും പുരോഗതിയും അഭിവൃദ്ധിയും ക്ഷേമൈശ്വര്യങ്ങളും മുഖ്യമായും നിലകൊള്ളുന്നതു് അവരുടെ വിദ്യാഭ്യാസത്തിലാണ്. ഓരോ സമുദായവും അവരുടേതായ വിദ്യാഭ്യാസകാര്യത്തിൽ പ്രത്യേകശ്രദ്ധപതിപ്പിക്കുകയാണെങ്കിൽ വിദ്യാഭ്യാസത്തിൽ നമുക്ക് ഏറ്റവും വലിയ പുരോഗതി കൈവരിക്കാം.

യുവതലമുറ സുഖാന്വേഷികളായി മാറിയിട്ടുണ്ട്. പക്ഷേ ഈ സുഖാന്വേഷണങ്ങൾ അവർക്ക് യഥാർത്ഥമായ ആനന്ദം പ്രദാനം ചെയ്യാൻ പര്യാപ്തമല്ല. വിദ്യാഭ്യാസത്തിൽ ആധുനികത ആവശ്യമാണ്. ആധുനികവിദ്യാ

ഭ്യാസത്തിൽക്കൂടി മാത്രമേ പുരോഗമനാശയങ്ങൾ നടപ്പിലാക്കുവാൻ സാദ്ധ്യമാവുകയുള്ളൂ. ഈ ആധുനികത അത്യന്താധുനികമാവുമ്പോഴാണ് അപകടം സംഭവിക്കുന്നത്. മുതിർന്നവർ ശരിയായ മാർഗ്ഗനിർദ്ദേശം നൽകുകയാണെങ്കിൽ യുവതലമുറ ഒരിക്കലും വഴിതെറ്റിപ്പോവുകയില്ല. ആധുനികവിദ്യാഭ്യാസം യുവതലമുറക്ക് പകർന്നുകൊടുക്കുമ്പോഴും അതിന്റെ ഇരുവശങ്ങളെക്കുറിച്ചും നന്നായി മനസ്സിലാക്കണം. ആധുനിക കാലത്തെ വളർച്ചയെത്തിയ വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ വിദ്യാഭ്യാസം നവീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.

സ്ത്രീവിദ്യാഭ്യാസം ഇന്ന് വളരെയേറെ പ്രാധാന്യമേറിയ ഒരു സംഗതിയാണ്. വിദ്യാഭ്യാസ കാര്യത്തിൽ നാം വേണ്ടത്ര പുരോഗമിക്കണമെങ്കിൽ സ്ത്രീവിദ്യാഭ്യാസം ഇനിയും എത്രയോ നന്നായി തീരേണ്ടതുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടി നമ്മുടെ ഗവൺമെന്റ് പ്രതിവർഷം എത്രയോ കോടി രൂപ ചിലവഴിക്കുന്നുണ്ട്. ഈ ഇനത്തിൽ ഗവർമ്മേണ്ടിന് ഏറ്റവും കൂടുതൽ നഷ്ടം ഭവിക്കുന്നത് സ്ത്രീവിദ്യാഭ്യാസത്തിന് ചെലവഴിക്കുന്ന സംഖ്യയിൽ നിന്നാണ്. ഭൂരിപക്ഷം പെൺകുട്ടികളും വിദ്യാഭ്യാസം കഴിഞ്ഞാൽ ഗൃഹസ്ഥാശ്രമത്തിലേക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നത്. അതുവരെ അവരെ പഠിപ്പിച്ച തുകയത്രയും ഗവൺമെണ്ടിന് നഷ്ടമായിത്തീരുന്നു. രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു "നാഷണൽ വേസ്റ്റായി"ത്തീരുന്നു പെൺകുട്ടികളുടെ ഈ പഠിപ്പ്. സ്ത്രീവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാം ഇനിയും എത്രയോ പുരോഗമിക്കേണ്ടതുണ്ട്. സ്ത്രീകളെ വിദ്യാഭ്യാസിപ്പിച്ചാൽ മാത്രം പോരാ, അവർക്ക് സമൂഹത്തിൽ അർഹിക്കുന്ന സ്ഥാനം നൽകുകയും വേണം. വിദ്യ അഭ്യസിച്ച അമ്മ കുടുംബത്തിനാകെ മാർഗ്ഗദർശനമാണ്.

വിദ്യാഭ്യാസംകൊണ്ടുള്ള നേട്ടങ്ങൾ പലതാണ്. വിജ്ഞാനസമ്പാദനം മാത്രമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കിത്തീർക്കുവാനും വിദ്യാഭ്യാസത്തിന് കഴിയും. മാനസികവും ബുദ്ധിപരവുമായ വളർച്ച ഒരാൾക്ക് ലഭ്യമാകുന്നത് വിദ്യാഭ്യാസത്തിൽക്കൂടിയാണെന്ന് പറയുമ്പോൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഏറെക്കുറെ മനസ്സിലാക്കാം. വിദ്യാരഹിതനായ ഒരാൾക്ക് ശരിയാംവിധം മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുവാൻ കഴിയുകയില്ല. ചുരുക്കത്തിൽ ജീവിതത്തിന്റെ അടിത്തറയാകുന്ന വിദ്യാഭ്യാസത്തിൽ നിന്നും നമുക്ക് ജീവിതം പഠിക്കാം; സഹിക്കാം

# Vocational Guidance Centre

The Vocational Guidance Centre, which was started on 20th August 1969, with the purpose of giving information about various opportunities in India and abroad both of Jobs and professions and of Higher Studies and Research, has done commendable service during this academic year. A series of talks were arranged regarding opportunities in various professions. Prof. V. Muhamed (Prof. of Arabic, Farook College) spoke on JOB OPPORTUNITIES FOR STUDENTS OF ARABIC on 17th November 1970. Mr. N. Ramachandran Nair, Lecturer in English, Farook College spoke on OPPORTUNITIES FOR THE STUDENTS OF LITERATURE on 10th January 1970. Mr. Moosa A. Baker, Lecturer in Commerce, Farook College spoke on JOB OPPORTUNITIES FOR STUDENTS OF COMMERCE on 3rd February 1971.

Out of 300 candidates who were registered in the centre, the following 20 got employed in the various Departments of State, Central and Private Services in India. M/s. K. Bharathan, Sub Inspector of Police 2) T. K. Mohan Kumar, Excise Inspector, Trivandrum 3) V. K. Krishnan, Assistant, L. I. C. Coimbatore 4) M. K. Mohamed, Clerk, Corporation of Calicut 5) C. Janardhanan, Clerk Drug Controller Office, Trivandrum 6) M.P. Kunhimohamed, R. T. O. Office, Cannanore 7) V. K Abdul Kader and A. Rajagopal, A. S. M. Gundakkal and Raichoor respectively 9) P. K. Ali, Clerk, Central School, Calicut 10) P. Mohamed Abdurahiman, Federal Bank, Alwaye 11) P. Chandran, Food Corporation, Calicut 12) C. K. Moideen, Canara Bank, Calicut 13) S. Mohamed Ali, Forest Department, Bangalore 14) K. Beeran, Clerk, Kerala Fibre Ltd., Elathur 15) K. P. Mohanan, Clerk, Check Post, Muttingal, Badagara 16) K. Mohamed Rafique, Defence Department, Government of India, New Delhi 17) P. Bhaskaran Nair, Defence Department, Government of India, New Delhi 18) K. K. Radhakrishnan, F. A. C. T., Alwaye 19) Mohamed Abdul Kader, Clerk, Employment Exchange Office, Palghat and 20) C. K. Mohamed, Clerk, Secretriate, Trivandrum.

Detailed information regarding opportunities in India and abroad is being brought into the notice of the students by the Guidance Centre.

### International Students Welfare Board Newyork

One remarkable achievement of the Centre is that out of the seven candidates who have been selected for Higher Studies and Research, by...... M/s. P. Abdul Rahiman, C. P. Aboobacker, C. Damodaran and P. P. Ummer Farooq are from Farook College. They are selected for Higher Studies and Research in the Universities of U. S. A. and Canada respectively.

**P. Mammu**
Director

**

*There are candidates in front of us*
*And candidates to rear,*
*All promising the universe*
*In election year*
*But when they take their offices,*
*And brooms with which to sweep*
*We wonder just how many of*
*Their promises they'll keep*

# യുവലോകം എങ്ങോട്ട്?

*കെ. പി. കുഞ്ഞിമുഹമ്മദ്, I–B.A.*

യുവത്വം – മനുഷ്യജീവിതത്തിലെ അവിസ്മരണീയവും ശബ്ദമയവുമായ കാലഘട്ടമാണത്. ഈ കാലഘട്ടത്തിൽ പ്രതീക്ഷകൾ പൂവണിയുന്നു. മനുഷ്യൻ ആദർശപ്രചോദിതനായി അവയുടെ നിലനില്പിനുവേണ്ടി അഹോരാത്രം പരിശ്രമിക്കുന്നു. ലോങ്ങ്ഫെലോ പാടിയതുപോലെ "യൌവ്വനം എത്ര മനോഹരമാണ്". അത് അയഥാർത്ഥമായ വിശ്വാസത്തോടും, പ്രതീക്ഷകളോടും മധുരസ്വപ്നങ്ങളോടുംകൂടി എന്നുമാത്രം പ്രകാശിക്കുന്നു. അതു തുടക്കങ്ങളുടെ പുസ്തകവും അവസാനമില്ലാത്ത കഥയുമാണ്. ഓരോ യുവതിയും ഒരു നായികയും ഓരോ യുവാവും ഒരു നായകനുമാണ്. "ഞാൻ നിന്നെ ആരാധിക്കുന്നു" എന്നാണ് ആംഗലേയ സാഹിത്യത്തിലെ ഉജ്ജ്വലതാരമായ ഷേക്സ്പിയർ യൌവ്വനത്തോട് പറഞ്ഞത്. 'അചഞ്ചലമായ യുവത്വമേ, സാമ്രാജ്യങ്ങളെ സൃഷ്ടിച്ച വീരയോദ്ധാക്കളെ! പുരോഗതിയെ തടസ്സപ്പെടുത്തുന്ന മഹാമേരുക്കളെ തട്ടിത്തകർത്തുകൊണ്ട് മുന്നോട്ട കുതിക്കുക' എന്നാണ് സാർവ്വദേശീയ മഹാകവിയായ ഇഖ്ബാൽ യുവലോകത്തോട് ആഹ്വാനം ചെയ്തത്. ഇങ്ങനെ കവികളുടേയും കലാകാരന്മാരുടേയും പ്രശംസക്കും സ്തുതിക്കും പാത്രീഭൂതമായ യൗവനം ഉൽക്കർഷത്തിനും കൂടിയുള്ള കാലമാണ്.

ഏതൊരു സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ജീവനിൽ ജീവനായ യുവലോകം അസ്വാസ്ഥ്യങ്ങളുടെ ചുടലക്കളമായി മാറിയാൽ അതു പുരോഗതിയുടെ പാതയിലുള്ള ഏറ്റവും വലിയ തടസ്സമായിരിക്കും. ആധുനികലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഗൗരവതരമായ ഒരു പ്രശ്നമാണത്. ഈ പ്രശ്നം അപരിഹാര്യമാണോ? ലോകത്തിലെ ചിന്തകന്മാർ ഗൗരവതരമായി ഇതിനെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കയാണ്. യുവലോകത്തെ അസ്വസ്ഥതയുടെ നീർച്ചുഴിയിൽനിന്നു രക്ഷിക്കുന്നതിൽ ഭരണാധികാരികളും സമൂഹനേതാക്കളും ദയനീയമാംവിധം പരാജയപ്പെട്ടിരിക്കുന്നു.

എല്ലാവിധ സനാതന തത്വങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് യുവലോകം ലക്ഷ്യബോധമില്ലാതെ മുന്നോട്ട നീങ്ങുകയാണ്. മതങ്ങളും വേദഗ്രന്ഥങ്ങളുമെല്ലാം അവരുടെ ദൃഷ്ടിയിൽ വെറും പ്രാചീനങ്ങളായ ആചാരവൈകൃതങ്ങളാണ്. അവരുടെ ഭാഷയിൽപ്പറഞ്ഞാൽ മതങ്ങളും സനാതനതത്വങ്ങളുമെല്ലാം ഈ ചാന്ദ്രികയുഗത്തിൽ വെറും അനാവശ്യങ്ങളാണ്. ജീവിതസൗഖ്യത്തിന്നു പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് കുതിക്കുന്ന ശാസ്ത്രംമാത്രം മതിയെന്നു് അവർ അവകാശ

പ്പെടുന്നു. ദേവാലയങ്ങളുടെയും പുണ്യസ്ഥലങ്ങളുടേയും സ്ഥാനം 'നൈറ്റ്ക്ലബ്ബ്കൾ' പിടിച്ചെടുത്തു. മദ്യത്തിന്റെയും മദിരാക്ഷിയുടെയും അടിമയായി ആധുനിക യുവാവ് അധഃപതിച്ചിരിക്കുന്നു. ഒരു മനോഹരിയായ പെണ്ണിന്റെ പുഞ്ചിരിക്കുമുന്നിൽ ജീവിതംതന്നെ ബലിയർപ്പിക്കാൻ ആധുനിക യുവാവ് മടിക്കുന്നില്ല. "വിസ്കി"യും "ബ്രാണ്ടി"യും സൃഷ്ടിച്ച കൃത്രിമ മയക്കത്തിൽ ലയിച്ചിരുന്നുകൊണ്ട് നഗ്നത മുഴുവൻ പ്രദർശിപ്പിച്ചുകൊണ്ട് നർത്തനമാടുന്ന സുന്ദരാംഗിയുടെ അംഗലാവണ്യം നോക്കി രസിക്കുമ്പോൾ അവൻ ഒരു നിമിഷത്തേക്ക് അവനുൾക്കൊള്ളുന്ന ലോകത്തെത്തന്നെ മറക്കുകയാണ്. ആധുനിക യുവതിയാകട്ടെ തന്റെ അവയവസൗന്ദര്യം പുറത്തുകാട്ടി യുവാക്കളുടെ നിമ്നവികാരങ്ങളെ ഉണർത്തി വിടാനുള്ള എല്ലാ കുതന്ത്രങ്ങളും പ്രയോഗിക്കുന്നു. മിനിഗൗണുകൾ ധരിച്ച് അവയവങ്ങളിൽ ചായമിട്ട് അവൾ പാർക്കിലും ബീച്ചിലും പ്രത്യക്ഷപ്പെടുന്നു. പൗരാണികവനിതകൾ വിലമതിച്ചിരുന്ന പലതും അവൾ നൈമിഷികാനന്ദത്തിനുവേണ്ടി തന്റെ ഇഷ്ടകാമുകന് സമർപ്പിക്കുന്നു. ലക്ഷ്യബോധമില്ലാത്ത യുവതലമുറ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളാണിവയെല്ലാം. നൈമിഷികാനന്ദത്തിനുവേണ്ടി എന്തും ബലികഴിക്കാൻ യുവലോകത്തിനു മടിയില്ല.

പുരോഗതിയുടെ ഉത്തുംഗതലത്തിൽ വിഹരിക്കുന്ന രാജ്യങ്ങളിലാണ് കൂടുതൽ അസ്വാസ്ഥ്യങ്ങൾക്കടിമപ്പെട്ട യുവാക്കളെ നമുക്കു കാണാൻ കഴിയുന്നത്. ഉദാഹരണമായി പാശ്ചാത്യരാജ്യങ്ങളിൽ കാണുന്ന ഹിപ്പികളെയെടുക്കാം. ജീവിതത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളിൽ നിന്നും മോചനംതേടി L.S.D. നിർമ്മിച്ചുമായി ലോകത്തിൽ വിഹരിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണിവർ. "വലിയവരു"ടെ ആദർശസിദ്ധാന്തങ്ങളിൽ അവർക്ക് വിശ്വാസമില്ല. "സമാധാനത്തെപ്പറ്റി പുരപ്പുറത്തുകേറി പ്രസംഗിക്കുന്നവർ അയൽരാജ്യത്തിനെതിരെ മെഷീൻഗണ്ണുകൾ അണിനിരത്തുന്നു. സദാചാരത്തിന്റെ സന്ദേശവാഹകരെന്നഭിമാനിക്കുന്നവർ അയലത്തെ പെണ്ണിന്റെ ചുണ്ടിൽനിന്നും ഒരു പുഞ്ചിരി തട്ടിയെടുക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ യാതൊന്നിലും ഞങ്ങൾക്കു വിശ്വാസമില്ലെന്നു" ഹിപ്പികൾ പറയുന്നു. അമേരിക്കയെപ്പോലുള്ള സമ്പന്നരാജ്യങ്ങളാണ് ഇവരുടെ വലിയ താവളങ്ങളെന്നറിയുമ്പോൾ ഒരു കാര്യം നമുക്കു തീർച്ചയായും അനുമാനിക്കാൻ സാധിക്കും. അതായത് സാമ്പത്തികപ്രശ്നങ്ങളല്ല ഈ അസ്വാസ്ഥ്യങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന ശക്തിയെന്ന്.

ഇന്നു അസ്വാസ്ഥ്യത്തിന് അടിമപ്പെട്ട പാശ്ചാത്യരാജ്യങ്ങളിലെ യുവലോകം പൗരസ്ത്യരാജ്യങ്ങളിലേക്കു ഒഴുകുകയാണ്. സമ്പന്നതയുടെ മടിത്തട്ടിൽ ജനിച്ച് സമ്പന്നതയുടെ തഴുകലേറ്റു വളർന്ന അമേരിക്കയിലേയും മറ്റു പാശ്ചാത്യനാട്ടുകളിലേയും യുവാക്കൾ ഇന്ത്യയെപ്പോലുള്ള ഒരു അവികസിതരാഷ്ട്രത്തിലേക്കു സമാധാനവും തേടിവരുന്നതെന്തിന്? മനുഷ്യബുദ്ധി ഇന്നേവരെ നേടിയിട്ടുള്ള എല്ലാ സുഖസൗകര്യങ്ങളും ലഭ്യമായിട്ടുള്ളവർ ഭീകരങ്ങളായ വനാന്തരങ്ങളിൽ തപസ്സുചെയ്യുന്ന ആചാര്യന്മാരുടെ ഉപദേശങ്ങൾക്കുവേണ്ടി ദാഹിക്കുന്നതെന്തിന്? സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കൊരു കാര്യം മനസ്സിലാക്കാൻ കഴിയും. ആദ്ധ്യാത്മികത ഉൾക്കൊള്ളാനുള്ള അവരുടെ ആത്മാവിന്റെ അടങ്ങാത്ത ദാഹമാണ് അവരെ ഇതിനു പ്രേരിപ്പിക്കുന്നത്. വെറും ഭൗതികസുഖങ്ങൾ മാത്രം മനുഷ്യമനസ്സിനു സ്വസ്ഥത നല്കുകയില്ല. ആദ്ധ്യാത്മികമൂല്യങ്ങൾക്കുമാത്രമേ മനുഷ്യന്റെ ആത്മാവിനു ശാന്തിയും സമാധാനവും നല്കുവാൻ കഴിയുകയുള്ളൂ. അസ്വസ്ഥതയുടെ നീർച്ചുഴിയിൽപെട്ടുഴലുന്ന യുവലോകത്തിനു കരണീയമായിട്ടുള്ളത് ആദ്ധ്യാത്മികതത്ത്വങ്ങളിലധിഷ്ഠിതമായ ഒരു ജീവിതം കെട്ടിപ്പടുക്കൽ മാത്രമാണ്.